# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമങ്ങാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/MI/ 1634/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 05/02/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നെടുമങ്ങാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഉ.പ.സ.)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
3. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. കാര്യാലയ പകർപ്പ്

നമ്പർ: KSA/TVM/MI/ 1634/2023 തീയ്യതി: 05/02/2024

## തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 107 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ .ജി | ജോയിന്റ് ഡയറക്ടർ | 24-07-2023 | 02-08-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-07-2023 | 02-08-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലതാകുമാരി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ലിഷ.കെ.വി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ബിന്ദു.ഒ, ഓഡിറ്റ് ഓഫീസർ

ശ്രീ.ജോസ്.ഡബ്ല്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സജേഷ്.ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശാലിനി.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീജിത്ത്.എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (PEN- 419889)

ശ്രീമതി കല.പി, ഓഡിറ്റർ

ശ്രീ.രഞ്ജിത്ത്.സി, ഓഡിറ്റർ

ശ്രീ.ജിജോ.ജെ.നായർ, ഓഡിറ്റർ (24.07.2023 മുതൽ 30.07.2023 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ശ്രീജ. സി.എസ്. | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ സജീം. എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദുൽ സജീം. എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. കവിത. പി.വി. | എസ്.സി. ഡെവലപ്മെന്റ് ഓഫീസർ Gr.II | 01-04-2022 | 31-03-2023 |
| ശ്രീമതി റാണി ആർ. ചന്ദ്രൻ | പ്രിൻസിപ്പൽ | 01-04-2022 | 11-09-2022 |
| ശ്രീമതി നീന | പ്രിൻസിപ്പൽ | 12-09-2022 | 31-03-2023 |
| ശ്രീമതി വിദ്യ. എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജൻ. റ്റി. | പ്രോജക്ട് ഓഫീസർ | 01-04-2022 | 19-11-2022 |
| ശ്രീ. മനോജ്. എം. | പ്രോജക്ട് ഓഫീസർ | 20-11-2022 | 31-03-2023 |
| ഡോ. ശോഭചന്ദ്രൻ | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2022 | 23-02-2023 |
| ഡോ. അനുപമ | ഹോമിയോ മെഡിക്കൽ ഓഫീസർ | 23-02-2023 | 31-03-2023 |
| ശ്രീമതി സൗമ്യ എ.ബി. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സരിത വിജയൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 04-08-2022 |
| ഡോ. സീമ. ജെ. | സീനിയർ വെറ്ററിനറി സർജൻ | 05-08-2022 | 31-03-2023 |
| ശ്രീമതി സരിത വിജയൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ.ബാബുരാജ്.സി.എസ് | ഹെൽത്ത് ഓഫീസർ | 01-04-2022 | 04-05-2022 |
| ശ്രീ.രാജൻ.റ്റി | ഹെൽത്ത് ഓഫീസർ (ഇൻ-ചാർജ്ജ്) | 05-05-2022 | 12-05-2022 |
| ശ്രീ.ബിജു.ബി.പി | ഹെൽത്ത് ഓഫീസർ | 13-05-2022 | 15-09-2022 |
| ശ്രീ.അജയകുമാർ.ബി | ഹെൽത്ത് ഓഫീസർ | 15-09-2022 | 31-03-2023 |
| അനോജ്കുമാർ.പി.ആർ | അസി.എഞ്ചിനീയർ | 01-04-2022 | 03-09-2022 |
| | | 01-04-2022 | 18-11-2022 |
| ജീവൻ.പി | അസി.എഞ്ചിനീയർ | 19-11-2022 | 31-03-2023 |
| ശ്രീമതി സുനിമോൾ പി. | അഗ്രി. ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സ്മിത എസ്. നായർ | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2022 | 28-02-2023 |
| ഡോ. ബിനോദ് കുമാർ | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-03-2023 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു. | 1-1-3 |
| 5 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി മാത്രം Provision രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനായിട്ടില്ല | 1-1-8 |
| 10 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ് മെന്റ്/ബാങ്ക് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശം പരിശോധിക്കാനായിട്ടില്ല. | 1-1-10 |
| 12 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല | 1-1-12 |
| 14 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രഡിറ്റ് ആയില്ല. തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച | 1-1-13 |
| 15 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-14 |
| 16 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-15 |
| 17 | ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-16 |
| 18 | തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചിട്ടുള്ള കണക്കുകൾ വിശദീകരിച്ചിട്ടുള്ള B1 ഷെഡ്യൂൾ ബാലൻസ് ഷീറ്റിലെ B1 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിലെ വരവ് എ.എഫ്.എസും ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | RP 40(b) പ്രകാരമുള്ള ക്യാഷ് ബാലൻസ് നീക്കിയിരിപ്പിന്റെ കൃത്യത ക്യാഷ്ബുക്ക് ലഭ്യമാക്കാത്തതിനാൽ ഉറപ്പാക്കാനായിട്ടില്ല. | 1-1-19 |
| 21 | മറ്റ് അപാകതകൾ | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | ബജറ്റ് സംക്ഷിപ്തം | 1-2-1 |
| 24 | ബജറ്റ് രൂപീകരണം | 1-2-2 |
| 25 | ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-3 |
| 26 | ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തതായും, ബജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ ചെലവ് ചെയ്തതായും, ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്യാത്തതായും കാണുന്നു | 1-2-4 |
| 27 | സാമ്പത്തിക വിശകലനം | 1-3 |
| 28 | ഗ്രാന്റ് യൂട്ടിലൈസേഷൻ | 1-4 |
| 29 | പദ്ധതി അവലോകനം | 1-5 |
| 30 | ക്ഷേമ പദ്ധതികൾ | 1-6 |
| 31 | സാമൂഹ്യ സുരക്ഷാപെൻഷൻ | 1-6-1 |
| 32 | മരണ ശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. | 1-6-2 |
| 33 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 34 | കണക്കിൽപ്പെടുത്താതെ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന തുകയുമായി ബന്ധപ്പെട്ട തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-7-1 |

| | | |
|---|---|---|
| 35 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 36 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് വിവരം | 1-9 |
| 37 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-9-1 |
| 38 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിപ്രവർത്തനങ്ങൾ സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശാനുസരണം സംയോജിപ്പിക്കേണ്ടതാണ് | 1-9-2 |
| 39 | മരങ്ങളുടെ ലേലം ഇനത്തിലെ വരവ് വിവരം ലഭ്യമാക്കിയിട്ടില്ല | 1-10 |
| 40 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകങ്ങൾ | 1-11 |
| 41 | വരവിനങ്ങളുടെ പരിശോധന- ഫയലുകളും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിൽ അലംഭാവം | 1-12 |
| 42 | തൊഴിൽ നികുതി -അപാകങ്ങൾ | 1-13 |
| 43 | വിനോദനികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-14 |
| 44 | വസ്തു നികുതി -അപാകങ്ങൾ | 1-15 |
| 45 | വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയ കെട്ടിടങ്ങളിൽ സഞ്ചയയിൽ വ്യത്യസ്തമായ ഉപയോഗക്രമം. | 1-15-1 |
| 46 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-15-2 |
| 47 | ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തു | 1-15-3 |
| 48 | ഡിമോളിഷ്ഡ് ബിൽഡിംഗ് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകി | 1-15-4 |
| 49 | സഞ്ചയ അപാകത- പരിഹരിച്ചിട്ടില്ല | 1-15-5 |
| 50 | എസ്.യു.ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസ്- മരാമത്ത് സ്ഥിരം സമിതിയുടെ തീരുമാനത്തിൻമേലുള്ള തുടർനടപടി വിവരം ലഭ്യമാക്കിയില്ല | 1-15-6 |
| 51 | റവന്യൂ വരവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-15-7 |
| 52 | സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല | 1-15-8 |
| 53 | വിമുക്തഭടൻമാർക്ക്- വസ്തുനികുതി ഇളവ്- അപാകതകൾ | 1-15-9 |
| 54 | വസ്തു നികുതി അവലോകനം | 1-15-10 |
| 55 | കെട്ടിടങ്ങളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് -അപേക്ഷ ക്രമപ്രകാരമല്ല – കാലതാമസം ഒഴിവാക്കണം | 1-16 |
| 56 | അനധികൃത നിർമ്മാണം -നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കണം | 1-16-1 |
| 57 | വാണിജ്യം റെസിഡൻഷ്യൽ വേർതിരിവില്ലാതെ പെർമിറ്റ് ഫീസ് കണക്കാക്കൽ -നഗരസഭ ഫണ്ടിൽ നഷ്ടം | 1-16-2 |
| 58 | ഫയലുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച | 1-16-3 |
| 59 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 2022-23 ലെ കുടിശ്ശിക - രൂപ 2917662/- | 1-17 |
| 60 | പുതിയ വരുമാനമേഖല - തുടർനടപടി സ്വീകരിച്ചിട്ടില്ല | 1-18 |
| 61 | ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്തുനൽകാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല – തനത് ഫണ്ടിന് വൻ തുക നഷ്ടപ്പെടുന്നു | 1-19 |
| 62 | ഇരിഞ്ചിയം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഒഴിഞ്ഞതുകാരണം വാടകയിനത്തിലെ നഷ്ടം - രൂ.20916/- | 1-20 |
| 63 | തെരുവ് നായകൾക്ക് -പരിപാലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. | 1-21 |
| 64 | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -- 1064059/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 65 | താലൂക്ക് ഹോസ്പിറ്റൽ --പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-23 |
| 66 | ഭവന പുനരുദ്ധാരണത്തിന് ധനസഹായം കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 67 | മാലിന്യ നിർമ്മാർജ്ജനം-അപാകങ്ങൾ | 1-25 |
| 68 | KIFB- തുക റീക്കുപ്പ് ചെയ്തു കിട്ടാൻ നടപടി സ്വീകരിക്കണം | 1-26 |
| 69 | പാർട്ട് ബിൽ തുകകളിൽ നിന്ന് റീ-ടെൻഷൻ തുക ഈടാക്കിയില്ല. | 1-27 |
| 70 | ജനറൽ കമ്മിറ്റി -മിനിട്സ് അപൂർണ്ണം | 1-28 |
| 71 | വാഹന ഉപയോഗം-അപാകങ്ങൾ | 1-29 |
| 72 | ഇ ടെണ്ടർ ഫോറം വില - നഗരസഭയുടെ തനതുഫണ്ടിൽ ഒടുക്കു വരുത്തി വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 73 | ഡെപ്പോസിറ്റ് വർക്കുകൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-31 |

| | | |
|---|---|---|
| 74 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-32 |
| 75 | ശാന്തി തീരം-ഗ്യാസ് ഉപഭോഗം നിരീക്ഷിക്കാൻ മീറ്റർ സ്ഥാപിക്കണം | 1-33 |
| 76 | തെരുവ് വിളക്ക പരിപാലനം-ഫലപ്രദമായില്ല. | 1-34 |
| 77 | ഷ്രെഡ്ഡിംഗ് ബയലിംഗ് മെഷീൻ യൂണിറ്റ് - ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 208176 രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 78 | സക്കിംഗ് മെഷീൻ എത്രയും വേഗം ഉപയോഗക്ഷമമാക്കണം | 1-36 |
| 79 | ലാൻഡ് സ്കേപ്പിംഗ് പരിപാലനം - തുക ചെലവഴിച്ചതിലെ പൊരുത്തക്കേട് | 1-37 |
| 80 | ഹരിതസഹായ സ്ഥാപനം - കരാർ പ്രകാരമുള്ള ചുമതലകൾ നിറവേറ്റിയിട്ടില്ല | 1-38 |
| 81 | ശുചീകരണ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-39 |
| 82 | തുമ്പൂർമുഴി കെയർടേക്കർ വേതനം - ആധികാരിക രേഖകൾ ലഭ്യമാക്കിയില്ല | 1-40 |
| 83 | ബയോകമ്പോസ്റ്റർ ബിൻ വിതരണ പ്രോജക്ടുകൾ - വിതരണ രേഖകൾ ലഭ്യമല്ല | 1-41 |
| 84 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രോജക്ട് ചെലവിലെ അവ്യക്തത – ലാപ് ടോപ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-42 |
| 85 | ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമുള്ള പർച്ചേസ് - ടെണ്ടർ നടപടികളിലെ അപാകതകൾ | 1-43 |
| 86 | ഫെൻസിംഗ് നിർമ്മാണം - 1500000/- രൂപയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-44 |
| 87 | ലിറ്റർബിൻസ് എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന് വ്യക്തതയില്ല | 1-45 |
| 88 | വനിതകൾക്കുള്ള ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-46 |
| 89 | അതി ദരിദ്രർക്ക് സേവനം എത്തിക്കൽ– ചെലവു രേഖകൾ ലഭ്യമല്ല- 78399 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-47 |
| 90 | അഗതി രഹിത കേരളം പദ്ധതി- രേഖകൾ പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്. | 1-48 |
| 91 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല | 1-49 |
| 92 | പി എം എ വൈ പദ്ധതി -അവലോകനം | 1-50 |
| 93 | പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം - തുക ചെലവഴിച്ചതിന് രേഖയില്ല | 1-51 |
| 94 | ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല | 1-52 |
| 95 | ആർ.ആർ.എഫ് യൂണിറ്റിലേയ്ക്കുള്ള പർച്ചേസ് - അടങ്കൽ തുകയേക്കാൾ അധികം ചെലവഴിച്ചിരിക്കുന്നു | 1-53 |
| 96 | ട്രൈസൈക്കിൾ വീൽബാരോ വാങ്ങൽ - ചെലവ് സംബന്ധിച്ച് വ്യക്തതയില്ല | 1-54 |
| 97 | വയോക്ളബ്ബ് പ്രവർത്തനങ്ങൾ–പദ്ധതി മാർഗ്ഗരേഖക്കു വിരുദ്ധമായി കെയർ ടേക്കർമാർക്ക് ഓണറേറിയം ഇനത്തിൽ 461500 രൂപ അധികം തുക അനുവദിച്ചു-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | 1-55 |
| 98 | ആരോഗ്യ സബ് സെന്ററുകളിലേയ്ക്കുള്ള മരുന്ന് വാങ്ങൽ–മരുന്നുകൾ ലഭ്യമാകാൻ കാലതാമസം . | 1-56 |
| 99 | ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. | 1-57 |
| 100 | നഗസഭാ പ്രദേശത്തെ വീടുകളിലെ വനിതകൾക്ക് തേനീച്ച കൃഷി - രൂ.31700 തടസ്സപ്പെടുത്തുന്നു. | 1-58 |
| 101 | വന്യമൃഗ ശല്ല്യം പരിഹരിക്കുന്നതിനുള്ള സോളാർ വേലി പദ്ധതി - രൂ.123250/- തടസ്സപ്പെടുത്തുന്നു | 1-59 |
| 102 | വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ - അപാകതകൾ നിലനിൽക്കുന്നു - ചെലവ് തുക 231384 – തടസ്സം ചെയ്യുന്നു | 1-60 |
| 103 | ആയുഷ് ആയുർവ്വേദ മർമ്മ സിദ്ധ ആശുപത്രിയിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ – അധിക തുക നൽകി -38968 /- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-61 |
| 104 | SBM Convergence - പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി ചെലവ് നിർവ്വഹിച്ചു | 1-62 |
| 105 | പൂവത്തൂർ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ – അപാകതകൾ 24,99,999/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-63 |
| 106 | പ്രോജക്ട് ചെലവ് തുകയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-64 |
| 107 | അക്കാദമിക്ക് കൗൺസിൽ പദ്ധതി- ചെലവുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ തുക അനുവദിച്ചിരിക്കുന്നു- 11920/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-65 |
| 108 | ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-66 |
| 109 | ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടത്തിയിരിക്കുന്നു. | 1-67 |
| 110 | വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം പദ്ധതിയുടെ ചെലവുകളുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-68 |
| 111 | എൻ യു എൽ എം - ചെലവു രേഖകൾ ലഭ്യമാക്കിയില്ല. | 1-69 |

| | | |
|---|---|---|
| 112 | യു ഐ ഡി എസ് എസ് എം ടി ഫണ്ടിന്റെ ബാങ്ക് അക്കൌണ്ട് - വരവ്,ചെലവ്, നീക്കിയിരുപ്പ് - സംബന്ധിച്ച വിവരങ്ങളിൽ വ്യക്തതയില്ല | 1-70 |
| 113 | അമൃത് പദ്ധതി -പ്രവർത്തനം ആരംഭിച്ചില്ല | 1-71 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരം | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടി വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.06.2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 30.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :

തീയതി : സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 വാർഷിക കണക്കിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല. ഉദാ. അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ, അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകളിലും ധനകാര്യപത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ അക്കൗണ്ട് നടപടികളിൽ പിന്തുടർന്നിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻന്റേഡുകൾ, അക്കൗണ്ടിംഗ് റൂളുകൾ അക്കൗണ്ടിംഗ് സിദ്ധാന്തങ്ങൾ/ കീഴ്‌വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.7.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല
ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന I & E Statement ന്റെ Abstract ൽ I 17 (A) ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഷെഡ്യൂളിൽ ആയത് ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.7.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-3 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി

**രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു.**

കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു.

ബാങ്ക് ഓഫ് ബറോഡ 165 Online Payment എന്ന അക്കൗണ്ടിന്റെ RP 40(b) പ്രകാരമുള്ള 2021-22 വർഷത്തെ നീക്കിയിരിപ്പ് 1388891/- രൂപ ആണ്. എന്നാൽ RP 40(a) പ്രകാരം പ്രസ്തുത അക്കൗണ്ടിലെ തൻവർഷത്തെ മുന്നിരിപ്പ് 1389296/- രൂപ ആണ്.

**1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.**

തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.
ഉദാ :- ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിക്ഷേപം നടത്തിയ സ്ഥാപനം | പ്രോജക്റ്റ് (സുലേഖ പ്രകാരം) നം. | ചെലവു തുക (സുലേഖ പ്രകാരം) | A.F.S പ്രകാരം(R-41) |
|---|---|---|---|
| വാട്ടർ അതോറിറ്റി | ഗാർഹിക ആവശ്യത്തിന് കുടിവെള്ള പൈപ്പ് ലൈൻനീട്ടിപ്പിക്കൽ (320/23) | 2499996 | 7216971 |
| | പൈപ്പ് ലൈൻ നീട്ടൽ (446/23) | 4704996 | |
| | പരിയാരം പുനരധിവാസ കോളനിയിൽ കുടിവെള്ളം എത്തിക്കൽ (335/23) | 200000 | |
| | ചാമവിള എസ്.സി കമ്മ്യൂണിറ്റി ഹാളിൽ പൈപ്പ് ലൈൻ നീട്ടൽ (321/23) | 200000 | |
| | പരിയാരം ഇലവിൻകുഴി പുനരധിവാസ കോളനിയിൽ കുടിവെള്ളമെത്തിക്കൽ (393/23) | 100000 | |
| | കാരിയോട്ടുമുകൾ കുടിവെള്ള പദ്ധതി (101/23) | 519119 | |
| കെ.എസ്.ഇ.ബി | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (240/23) | 206493 | 0 |
| ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് | കിള്ളിയാർ ശുചീകരണവും അനുബന്ധ പ്രവൃത്തികളും (351/23) | 1500000 | 0 |
| | നഗരസഭ ടർഫ് നിർമ്മാണം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ഡെപ്പോസിറ്റ് നൽകൽ (436/23) | 1531561 | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | 3,5,20,25,27,34,35 എന്നീ വാർഡുകളിൽ കിണർ ആഴം കൂട്ടി മോട്ടോർ ഘടിപ്പിച്ച് | 1983456 | 0 |

| | | | |
|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടി വീടുകളിൽ കുടിവെള്ളം എത്തിക്കൽ (92/23) | | |

### 1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല

വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല.

A. ആസ്തി രജിസ്റ്റർ

B. B-7 പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാനുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.7.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ:- വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

### 1-1-7 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല.

### 1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി മാത്രം Provision രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനായിട്ടില്ല

B-21 Provisions ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള Provision (5,86,180/-) ന്റെ ആധികാരികത പരിശോധിക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, പ്രൊവിഷൻ രേഖപ്പെടുത്തിയ ജേണൽ വൗച്ചർ, ആയത് കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, പ്രൊവിഷന്റെ ലഡ്ജർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.7.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-9 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല

B-13 Schedule പ്രകാരമുള്ള Investments-Other Funds ലെ Central Government Securities-Special Funds ലെ നീക്കിയിരിപ്പിന്റെ (35,12,230/-) വിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-10 ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ് മെന്റ്/ബാങ്ക് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശം പരിശോധിക്കാനായിട്ടില്ല.

താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ് മെന്റ്/ബാങ്ക് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശം പരിശോധിക്കാനായിട്ടില്ല.

| ബാങ്ക് അക്കൗണ്ട് നമ്പർ | RP 40(b) പ്രകാരമുള്ള തുക | റിമാർക്സ് |
|---|---|---|
| ബാങ്ക് ഓഫ് ബറോഡ 44980200000014 | 25059357 | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| ബാങ്ക് ഓഫ് ബറോഡ 165 | 4354346 | ഓൺലൈൻ പേമെന്റിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| Trivandrum DCB 115540203212012000001 | 567482 | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| Bank Of Baroda 8955 | 13494275 | Health Grant ന്റെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| Treasury 312 | 20377 | ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| Treasury 8448 | 1404054 | ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| Canara Bank 2928 | 149055 | Relief Fund – ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| ICICI Suchithwa Mission-785 | 17640 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| Federal Bank-Auegs-6149 | 2252 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-11 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ്(രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | ഡിമാന്റ് (എ.എഫ്.എസ് പ്രകാരം) | കളക്ഷൻ(രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | കളക്ഷൻ (എ.എഫ്.എസ് പ്രകാരം) | ബാലൻസ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | ബാലൻസ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|---|---|
| തൊഴിൽ നികുതി - ജീവനക്കാർ തൻവർഷം) | 13146543 | 13333093 | 13146543 | 13146543 | 0 | 0 |
| തൊഴിൽ നികുതി സ്ഥാപനം(തൻവർഷം) | 17115428 | 3000000 | 15543570 | 1967248 | 1571858 | 1032752 |
| ലൈസൻസ്(തൻവർഷം) | 1194025 | 1400000 | 1130100 | 577281 | 50500 | 5474 |
| കെട്ടിട നികുതി(തൻവർഷം) | 108758184 | 32500000 | 336274 | 16742055 | 15462698 | 16547538 |
| കെട്ടിട നികുതി (അരിയർ) | 76859318 | 37456296 | 12202936 | 11808053 | 66008193 | 25059014 |

## 1-1-12 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല

എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.
Canara Bank 2928- Relief Fund, ICICI Suchithwa Mission-785, Federal Bank-Auegs-6149 എന്നിവയുടെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/ 26.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-13 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രഡിറ്റ് ആയില്ല. തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച

സൗത്ത് ഇൻഡ്യൻ ബാങ്ക്-തൊഴിൽ നികുതി ഓൺലൈൻ 850 എന്ന അക്കൗണ്ടിന്റെ മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ

പത്രികയിൽ Cheque Deposited But Not Credited എന്ന ഇനത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ക്യാഷ് ചെയ്യാത്ത (കാലാവധി കഴിഞ്ഞ) ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. ടി ചെക്കു പ്രകാരമുള്ള തുകകൾ Stale Cheque എന്ന ഗണത്തിലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനുതകുന്ന രേഖകൾ ലഭ്യമാക്കിയില്ല. ചുവടെ ചേർക്കുന്ന പട്ടികയിൽ ചേർത്തിട്ടുള്ള Dishonour ആയ ചെക്കുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| ബാങ്ക് അക്കൗണ്ട് | വൗച്ചർ നം. തീയതി | ചെക്ക് നം. | തുക |
|---|---|---|---|
| സൗത്ത് ഇൻഡ്യൻ ബാങ്ക് - തൊഴിൽ നികുതി 850 | 121010500148/22.2.2022 | 021346/22.2.2022 | 13750 |
| | 121010500149/22.2.2022 | 021346/22.2.2022 | 1250 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല

ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകകൾ രസീത് നൽകി കണക്കിലെടുത്തില്ല.

| ബാങ്ക് അക്കൗണ്ട് | ബാങ്കിൽ വരവു വന്ന തീയതി | തുക |
|---|---|---|
| കാനറാ ബാങ്ക് 2161 | 31.01.2022 | 2170 |
| ബാങ്ക് ഓഫ് ഇന്ത്യ 2233- Nutritious Programme | 07.02.2022 | 17384 |
| | 19.03.2022 | 891506 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.07.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-15 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ Directly Debited By Bank എന്ന ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | ബാങ്കിൽ വരവ് വന്ന തീയതി | തുക |
|---|---|---|
| കാനറാ ബാങ്ക് 2161 | 3.12.2021 | 59 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 240 | 12.3.2022 | 649 |

പ്രസ്തുത തുകകൾ ഏതെല്ലാം ഇനങ്ങളിലാണ് Debit ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-16 ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

ICICI 15 Th CFC-230 എന്ന ബാങ്ക് അക്കൗണ്ടിന്റെയും (-113330/- രൂപയുടേയും) Treasury LGTSB 487 എന്ന അക്കൗണ്ടിന്റെയും (-35875/- രൂപയുടേയും) ബാങ്ക് ബുക്കുകളിൽ 31.03.2023 തീയതിയിൽ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-17 തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചിട്ടുള്ള കണക്കുകൾ വിശദീകരിച്ചിട്ടുള്ള B1 ഷെഡ്യൂൾ ബാലൻസ് ഷീറ്റിലെ B1 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്കുകൾ വിശദീകരിച്ചിട്ടുള്ള B1 ഷെഡ്യൂളിൽ Excess Of Income Over Expenditure ബാലൻസ് ഷീറ്റിലെ B1, ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്കുകൾ ഉൾപ്പെടുത്തിയ B1 ഷെഡ്യൂളിൽ Excess Of Income Over Expenditure ൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക 160331414.73 രൂപയാണ്. എന്നാൽ മുൻവർഷത്തെ പ്രസ്തുത ഇനത്തിലെ നീക്കിയിരിപ്പ് 160331819.73 രൂപയാണ്.

## 1-1-18 സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിലെ വരവ് എ.എഫ്.എസും ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്ററുമായി പൊരുത്തപ്പെടുന്നില്ല

രജിസ്റ്റർ പ്രകാരം 2022-23 വർഷത്തിൽ സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിൽ 2367637/- രൂപയാണ് വരവായി വരേണ്ടിയിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ RP-7 Income From Investments ഷെഡ്യൂളിലെ Interest On Fixed Deposit ഇനത്തിൽ 2492106/- രൂപയാണ് വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-1-19 RP 40(b) പ്രകാരമുള്ള ക്യാഷ് ബാലൻസ് നീക്കിയിരിപ്പിന്റെ കൃത്യത ക്യാഷ്ബുക്ക് ലഭ്യമാക്കാത്തതിനാൽ ഉറപ്പാക്കാനായിട്ടില്ല.

RP-40(b) പ്രകാരം ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് 932399/- രൂപയാണ്. എന്നാൽ 31.3.2023 ലെ Account Headwise Consolidation Report, ഡേബുക്ക് എന്നിവ പ്രകാരം ക്യാഷ്ബാലൻസ് 932409/- രൂപയാണ്. ക്യാഷ് ബുക്ക് പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP40(b) പ്രകാരമുള്ള ക്യാഷ് ബാലൻസിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-1-20 മറ്റ് അപാകതകൾ

1. താഴെപ്പറയുന്ന വരവുകൾ എ.സി.ആറും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക (RP 6, RP 24) |
|---|---|---|
| വികസനഫണ്ട് എസ്.സി.പി | 19802787 | 19010363 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 23163507 | 19853703 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 20183443 | 15635862 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 39865557 | 26111781 |
| വികസനഫണ്ട് (ജനറൽ) | 54975034 | 49353063 |
| ധനകാര്യകമ്മീഷൻ (ബേസിക് ഗ്രാന്റ്) | 24594421 | 13672262 |

2. I-18 Prior Period Items ഷെഡ്യൂൾ പ്രകാരംPrior Period Income -Profession Tax- ഇനത്തിൽ 2000/- രൂപയും Prior Period Income Property Tax (General ) - 3846/- രൂപയും Prior Period Income -Licence Fees ഇനത്തിൽ 998890/- രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (ആയത് പോസിറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു). കൂടാതെ Prior Period- Programme Expenses ഇനത്തിൽ 1655787/- രൂപയും Prior Period – Revenue Grant &Contributions ഇനത്തിൽ 395405/- രൂപയും ചെലവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (ആയത് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു). ലെഡ്ജർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത ഉറപ്പാക്കിയിട്ടില്ല.

3. B-2 ഷെഡ്യൂൾ പ്രകാരമുള്ള Mayors/Chairmans Distress Relief Fund Sinking Fund ന്റെ നീക്കിയിരിപ്പിന്റെ വിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. താഴെപ്പറയുന്ന ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ്/ വരവ് വിശദാംശം പരിശോധിക്കുന്നതിനായി ലഡ്ജർ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടില്ല.

| ഹെഡ്സ് കോഡ് | തുക |
|---|---|
| 320100100 | 19222349 |
| 350200209 | 22647 |
| 350200301 | 324893 |
| 350209900 | 17435 |
| 350300400 | 302203 |
| 350300820 | 42627 |
| 350200121 | 100 |
| 350200125 | (13137) |
| 350200199 | 134321 |
| 350200214 | 5661 |
| 350200215 | 4358 |
| 350200199 | 134321 |
| 350200214 | 5661 |
| 160100500 | 29678000 |
| 160101100 | 390000 |
| 160101200 | 31400 |
| 160109900 | 20083828 |
| 160200100 | 1703182 |
| 320100100 | 34410231 |
| 320200106 | 7895392 |
| 320500100 | 120 |
| 320801000 | 147700 |
| 320802000 | 450000 |
| 460100100 | 7500 |

5. അഡ്വാൻസ് രജിസ്റ്റർ പ്രകാരം Miscellaneous Advance ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 867949/- രൂപയാണ്. എന്നാൽ എ.എഫ്.എസിൽ ആയത് 5933458/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

6. State Bank Of Travancore A/C No. 240 ന്റെ 2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Issued But Not Presented Into Bank ചെക്ക് നം. 638405/25.3.2023 ൽ 3605794/- രൂപ ഉൾപ്പെടുത്തുകയും Cheque Deposited But Not Cleared By Bank ഇനത്തിൽ ചെക്ക് നം. 638405/25.3.2023 ൽ 3605794/- രൂപ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 27.03.2023ൽ മേൽ ചെക്ക് പ്രകാരം 3602794/- രൂപ പിൻവലിച്ചിട്ടുണ്ട്. ഇപ്രകാരം റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ മേൽ ചെക്ക പ്രകാരമുള്ള തുക ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7. വാർഷിക ധനകാര്യപത്രിക I-6 Schedule പ്രകാരം ക്ഷേമപെൻഷനുകൾക്കുള്ള തുകയും സ്ഥാപനം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എ.എഫ്.എസ് പ്രകാരമുള്ള തുക | സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള തുക |
|---|---|---|
| Agricultural Labour Pension | 6303600 | 7177000 |
| Indira Gandhi National Disability Pension Scheme | 8469000 | 9678200 |
| Pension For The Unmarried Women Above 50 Years | 882400 | 1008600 |
| Indira Gandhi National Widow Pension Scheme | 32912300 | 37712700 |
| IndiraGandhi National Oldage Pension Scheme | 59806400 | 68632800 |

8. ആഗസ്റ്റ് മാസത്തെ പേമെന്റ് വൗച്ചറുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന പേമെന്റ് വൗച്ചറുകളുടെ Withdrawal Bank Statement പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല. വിശദാംശം ചുവടെ

| വൗച്ചർ നം./ തീയതി | ഇനം | തുക | ചെക്ക്നം. |
|---|---|---|---|
| 439-442/1.8.22 | ജീവനക്കാരുടെ ശമ്പളം | 1736923 | 5626/1.8.22 |
| 443/2.8.22 | മെമ്പർമാരുടെ ഹോണറേറിയം | 384400 | 5627/2.8.22 |
| 444/2.8.22 | ടെലഫോൺ ചാർജ്ജ് ബി.എസ്.എൻ.എൽ | 3533 | 5628/2.8.22 |
| 451/3.8.22 | Payment For Newspaper | 1330 | 5630/3.8.22 |
| 453/3.8.22 | Refund Of Deposit Received From Other | 3000 | 5631/3.8.22 |
| 455/3.8.22 | PMAY Payment | 6774000 | 3391/3.8.22 |
| 456/3.8.22 | Salary NULM Staff | 88000 | PFMS |
| 458/3.8.22 | Fee For PCB &Town Hall | 16350 | 5632 |
| 459/4.8.22 | Electricity Charge | 18561 | 5633 |
| 451(2)-453(1)/ 5.8.22 | Recoveries Payable | 33868 | 5635-5637 |
| 456(1)/5.8.22 | Recoveries Payable P.F Recovery | 297853 | 5996390 |
| 459(1)-461 | Various Expenses | 171516 | 5641 |
| 462-469/6.8.22 | Rent For Buliding Ayusth, Pension | 1033038 | 5642 |

| | | | |
|---|---|---|---|
| | Commutation, DCRG, Payment Of Water Purifier Etc | | |
| 470/6.8.22 | Refund Of Rent Deposit | 70250 | 5643 |
| 473-474/8.8.22 | Newspaper Advertisement, Salary Of Temporary Librarian | 27176 | 5646 |
| 478/8.8.22 | Remittance Of Recovery | 55520 | 5649 |
| 477/8.8.22 | Remittance Of Recovery | 15816 | 5648 |
| 481-482/8.8.22 | Various Expenses | 36807 | 5652 |
| 483/8.8.22 | Electrictity Charge | 62732 | 5653 |
| 488/12.8.22 | Refund Of EMD | 500 | 5658 |
| 491/12.8.22 | Advance For Independence Day Celebrations Remya | 5000 | 5660 |
| 497/25.8.22 | Proj No. 155/23 | 2240100 | 6675 |
| 499/25.8.22 | Profession Tax | 3255 | 5666 |
| 500/25.8.22 | Electricty Charge | 32006 | 5667 |
| 501/25.8.22 | Payment For Tea &Snacks | 440 | 5668 |
| 502-504/25.8.22 | Various Expenses | 38026 | 5669 |
| 506-509/25.8.22 | PMAY Beneficiaries | 2320000 | 3392-3395 |
| 510/25.8.22 | Pf Advance | 234000 | PF-7340 6135101 |
| 515/27.8.22 | Street Light Charge | 16480 | 5676 |
| 516/27.8.22 | Paymant For Anganawadi | 149577 | 48547 |
| 522-524/30.8.22 | Various Expenses | 398160 | 5681 |
| 525/30.8.22 | Project Expenditure Road Concreting | 1438142 | PFMS |

മേൽ ചെലവുകൾ ബാങ്ക് സ്റ്റേറ്റ്മെന്റിലെ ചെലവുകളുമായി പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. ഗ്രാന്റ് ആയി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന്റെ ലഡ്ജർ, ജേണൽ വൗച്ചർ, വിവിധ പേമെന്റ് വൗച്ചറുകളിലൂടെ ആസ്തികൾ സൃഷ്ടിച്ചതിന്റെ ലഡ്ജർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗ്രാന്റ് ആയി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.7.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

10. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിന്റെ ആധികാരികത ലെഡ്ജറിന്റെ അഭാവത്തിൽ ഉറപ്പാക്കാനായിട്ടില്ല.

11. ജേണൽ ബുക്കും അതിനെ സാധൂകരിക്കുന്ന വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12, 14, 77, 96 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

ഓരോ മുൻസിപ്പാലിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റി 286-ാം വകുപ്പനുസരിച്ച് തയ്യാറാക്കുന്ന ബഡ്ജറ്റ് നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും തയ്യാറാക്കി കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതും യുക്തമെന്ന് തോന്നുന്ന ഭേദഗതികളോടു കൂടി പാസ്സാക്കേണ്ടതുമാണ്.

മുൻസിപ്പാലിറ്റിയുടെ 2022-23 വാർഷിക ബജറ്റ് ബഹു. നഗരസഭ കൗൺസിന്റെ 26/03/2022 തീയതിയിലെ (1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

### 1-2-1 ബജറ്റ് സംക്ഷിപ്തം

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 68437639 |
| വരവ് | 672714751 |
| ആകെ | 741152390 |

| | |
|---|---|
| ചെലവ് | 685895000 |
| നീക്കിയിരിപ്പ് | 55257390 |

## 1-2-2 ബജറ്റ് രൂപീകരണം

നഗരസഭയിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി ബന്ധപ്പെട്ട മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നഗരസഭ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്. ബജറ്റ് ഫയൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

## 1-2-3 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

**2022-23 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ**

റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്.വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2022-23 ബജറ്റ് പ്രകാരമുള്ള തുക | 2022-23റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷി ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| വസ്തു നികുതി | 35000000 | 35000000 | 32500000 |
| തൊഴിൽ നികുതി - ജീവനക്കാർ | 13500000 | 13500000 | 13333093 |
| തൊഴിൽ നികുതി - ഇൻസ്റ്റിറ്റ്യൂഷൻ | 3000000 | 2800000 | 3000000 |
| പരസ്യ നികുതി | 100000 | 100000 | -- |
| വിനോദ നികുതി | 800000 | 1500000 | 1440844 |
| വസ്തു വകകളിൽ നിന്നുള്ള ആകെ വാടക വരവുകൾ | 12426751 | 11906751 | 10155769 |
| ഫീസുകളും യൂസർ ചാർജ്ജുകളും | 12154500 | 9460000 | 8014455 |
| വിൽപ്പന വാടക ചാർജ്ജുകൾ | 1930000 | 1915000 | 141739 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവുകൾ | 3202500 | 3202500 | 2492106 |
| പലിശ വരുമാനം | 210000 | 400000 | 791245 |
| മറ്റു വരുമാനം | 2800000 | 1400000 | 217063 |

## 1-2-4 ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തതായും, ബജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ ചെലവ് ചെയ്തതായും, ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്യാത്തതായും കാണുന്നു

1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 293 (5) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനെയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കായുള്ള ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി അനുവാദത്തിനുവേണ്ടി കൗൺസിലിനു മുൻപാകെ വയ്ക്കേണ്ടതാകുന്നു.

വകുപ്പ് 293 (6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവു ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു എന്നിരിക്കെ 2022-2023 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ പുതുക്കിയ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തതായും, ബജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ ചെലവ് ചെയ്തതായും, ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്യാത്തതായും കാണുന്ന വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2533015 | Service Enterprise | 100000 | വകയിരുത്തിയിട്ടില്ല. |
| 2 | 253301601 | Market Enterprises | 300000 | വകയിരുത്തിയിട്ടില്ല. |
| 3 | 253500501 | Biogas Plant General | 3333120 | 110000 |
| 4 | 253104101 | Animal Husbandry Related Facility | 528700 | വകയിരുത്തിയിട്ടില്ല |
| 5 | 2511001 | Pre-Primary Education | 2028745 | 1000000 |
| 6 | 2511019 | Arts,Culture, Sports And Youth Welfare Promotion | 1311078 | 500000 |
| 7 | 2512014 | Ayurveda Dispensary -- General | 2010000 | 200000 |
| 8 | 2512026 | Sanitation And Waste Management Public-General | 10881161 | 7500000 |
| 9 | 2513005 | Welfare Of Aged | 4485887 | 2000000 |
| 10 | 2513007 | Welfare Progress For The Destitute-General | 1720686 | 1000000 |

| ക്രമ നം. | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2532006 | Water Conservation | ചെലവഴിച്ചിട്ടില്ല | 500000 |
| 2 | 2532004 | Minor Irrigation Providing Individual Facility | ചെലവഴിച്ചിട്ടില്ല | 997500 |
| 3 | 2532001 | Soil Conservation | ചെലവഴിച്ചിട്ടില്ല | 500000 |
| 4 | 2531048 | Dairy Development Infrastructure | ചെലവഴിച്ചിട്ടില്ല | 50000 |
| 5 | 2512024 | Epidemic Control | ചെലവഴിച്ചിട്ടില്ല | 1000000 |

മേൽ വിഷയങ്ങൾക്കാവശ്യമായ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/29.07.23)- മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 83959126.25 |
| ഓഡിറ്റ് വർഷത്തെ വരവ് | 330359736 |
| ആകെ | 414318862.25 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 338798551 |
| നീക്കിയിരിപ്പ് | 75520311.25 |

## 1-4 ഗ്രാന്റ് യൂട്ടിലൈസേഷൻ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 72512176 | 72512176 | 69370984(1) | 3141192 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 32514000 | 32514000 | 19630363(2) | 12883637 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 110000 | 110000 | 4500 | 105500 |
| Maintanance Fund (Nonroad) | 0 | 31292000 | 31292000 | 19853703(3) | 11438297 |
| Maintanance Fund (Road) | 0 | 24273000 | 24273000 | 15635862(4) | 8637138 |
| Development Fund (CFC Untied) | 0 | 12683500 | 12683500 | 24594425(5) | -11910925 |
| Development Fund (CFC Tied) | 0 | 24991490 | 24991490 | 38769506(6) | -13778016 |
| CSS***(7) | 0 | 0 | 0 | 11567003 | -11567003 |
| SSS****(8) | 0 | 0 | 0 | 6630957 | -6630957 |

1. വികസനഫണ്ട് (ജനറൽ) ACRപ്രകാരമുള്ള ചെലവ് 54975034 രൂപയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റുപ്രകാരമുള്ള ചെലവ് 69370984 രൂപയും എ.എഫ്.എസ് പ്രകാരമുള്ള ചെലവ് 49353063 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. വികസനഫണ്ട് (SCP) ACR പ്രകാരമുള്ള ചെലവ് 19802787 രൂപയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റുപ്രകാരമുള്ള ചെലവ് 19630363 രൂപയും എ.എഫ്.എസ് പ്രകാരമുള്ള ചെലവ് 19010363 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ACR പ്രകാരമുള്ള ചെലവ് 23163507രൂപയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റുപ്രകാരമുള്ള ചെലവ് 19853703 രൂപയും എ.എഫ്.എസ് പ്രകാരമുള്ള ചെലവ് 19853703രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

4. മെയിന്റനൻസ് ഫണ്ട് (റോഡ്) ACR പ്രകാരമുള്ള ചെലവ് 20183448 രൂപയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റുപ്രകാരമുള്ള ചെലവ് 15635862 രൂപയും എ.എഫ്.എസ് പ്രകാരമുള്ള ചെലവ് 15635862രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

5. ധനകാര്യ കമ്മീഷൻ (Basic Grant) ACR പ്രകാരമുള്ള ചെലവ് 24594425 രൂപയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റുപ്രകാരമുള്ള ചെലവ് 24594425 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. ധനകാര്യ കമ്മീഷൻ (Tied) ACR പ്രകാരമുള്ള ചെലവ് 39865557 രൂപയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റുപ്രകാരമുള്ള ചെലവ് 38769506 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8. സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാന്റ് യൂട്ടിലൈസേഷൻ- മറ്റ് അപാകതകൾ

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2021-22മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320500100 | 446097 |
| 320809700 | 12910 |

B) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100100 | 19222349 |
| 320200106 | 15990778 |
| 320801000 | 1767045 |
| 320802000 | 450000 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും, വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കേണ്ടതാണ്.

2. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം., വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

ഗ്രാന്റ് യൂട്ടിലൈസേഷൻ -വിനിയോഗത്തിലെ അപാകതകൾ.

1. സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 5.4.1.3 പ്രകാരം നഗരസഭകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏററവും കുറഞ്ഞത് 10% എങ്കിലും ഉല്പാദനമേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം ഈയിനത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക7514320 രൂപയാണ്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം മേഖലാ വിഭജനത്തിൽ 7713844 രൂപ അടങ്കൽ വകയിരുത്തിയിരുന്നുവെങ്കിലും 4891398 രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളു.

2. സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 5.4.1.7 പ്രകാരം നഗരസഭകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക 10900720/- രൂപയാണ്. ഈയിനത്തിൽ ആകെ 12785590-രൂപ വനിതാഘടക പദ്ധതിയ്ക്കായി അടങ്കൽവകയിരുത്തുകയും 9058691/- രൂപ ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 70.85% ആണ് വിനിയോഗിച്ചിട്ടുള്ളത്.

3. സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 5.4.1.8 പ്രകാരം നഗരസഭകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം,, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരംവയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തേണ്ട കുറഞ്ഞ തുക 5450360/- രൂപയാണ്. ഈയിനത്തിൽ ആകെ 13885646/- രൂപ അടങ്കൽ വകയിരുത്തുകയും 8021329/-രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 57.76% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

4. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 3.4.1.3(ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന യുടെ അടിസ്ഥാനത്തിൽ) പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) സംരക്ഷണഫണ്ട് (റോഡ്, നോൺറോഡ്) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവ് തുക (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക | ചെലവ് ശതമാനം | 2022-23 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സിപി) | 33754000 | 19630363 | 14123637 | 41.84 | 6750800 | 7372837 |
| വികസനഫണ്ട് (ടി.എസ്.പി) ) | 110000 | 4500 | 105500 | 40.9 | 22000 | 83500 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 24273000 | 15635862 | 8637138 | 64.4 | 4854600 | 3782538 |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 31292000 | 19853703 | 11438297 | 63.44 | 6258400 | 5179897 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 60 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ നിരവധി വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമായിരുന്ന തുക ഇപ്രകാരം ചെലവഴിക്കാതെ പാഴാക്കിയത് ന്യായീകരിക്കത്തക്കതല്ല. പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പുവരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

### ഫണ്ട് വിനിയോഗം


(എ) 2022-23 സാമ്പത്തിക വർഷം നഗരസഭയ്ക്ക് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ

വിശദാംശം ചുവടെ ചേർക്കുന്നു.


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 93929000 | 69370984 | 24558016 |
| വികസനഫണ്ട് എസ്.സി.പി | 33754000 | 19630363 | 14123637 |
| വികസനഫണ്ട് ടി.എസ്.പി | 110000 | 4500 | 105500 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 24273000 | 15635862 | 8637138 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 31292000 | 19853703 | 11438297 |
| **ആകെ** | **183358000** | **124495412** | **58862588** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | പദ്ധതികൾ | | | (ഗ്ര.വി. ഒഴികെ) | ചെലവ് | |
|---|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 0 | 262716 | 70776 | 26.9 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 6 | 6 | 0 | 4305858 | 4265858 | 99.1 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 8 | 8 | 0 | 1710918 | 1290918 | 75.4 |
| കൃഷി ഓഫീസർ | 7 | 6 | 1 | 2529410 | 756110 | 30 |
| സെക്രട്ടറി | 57 | 36 | 21 | 80349747 | 37723107 | 47 |
| വെറ്ററിനറി സർജൻ | 11 | 11 | 0 | 2753240 | 2085160 | 75.7 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 1 | 1 | 0 | 300000 | 300000 | 100 |
| പ്രോജക്ട് ഓഫീസർ | 28 | 23 | 5 | 33478824 | 11204841 | 33.5 |
| പട്ടികജാതി വികസന ഓഫീസർ | 9 | 7 | 2 | 15075900 | 11307739 | 75 |
| ഹെൽത്ത് ഓഫീസർ | 21 | 18 | 3 | 43059920 | 27722688 | 64 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 5 | 4 | 1 | 2960330 | 1796196 | 60.7 |
| മുനിസിപ്പൽ എഞ്ചിനിയർ | 159 | 105 | 54 | 157400370 | 88208546 | 56 |
| ഐസിഡിഎസ് സൂപ്പർവൈസർ | 19 | 18 | 1 | 16189364 | 13933780 | 86 |
| പ്രിൻസിപ്പൾ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ | 18 | 17 | 1 | 11061238 | 9822878 | 88.8 |

<u>(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)</u>

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 105283011 | 69370984 | 65.9 |
| എസ്.സി.പി. | 35104000 | 19630363 | 56 |
| ടി.എസ്.പി. | 114500 | 4500 | 3.93 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 92292204 | 63363931 | 68.6 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 24918580 | 11567003 | 46.4 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 17683401 | 6630957 | 37.5 |
| തനത് ഫണ്ട് | 26980911 | 4431294 | 16.4 |
| മെയിന്റനൻസ് റോഡ് | 24859733 | 15635862 | 62.9 |
| മെയിന്റനൻസ് നോൺ റോഡ് | 36301555 | 9853703 | 54.7 |
| മറ്റുള്ളവ | 15447930 | 0 | 0 |
| ആകെ | 386885825 | 210488597 | 54.4 |

**<u>പദ്ധതി അവലോകനം</u>**

1) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 86/2022 തസ്വഭവ തീയതി 19.04.2022, 3.1.1(എ) പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുള്ളത് ഭരണസമിതിയുടെ 24.12.22 ലെ യോഗത്തിലെ 13-ാംനം.തീരുമാനം പ്രകാരം അംഗീകരിച്ചതായി ബന്ധപ്പെട്ട മിനിട്സ് പരിശോധനയിൽ നിന്നും വ്യക്തമാണ്. എന്നാൽ പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം ഫോറം 1 ൽ രേഖപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചതിന്റെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നം. 38/29.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) സ.ഉ.കൈ.നം 86/2022 തസ്വഭവ തീയതി 19.04.2022 3.1.2 (എ) പ്രകാരം രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരങ്ങളും പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ

മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ആയതിന്റെ നടപടിക്രമങ്ങൾ / വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

5) ഖണ്ഡിക 3.1.2 (ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി വാർഡ് സഭ/വാർഡ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ വാർഡ് സഭ മിനിട്സ് പരിശോധിച്ചതിൽ മുൻവാർഷിക പദ്ധതി നിർവ്വഹണം, പുരോഗതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് കണക്കുകൾ അവതരിപ്പിച്ചിട്ടില്ലായെന്ന് കാണുന്നു.

6) വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പരിഷ്കരിച്ചിട്ടുള്ള അവസ്ഥാരേഖ ഹാജരാക്കിയിരുന്നു. എന്നാൽ അവസ്ഥാ രേഖ തയ്യാറാക്കൽ നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെയും അവയുടെ തീവ്രതയെയും സംബന്ധിച്ച വിവരം അവസ്ഥരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ വാർഡ്സഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് വാർഡ് സഭകൾ ചെയ്തിട്ടുള്ളത് എന്ന് കാണുന്നു.

8) മാർഗ്ഗരേഖ ഖ.3.3.1 പ്രകാരം ഭരണസമിതി കരട് വാർഷിക പദ്ധതി തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ, വികസന സെമിനാറിന്റെ മിനിട്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

9) മാർഗ്ഗരേഖ ഖണ്ഡിക 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് ലഭ്യമാക്കിയിട്ടില്ല.

10) മാർഗ്ഗരേഖ ഖണ്ഡിക 3.4.1.8 (എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്തിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11) മാർഗ്ഗരേഖ ഖണ്ഡിക 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും ഖ. 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

12) മാർഗ്ഗരേഖ ഖണ്ഡിക 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

13) മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.9 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | Nil | Nil |
| കർഷക തൊഴിലാളി പെൻഷൻ | 6303600 | 885 |
| വിധവാ പെൻഷൻ | 32912300 | 3151 |
| വാർധക്യകാല പെൻഷൻ | 59806400 | 4939 |
| വികലാംഗ പെൻഷൻ | 8469000 | 744 |
| വിവാഹ ധനസഹായം | 870000 | 29 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 882400 | 90 |
| മിശ്ര വിവാഹിതർക്കുള്ള ധനസഹായം | 390000 | 13 |

## 1-6-1 സാമൂഹ്യ സുരക്ഷാപെൻഷൻ

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്യുമ്പോൾ പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തികളുടെ സ്റ്റാറ്റസ് കോളത്തിൽ ടി വ്യക്തികളുടെ പേര്, ഫയൽ നമ്പർ എന്ന് മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐഡി നമ്പർ എന്നീ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. നഗരസഭയിൽ പെൻഷനുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ 2022-23 സാമ്പത്തിക വർഷം സാമൂഹ്യസുരക്ഷാ പെൻഷൻ അടിസ്ഥാനപ്പെടുത്തി എത്ര അപേക്ഷകൾ ലഭിച്ചുവെന്നോ എത്ര അപേക്ഷകളിൽ തീരുമാനമെടുത്ത് പെൻഷൻ അനുവദിച്ചുവെന്നോ ഉള്ള വിവരങ്ങൾ അറിയാൻ കഴിയുന്നില്ല. സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, അവ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്നാൽ ഈ നടപടി ക്രമം പാലിച്ചിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഫയൽ നം/തീയതി | പേര് | പെൻഷൻ |
|---|---|---|---|
| 1 | P2/254/23, 06/01/23 | ചന്ദ്രമതിയമ്മ | വാർദ്ധക്യകാല പെൻഷൻ |
| 2 | P2/110/23, 04/01/23 | രാഹ്ല എൻ | വാർദ്ധക്യകാല പെൻഷൻ |
| 3 | P2/236/23, 05/01/23 | ആബിദ | വാർദ്ധക്യകാല പെൻഷൻ |
| 4 | P2/15570/22,12/12/22 | ഗീത ജെ | വാർദ്ധക്യകാല പെൻഷൻ |
| 5 | P2/6973/22, 17/06/22 | സതിയമ്മ | വാർദ്ധക്യകാല പെൻഷൻ |
| 6 | P2/15253/22, 03/12/22 | സരസമ്മ | വാർദ്ധക്യകാല പെൻഷൻ |
| 7 | P2/14723/22, 05/11/22 | സുകുമാരൻ | വാർദ്ധക്യകാല പെൻഷൻ |
| 8 | P2/7883/22, 07/07/22 | ലതാരാജേന്ദ്രൻ | വിധവാ പെൻഷൻ |
| 9 | P2/9889/22, 24/08/22 | വസന്തകുമാരി | വിധവാ പെൻഷൻ |
| 10 | P2/11683/22, 15/10/22 | ലതിക | വിധവാ പെൻഷൻ |
| 11 | P2/10162/22, 01/09/22 | നസീറ | വിധവാ പെൻഷൻ |
| 12 | P2/10001/22, 29/08/22 | അർച്ചന | വിധവാ പെൻഷൻ |
| 13 | P2/15825/22, 16/12/22 | സുൽഫത്ത് | വികലാംഗ പെൻഷൻ |
| 14 | P2/14780/22, 05/12/22 | ജോമോൻ സിബി | വികലാംഗ പെൻഷൻ |
| 15 | P2/1669/23, 02/02/23 | മുഹമ്മദ് അർഷാദ് എം | വികലാംഗ പെൻഷൻ |
| 16 | P2/2384/23, 14/02/23 | സലീം | വികലാംഗ പെൻഷൻ |
| 17 | P2/1198/23, 23/01/23 | ജിഷ്ണു ജെ | വികലാംഗ പെൻഷൻ |

ഇതിന്റെ വിശദീകരണം അവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/27.07.23) മറുപടിയായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും പേഴ്സണൽ രജിസ്റ്ററിൽ ചേർത്ത് തുടർ നടപടിയ്ക്കായി നൽകി വരുകയാണ് ചെയ്യുന്നതെന്നും 2023-24 മുതൽ രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ച് വരുന്നു എന്നറിയ്ക്കുകയുണ്ടായി. പെൻഷൻ രജിസ്റ്ററുകൾ യഥാസമയം രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-6-2 മരണ ശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു.

2022-2023 സാമ്പത്തിക വർഷത്തിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവനസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

സർക്കുലർനം 69/2018/ധന, തീയതി 26/07/2018-ലെ മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആധാർ നം. | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ | Status |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | |
| 1 | 414876201916 | കമലം എസ് | വാർദ്ധക്യ കാല പെൻഷൻ | 05/04/22 | 5/22 To 4/23 | Active |
| 2 | 362245259890 | സുലേഖ ബീവി | വാർദ്ധക്യ കാല പെൻഷൻ | 23/04/22 | 5/22 To 4/23 | Active |
| 3 | 545935498345 | പൊന്നുമുത്തൻ വൈ | വാർദ്ധക്യ കാല പെൻഷൻ | 24/04/22 | 4/22 To 9/22 | Suspend |
| 4 | 604530504308 | സുരേന്ദ്രൻ ജി | വാർദ്ധക്യ കാല പെൻഷൻ | 13/05/22 | 06/22 To 2/23 | Suspend |
| 5 | 901528202726 | രാജമ്മ കെ | വാർദ്ധക്യ കാല പെന്ഷൻ | 23/04/22 | 05/22 To 4/23 | Active |
| 6 | 866660212116 | തങ്കരാജപിള്ള | വാർദ്ധക്യ കാല പെൻഷൻ | 24/06/22 | 07/22 To 9/22 | Suspend |
| 7 | 598264055412 | ഗോപി കെ | വാർദ്ധക്യ കാല പെൻഷൻ | 19/07/22 | 08/22 To 4/23 | Active |
| 8 | 999090228634 | വിജയമ്മ ജെ | വാർദ്ധക്യ കാല പെൻഷൻ | 07/07/22 | 08/22 To 11/22 | Suspend |
| 9 | 985414798620 | കമലമ്മ | വിധവാ പെൻഷൻ | 05/07/22 | 08/22 To 3/23 | Active |
| 10 | 214782576794 | ഗോപാലകൃഷ്ണൻ നായർ | കർഷകതൊഴിലാളി പെൻഷൻ | 08/07/22 | 08/22 To 4/23 | Active |
| 11 | 269836694273 | രഘു | വാർദ്ധക്യ കാല പെൻഷൻ | 02/08/22 | 09/22 To 4/23 | Active |
| 12 | 929728816357 | അശോകൻ | വാർദ്ധക്യ കാല പെൻഷൻ | 08/08/22 | 08/22 To 4/23 | Active |
| 13 | 844018617551 | പത്മിനിയമ്മ | വാർദ്ധക്യ കാല പെൻഷൻ | 09/08/22 | 08/22 To 2/23 | Active |
| 14 | 272930691050 | എസ് ലൈലാബീവി | വാർദ്ധക്യ കാല പെൻഷൻ | 26/07/22 | 08/22 To 9/22 | Suspend |

മേൽ അപാകതയിൽ വിശദീകരണം അവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/27.07.23)- ന് അധികമായി നല്കിയ തുക തിരികെ നൽകുന്നതിനു ബാങ്കിനു കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്ത് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-07-2023 തീയതിയിൽ 4.25 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26568 (ഇരുപത്തി

ആറായിരത്തി അഞ്ഞൂറ്റി അറുപത്തി എട്ട്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7-1 കണക്കിൽപെടുത്താതെ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന തുകയുമായി ബന്ധപ്പെട്ട തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 27-07-2023 ൽ 4.25 P.M സമയത്ത് നടത്തിയ ക്യാഷ്ബാലൻസ് പരിശോധനയിൽ ക്യാഷ് ചെസ്റ്റിൽ ഒരു കവറിൽ പൊതിഞ്ഞ നിലയിൽ നാണയങ്ങളുടെ ശേഖരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 3219/- രൂപയാണ് ഇത്തരത്തിൽ സൂക്ഷിച്ചിരിക്കുന്നത്. ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന നാണയ ശേഖരത്തിന്റെ ഉറവിടം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 34 ന് ലഭ്യമാക്കിയ മറുപടിയിൽ ,"നഗരസഭാ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 14/433 നമ്പർ കടമുറി ലേലം കൊണ്ട ശ്രീ . ജെ.ആർ വിനു എന്നയാൾ വാടക കുടിശ്ശിക ഒടുക്കാത്തതിനെ തുടർന്ന് കടമുറി പൂട്ടി സീൽ വയ്ക്കുകയും ടി കടമുറി ലേലം ചെയ്ത് നൽകുന്നതിനായി സാധനങ്ങൾ മാറ്റുന്നതിനിടയിൽ നാണയങ്ങളും നോട്ടും ഉൾപ്പെടെ 3219 രൂപ കണ്ടെത്തുകയുമുണ്ടായിഎന്നും, ടി തുക കൈപ്പറ്റുന്നതിന് ശ്രീ . ജെ.ആർ വിനു- വിന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ ആയത് കൈപ്പറ്റിയിട്ടില്ലാത്തതിനാൽ സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തുക ടിയാന് നേരിട്ട് നൽകുന്നതിനാണ് ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരിക്കുന്നത്എന്നും അറിയിച്ചു. ടിയാന് ഒരു അറിയിപ്പ് കൂടി കൊടുത്തതിന് ശേഷം ഹാജരാകാത്ത പക്ഷം ടി തുക നഗരസഭ ഫണ്ടിൽ ഒടുക്കു വരുത്തുന്നതാണ്" എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിലേക്കായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 ന് വ്യക്തമായ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1)** പൗരാവകാശരേഖ വർഷത്തിലൊരിക്കൽ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതുണ്ട്. 2022-23കാലയളവിലെ പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സമർപ്പിച്ച എൻക്വയറി നം. 41 ന് മറുപടി ലഭ്യമാക്കുകയോ പൗരാവകാശ രേഖ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പൗരാവകാശരേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല .

**2)** ഫ്രണ്ട് ഓഫീസ് സംവിധാനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ സ്വീകരിച്ച നടപടി വിവരം ലഭ്യമല്ല.

**എ)** സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ഫോറ വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നിരിക്കെ അത്തരത്തിൽ പരിപാലിക്കപ്പെടുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

**ബി)** സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല

**സി)** ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് മുനിസിപ്പൽ ചെയർമാൻ, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 41 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡി) ടോക്കൺ സംവിധാനം, തപാൽ ബോക്സ് (അവധി ദിവസങ്ങളിലും ഓഫീസ് സമയത്തിന് ശേഷവും അപേക്ഷകൾ നിക്ഷേപിക്കുന്നതിന്), Complaint Box, ടെലിവിഷൻ എന്നീ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഇല്ല എന്ന് 27-07-2023 ൽ നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 41 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല

ഇ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുന്നുണ്ടോ എന്നുള്ളതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

എഫ്) ഏഴ് ദിവസത്തിനകം നേരിട്ട് കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഫ്രണ്ട് ഓഫീസ് ഡയറിയിൽ രേഖപ്പെടുത്തുന്നുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം. 41 മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4) മുനിസിപ്പാലിറ്റിയുടെ ISO സർട്ടിഫിക്കേഷന്റെ കാലാവധി എന്നുവരെയാണെന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5) ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനക്ക് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം. 41 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വർഷം മറ്റ് ഓഡിറ്റുകൾ നടത്തിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

ഫ്രണ്ട് ഓഫീസ് വഴി പൊതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൃത്യമായി വിലയിരുത്തുകയും അപാകങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം തിരുത്തൽ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് മുനിസിപ്പൽ ചെയർമാൻ, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതുമാണ്.

## 1-9 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് വിവരം

**അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ്,ചെലവ് വിവരം (സ്ഥാപനം ലഭ്യമാക്കിയ പ്രോഫോർമയുടെ അടിസ്ഥാനത്തിൽ)**

| മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|
| 1775769 | 15000000 | 16775769 | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് 13186055<br>ഭരണച്ചെലവ് 577885<br>ആകെ 13763940 | 3011829 |

വാർഷിക ധനകാര്യ പത്രികയിൽ ടി പദ്ധതിയുടെ മുൻബാക്കിയും നീക്കിയിരിപ്പും ഒഴികെയുള്ള വരവുചെലവു കണക്കുകളുടെ വിവരങ്ങൾ ലഡ്ജറുകളുടെ അഭാവത്തിൽ പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല (വിശദാംശം AFS ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

## 1-9-1 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 വർഷത്തെ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ നഗരസഭ ചുവടെ വിവരിക്കും പ്രകാരം ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നം.9/2022-23തീയതി 26.07.2023).

1. 2022-23 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം - 734

2.2022-23 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം-103

3.2022-23 വർഷത്തിൽ വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം-63

4.2022-23 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ തൊഴിൽ ദിനങ്ങളുടെ എണ്ണം-41936

| സ്ത്രീ. | പുരുഷൻ | ആകെ |
|---|---|---|
| 41601 | 335 | 41936 |

| പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|
| 7920 | 0 | 7920 |

5.2022-23 വർഷത്തിൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം- 2110

6.2022-23 വർഷത്തിൽ 100തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം- 0

7. നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ക്ഷീരകർഷകരുടെ എണ്ണം-24,അനുവദിച്ച തുക- രൂ.618890/-

8.2022-23 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിരആസ്തികളുടെ വിവരം (മൂല്യം)-0

9.സോഷ്യൽ ആഡിറ്റ് നടത്തിയതിന്റെ വിവരം

2022-23 വർഷത്തെ സോഷ്യൽ ആഡിറ്റ് 39 വാർഡുകളിലും നടത്തിയിട്ടുണ്ട്.

10.പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 1 | മണ്ണ്,ജല സംരക്ഷണം | 8 | 910871 |
| 2 | വരൾച്ച തടയൽ, വനവൽക്കരണം. | 4 | 434473 |
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം. | 16 | 1666520 |
| 4 | നടപ്പാത | 1 | 127767 |
| 5 | വ്യക്തിഗത ആസ്തികൾ | സൃഷ്ടിച്ചിട്ടില്ല | |

14.2022-23 വർഷത്തിലെ മെറ്റീരിയൽ വർക്കുകളുടെ എണ്ണം 0

15. നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും മുൻകൂർ ആയി കൈപ്പറ്റിയ തുക രൂ. 20516/- (തിരികെ ഒടുക്കിയിട്ടുണ്ട്)

## 1-9-2 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിപ്രവർത്തനങ്ങൾ സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശാനുസരണം സംയോജിപ്പിക്കേണ്ടതാണ്

14 -ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിവിധ മേഖലകളിലെ വികസന പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രത്യേകിച്ച് കാർഷിക മേഖലയിൽ ഉൾപ്പെടുന്ന തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തണെമന്നും പരാമർശിച്ചിട്ടുണ്ട്. കൂടാതെ സുഭിക്ഷകേരളം പദ്ധതി പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെടുത്തി MCF, MRF എന്നിവയുടെ നിർമ്മാണം എന്നിവയും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതുണ്ട്. എന്നാൽ

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി, നഗരസഭ തൻ വർഷം 13763940/- രൂപ ചെലവിട്ട് (ഭരണച്ചെലവുൾപ്പെടെ) 103 പ്രവൃത്തികൾ ഏറ്റെടുത്തിരുന്നെങ്കിലും, തരിശ്ശ് ഭൂമി കൃഷിയോഗ്യമാക്കുന്നപ്രവർത്തനങ്ങൾ 5 ഉം മാലിന്യ നിർമ്മാർജ്ജനവുമായി / സംസ്കരണവുമായി ബന്ധപ്പെടുത്തി രണ്ട് പ്രവൃത്തികളും മാത്രമാണ് മേൽപരാമർശിച്ച പ്രകാരം നടത്തിയിട്ടുള്ളത്. ഭാവിയിൽ വിവിധ മേഖലകളിൽ നഗരസഭ നടപ്പിലാക്കി വരുന്ന കൂടുതൽ പദ്ധതി പ്രവർത്തനങ്ങളിൽ, സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശാനുസരണം, തൊഴിലുറപ്പ് പദ്ധതി കൂടി സംയോജിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും അവ്വിധം പദ്ധതി പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിലേക്കുമായുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ - 7/2022-23 തീയതി 25.07.2023).

## 1-10 മരങ്ങളുടെ ലേലം ഇനത്തിലെ വരവ് വിവരം ലഭ്യമാക്കിയിട്ടില്ല

കണ്ടിജന്റ് ബില്ലുകൾ പരിശോധിച്ചതിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റിയതിന് തനത് ഫണ്ടിൽ നിന്നും ചുവടെ പരാമർശിച്ചിരിക്കുന്ന തുകകൾ ചെലവായിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം, ചെക്ക് തീയതി | നഗരസഭാഫണ്ടിൽ നിന്നും ചെലവായ തുക (രൂപ) | മുറിച്ചുമാറ്റിയ തടികളുടെ ഇനം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 1 | വൗച്ചർ നം.235/22 ചെക്ക് നം. 5812 തീയതി 28.06.2022 | 10000/- | മാവ് | വൗച്ചറിൽ മരങ്ങളുടെ ഇന വിവരം ചേർത്തിട്ടില്ല. |
| 2 | വൗച്ചർ നം.421/22 ചെക്ക് നം. 5617 തീയതി 22.07.2022 | 4500/- | ലഭ്യമല്ല | എൽ.എം.എ യു.പി.എസ്സിൽ നിന്നിരുന്ന മരം |
| 3 | വൗച്ചർ നം.795/22 ചെക്ക് നം. 6089 തീയതി 14.11.2022 | 73000/- | ലഭ്യമല്ല | വൗച്ചറിൽ മരങ്ങളുടെ ഇന വിവരം ചേർത്തിട്ടില്ല. |
| 4 | വൗച്ചർ നം. 944/22 ചെക്ക് നം. 5868 തീയതി 03.01.2023 | 12500/- | അൽക്കേഷ്യ മരവും ആഞ്ഞിലി മരവും | 27-ാം വാർഡിൽ (പേരുമല) നിന്നും മുറിച്ചത് |
| | ആകെ | 100000/- | | |

ടി മരങ്ങൾ ഏതിനത്തിൽപ്പെട്ടവയാണെന്നും മുറിച്ചുമാറ്റിയ മരങ്ങളുടെ, വിനിയോഗ വിവരം, ലേലപരസ്യം, ലേലഡയറി ഉൾപ്പടെയുള്ള വിവരങ്ങളും ഈ ഇനത്തിൽ നഗരസഭാ ഫണ്ടിലേക്ക് ഒടുക്കുവന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ (നമ്പർ - 26/2022-23 തീയതി : 27.07.2023, 53/2022-23 തീയതി : 31.07.2023) നൽയിരുന്നെങ്കിലും ആയവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പരാമർശിച്ച മരങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്തിരുന്നുവോയെന്നും അവയുടെ ലേലം വഴി നഗരസഭാ ഫണ്ടിലേക്ക് ഒടുക്കുവരേണ്ട തുകകൾ ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമല്ല. ടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-11 ലൈസൻസ് അനുവദിക്കുന്നതിലെ അപാകങ്ങൾ

നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 447, 448, 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക്ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ നഗരസഭാ പരിധിയിലുള്ള വ്യാപാരങ്ങളുടെയും

ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് പ്രകാരമുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.76 മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ഫീൽഡ് തല പരിശോധന നടത്തി നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും വിവരം ട്രേഡേഴ്സ് ലിസ്റ്റിൽ ചേർക്കുകയും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ ഒന്നും തന്നെ ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

2.മൂലധന നിക്ഷേപം രേഖപ്പെടുത്താത്തവർക്കും ലൈസൻസ് അനുവദിച്ച് നൽകിയിരിക്കുന്നു.

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടത്തിലെ പട്ടിക III പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടത് മൂലധനം നിക്ഷേപം അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ ഉപയോഗിച്ച് വരുന്ന ലൈസൻസ് അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. തങ്ങളുടെ മൂലധന നിക്ഷേപം ........... ലക്ഷം രൂപയിൽ താഴെയാണ് എന്ന രീതിയിൽ ഒരു സത്യവാങ്മൂലം അപേക്ഷകരിൽ നിന്നും എഴുതി വാങ്ങുന്നുണ്ടെങ്കിലും ഇതിൽ മൂലധനനിക്ഷേപം രേഖപ്പെടുത്താത്തവർക്കും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലെന്നിരിക്കെ ലൈസൻസ് തുക നിശ്ചയിച്ചിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|
| 1 | പോപ്പുലർ വെഹിക്കിൾ & സർവ്വീസസ് (മാരുതി കാറുകളുടെ പ്രദർശനവും വിൽപനയും) | 1000 |
| 2 | ഫീനിക്സ് ഗോൾഡ് & സിൽവർ ജ്വല്ലറി | 1000 |
| 3 | ഐശ്വര്യ ജ്വല്ലറി | 500 |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 76 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

3.ഡിമാന്റ്- കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റ് കൃത്യത പുലർത്തുന്നില്ല.

ലൈസൻസുമായി ബന്ധപ്പെട്ട ഡിമാന്റ്- കളക്ഷൻ- ബാലൻസ് എന്നിവ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാലൻസ് തുക ഡിമാന്റ്, കളക്ഷൻ എന്നിവയുമായി പൊരുത്തപ്പെടുന്നുമില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ , ബാലൻസ് വിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 1194025 | 1130100 | 50500 |

63925 രൂപയാണ് ഡിമാന്റ് തുകയായ 1194025 ൽ നിന്നും ആകെയുള്ള കളക്ഷനായ 1130100 രൂപ കുറയ്ക്കുമ്പോൾ ലഭിക്കുന്ന തുക. എന്നാൽ 50500 രൂപയാണ് ബാലൻസ് ആയി രേഖപ്പെടുത്തിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 76 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. D-C-B സ്റ്റേറ്റ്മെന്റ് സ്ഥാപനമേധാവി വിലയിരുത്തി സാക്ഷ്യപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ കൃത്യമാക്കി വ്യത്യാസത്തിന്റെ കാരണവും രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4.അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 02/05/2022 ലെ ഡബ്ല്യൂ.എം1/262/2022 തസ്വഭവ നമ്പർ പരിപത്രത്തിൽ നഗരസഭ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവട സ്ഥാപനത്തിനെതിരെ നടപടിയെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിച്ച് വരുന്ന ഹോട്ടലുകൾ, ബേക്കറികൾ, ഫാസ്റ്റ്ഫുഡ് വിൽപന കേന്ദ്രങ്ങൾ , ആഹാരം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോട് കൂടിയാണോ പ്രവർത്തിച്ച് വരുന്നതെന്ന് അടിയന്തിര പരിശോധനയിലൂടെ കണ്ടെത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എത്രയും വേഗം അടച്ച് പൂട്ടുന്നതിനും മേൽ പറഞ്ഞ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. കൂടാതെ ആഹാര സാധനങ്ങളുടെ ശുചിത്വം, പഴക്കം, ആരോഗ്യത്തിന് ഹാനികരമായ എന്തെങ്കിലും രാസവസ്തുക്കൾ ചേർത്തിട്ടുണ്ടോ എന്നുള്ള വിവരം വിലയിരുത്തേണ്ടതും ശുചിത്വമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും പഴക്കം ചെന്നതോ രാസപദാർത്ഥങ്ങൾ ചേർത്തതോ ആയ ഭക്ഷണ പദാർത്ഥങ്ങളോ പാനീയങ്ങളോ വിൽക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അടിയന്തിരമായി അവസാനിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി അടിയന്തിരമായി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

5. തെരുവ് കച്ചവടക്കാർക്ക് ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല

സർക്കുലർ നം.17/ഡി.സി.1/2022/ത.സ.ഭ.വ, തീയതി : 22-02-2022 പ്രകാരം തെരുവ് കച്ചവടക്കാർക്കായി നിലവിലുള്ള തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും ) ചട്ടം 2018 ഉം തെരുവ് കച്ചവട ( ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും ലൈസൻസിങ്) സ്കീം 2019 ഉം നടപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 76 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും നഗരങ്ങളിലെ തെരുവ് കച്ചവടം നിയമം മൂലം നിയന്ത്രിക്കുന്നതിനുമായി 2014 ൽ കേന്ദ്ര തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം നിലവിൽ വരികയും പ്രസ്തുത നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി 12-03-2018 ലെ സ.ഉ.(പി) നം 15/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടവും 13-02-2019 ലെ സ.ഉ. (പി) നം. 10/2019/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2019 ൽ തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിങ്) സ്കീമും വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടവും സ്കീമും പ്രകാരമുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

6.സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് അനുവദിച്ച് നൽകിയ സ്ഥാപനങ്ങളുടെ എണ്ണത്തിലും അന്തരം നിലനിൽക്കുന്നു

സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 4068 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 371 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 256 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 56 |
| 6 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 66 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 49 |
| 8 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 55 |
| | **ആകെ** | **4951** |

ഇവയ്ക്ക് പുറമെ ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) എന്ന ഗണത്തിൽ 312 കെട്ടിടങ്ങൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ 1654 സ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയിരിക്കുന്നത് (ഡി.സി.ബി സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്റർ പ്രകാരം). ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളും ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും ഒഴികെയുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 76 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല പരിശോധന നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

7.മുഴുവൻ വാണിജ്യ പ്രവർത്തനങ്ങൾക്കും ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല.

നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 39 വാർഡുകളിലെ ലൈസൻസ് രജിസ്റ്ററുകൾ (2022-23) പരിശോധിച്ചതിൽ 2011-ലെ കേരള മുൻസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിൽ പട്ടിക II ൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന വ്യാപാര സംരംഭക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഇത്തരം വ്യാപാര സംരംഭക പ്രവർത്തനങ്ങളൊന്നും തന്നെ നഗരസഭ പരിധിയിൽ നടക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 76 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനവിവരം | പട്ടിക II പ്രകാരമുള്ള ക്രമ നം. |
|---|---|---|

| | | |
|---|---|---|
| 1 | പേ & പാർക്ക് ഏരിയ | 273 |
| 2 | ഈവന്റ് മാനേജ്മെന്റ് | 294 |
| 3 | നഴ്സറികൾ, ക്രഷുകൾ, ശിശു പരിപാലന കേന്ദ്രങ്ങൾ | 301 |
| 4 | ഏതു തരത്തിലുമുള്ള കലാ കായിക പരിശീലന കേന്ദ്രങ്ങൾ | 303 |
| 5 | കരിക്ക് വിൽപന (വഴിയോര കച്ചവടം) | 332 |
| 6 | ടർഫ് ഗ്രൗണ്ട് | 333 |
| 7 | പുകയില്ലാത്ത അടുപ്പ് | 334 |
| 8 | ആധാരം എഴുതുന്ന ഉമസ്ഥന്മാരുടെ ഓഫീസ്/ ആധാരം എഴുത്ത് സെന്റർ | 345 |
| 9 | ഡേ കെയർ സെന്റർ | 358 |
| 10 | ചിട്ടി കമ്പനികൾ | 359 |
| 11 | പ്ലേ സ്കൂൾ | 361 |
| 12 | ടൗൺ വെന്റിംഗ് കമ്മിറ്റി അംഗീകരിച്ച വഴിയോര കച്ചവടം | 394 |
| 13 | സ്റ്റോക്ക് ബ്രോക്കേഴ്സ് | 423 |
| 14 | യോഗ പരിശീലനം | 451 |
| 15 | പേയിങ് ഗസ്റ്റ് | 452 |

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ലൈസൻസ് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

8.റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ പൂർണ്ണമായി ഈടാക്കിയിട്ടില്ല.

1994 ലെ കേരള മുൻസിപാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുൻസിപാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻകടകളും ലൈസൻസ് എടുക്കാത്തതായി കാണുന്നു. റേഷൻ കടകളെ 2011-ലെ കേരള മുൻസിപാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക II ലെ ക്രമനമ്പർ54 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നഗരസഭയുടെ കീഴിലെ 39 വാർഡുകളിൽ 2022-23 സാമ്പത്തിക വർഷത്തിൽ റേഷൻ കട നടത്തുന്നതിലേക്കായി ഒരേയൊരു വ്യക്തിക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. (കെട്ടിട നം. IX/ 229) നഗരസഭ പരിധിയിൽ ആകെ എത്ര റേഷൻകടകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കണമെന്നും റേഷൻ കടകളിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ പൂർണ്ണമായി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 76 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിപ്പിക്കുന്ന മുഴുവൻ റേഷൻ കടകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-12 വരവിനങ്ങളുടെ പരിശോധന- ഫയലുകളും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിൽ അലംഭാവം

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ചന്തകൾ, ശ്മശാനങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, ടൗൺ ഹാളുകൾ, പാർക്കുകൾ, മൈതാനങ്ങൾ, നീന്തൽ കുളങ്ങൾ, ജിംനേഷ്യങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ മറ്റ് സിവിക്ക് അമിനിറ്റികൾ തുടങ്ങിയവയുടെ ഇനം തിരിച്ചുള്ള എണ്ണം, മേൽ പറഞ്ഞവയിൽ നടത്തിപ്പവകാശം ലേലം/കരാർ ചെയ്തു നൽകിവരുന്നവയുടെ വിവരവും നടത്തിപ്പവകാശം ലേലം ചെയ്തു പോന്നിരുന്നവയിൽ നിലവിൽ ലേലം ചെയ്ത് പോകാത്തവയുടെ വിവരം, ഓരോ ഇനത്തിന്റേയും DCB പത്രികകൾ (തൻ വർഷത്തേയും കുടിശ്ശികയുടേയും), വൻ തുക കുടിശ്ശിക വരുത്തിയവരുടെ വിവരം, കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം, ഓരോ കേസുകളുടേയും നിലവിലെ സ്ഥിതി വിവരം മുതലായ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യമായ അനുബന്ധരേഖകളും ഫയലുകളും രജിസ്റ്ററുകളും സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ -23/2022-23,24/2022-23,25/2022-23 തീയതി : 27.07.2023 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവയൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ നഗരസഭയുടെ മേൽ പരാമർശിച്ച ആസ്തികളുടെ നടത്തിപ്പവകാശം കൈമാറൽ/ ലേല നടപടികൾ ക്രമ പ്രകാരമായിരുന്നോയെന്നും ഈ ഇനങ്ങളിൽ നഗരസഭക്ക് കിട്ടേണ്ടിയിരുന്ന തുകകൾ യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കിയിരുന്നുവോയെന്നും കുടിശ്ശികത്തുക കൃത്യമായി നിരീക്ഷിച്ച് ആയത് ഈടാക്കാൻ നടപടികൾ സ്വീകരിച്ചിരുന്നോയെന്നും അതോടൊപ്പം മേൽ പറഞ്ഞവയിലേതെങ്കിലുമുള്ള നടപടികളിലെ പാളിച്ച മുഖാന്തിരം നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്നും ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.മേൽ പരാമർശിച്ച ഫയലുകളും മറ്റ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കുന്ന വിഷയത്തിൽ തികഞ്ഞ അലംഭാവമാണ് നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്.

## 1-13 തൊഴിൽ നികുതി -അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, സ്ഥാപനം ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ

കാണുന്നു.

**1. കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

2022-23 വർഷം നഗരസഭയുടെ കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/25.07.23 ന് ലഭ്യമാക്കിയ മറുപടിയിൽ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും 2 കരാറുകാർ 2022-23 ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ശേഷിച്ച കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**2. റേഷൻ കടകളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

നഗരസഭ പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എസ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

**3. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, ഹെവി വാഹന ഉടമകൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3/25.07.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അഭിഭാഷകർ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയത് പ്രകാരം ബാർ കൗൺസിലിൽ കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**4. വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 257 ൽ സെക്രട്ടറി 253-ാം വകുപ്പ് (2) -ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതായി നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിന് പകരം ഒറ്റ രജിസ്റ്ററാണ് പരിപാലിക്കുന്നത്.

**5. തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല**

മുനിസിപ്പാലിറ്റി പരിധിയിലെ സ്ഥാപനങ്ങളുടെ പേരും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുമ്പോൾ അടവാക്കുന്ന ആകെ തുകയും ബന്ധപ്പെട്ട രസീത് നമ്പരും മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ എണ്ണം, ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം, ഓരോ ജീവനക്കാരനും സ്ഥാപന മേധാവിയും ഒടുക്കേണ്ട തൊഴിൽ നികുതി (ഡിമാന്റ് തുക), ഓരോ ജീവനക്കാരനും സ്ഥാപന മേധാവിയും ഒടുക്കിയ തൊഴിൽ നികുതി (കളക്ഷൻ തുക), കുടിശ്ശിക തുക എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല . ഓരോ സ്ഥാപനത്തിൽ നിന്നുമുള്ള കളക്ഷൻ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ടി രജിസ്റ്ററിൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. നഗരസഭ ജീവനക്കാരിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

6. തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | BCV Public School, Pazhakutty |
| 2 | കൈരളി നഴ്സറി സ്കൂൾ |
| 3 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് |

7. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി പൂർണമായും ഒടുക്കു വരുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തുക ഒടുക്കാത്ത കാലയളവ് |
|---|---|---|
| 1 | Govt.Polytechnic College | രണ്ടാം അർദ്ധവർഷം |
| 2 | ഫെഡറൽ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 3 | പാലോട് കാർഷിക ഗ്രാമവികസന ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 4 | ഫിൻടെക്ക് കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 5 | വില്ലേജ് ഓഫീസ്, നെടുമങ്ങാട് | രണ്ടാം അർദ്ധവർഷം |
| 6 | വില്ലേജ് ഓഫീസ്, കരിപ്പൂർ | രണ്ടാം അർദ്ധവർഷം |

**8. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല**

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി പൂർണമായും ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | തുക ഒടുക്കാത്ത കാലയളവ് |
|---|---|---|
| 1 | South Indian Bank | രണ്ടാം അർദ്ധവർഷം |
| 2 | Kallingal Automobiles | രണ്ടാം അർദ്ധവർഷം |
| 3 | Federal Bank | രണ്ടാം അർദ്ധവർഷം |
| 4 | Al Hiba Eye Clinic | ഒന്നാം അർദ്ധവർഷം |
| 5 | SBI Nedumangad | ഒന്നാം അർദ്ധവർഷം |

**9. നിശ്ചിത ഫോർമാറ്റിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല**

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടപ്രകാരം ഫാറം നമ്പർ VII മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഫാറം നമ്പർ VII ൽ പത്രിക സമർപ്പിച്ചിട്ടില്ല. ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനം/തൊഴിൽ നികുതി തുക മാത്രമാണ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമല്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | റവന്യൂ റിക്കവറി ഓഫീസ്, നെടുമങ്ങാട് |
| 2 | കേരള വാട്ടർ അതോറിറ്റി, നെടുമങ്ങാട് |
| 3 | ഇ.എസ്.ഐ.ഡിസ്പെൻസറി |
| 4 | കെ.എസ്.ഇ,ബി, ട്രാൻസ്മിഷൻ സർക്കിൾ |
| 5 | എച്ച്.ഡി.എഫ്.സി ബാങ്ക് |
| 6 | സൗത്ത് ഇൻഡ്യൻ ബാങ്ക് |

10. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൻവർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല എന്നു കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | മിത്ര ഹോമിയോ ക്ലിനിക് |
| 2 | എസ്.എൻ ആയുർവേദ ഹോസ്പിറ്റൽ |
| 3 | ഡോ.സുജിന മെഡികെയർ & ഡെന്റൽ കെയർ |
| 4 | അഥർവ പഞ്ചകർമ്മ ചികിത്സാലയം |
| 5 | ബിനി ഹോമിയോ ക്ലിനിക് |
| 6 | സായ് ഡെന്റൽ ക്ലിനിക് |
| 7 | സ്റ്റാർ ഡെന്റൽ ക്ലിനിക് |
| 8 | എച്ച്.എസ്.ഹോസ്പിറ്റൽ |
| 9 | ശ്രീ.ആദിത്യ മെഡിക്കൽ സെന്റർ |
| 10 | സൂര്യ മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |
| 11 | കെയർ & കെയർ ഹോമിയോപ്പതിക് ക്ലിനിക് |
| 12 | ഫാത്തിമ ഡെന്റൽ ക്ലിനിക് |
| 13 | എസ്.വി ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക് |
| 14 | ഭാസ്കരവിലാസം ആയുർവേദ ഹോസ്പിറ്റൽ |
| 15 | എസ്.ആർ.പി ആയുർവേദ ക്ലിനിക് |
| 16 | ഇന്റിമസി ആയുർവേദ & സിദ്ധ ഹോസ്പിറ്റൽ |
| 17 | കെ.വി ഡിസ്പെൻസറി |
| 18 | ദേവകി ക്ലിനിക്കൽ ലബോറട്ടറി |
| 19 | എ.എസ് ഹോമിയോ ക്ലിനിക് |
| 20 | ഐശ്വര്യ ഫിസിയോതെറാപ്പി ക്ലിനിക് |
| 21 | പ്രത്യാശ ഹോമിയോപ്പതിക് സ്പെഷ്യാലിറ്റി ക്ലിനിക് |
| 22 | മായ ഡെന്റൽ ക്ലിനിക് |
| 23 | വടയ്ക്കാട് ആയുർവേദിക്സ് |
| 24 | അൽ ഷിഫ ഹോമിയോ ക്ലിനിക് |

11. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലെയും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകകൾ

തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| ഡിമാന്റ് | 3000000 | 16801390 |
| കളക്ഷൻ | 1967248 | 15240825 |
| ബാലൻസ് | 1032752 | 1560565 |

തൊഴിൽ നികുതി കുടിശ്ശിക ഇനത്തിന്റെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകകളും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| ഡിമാന്റ് | 675431 (2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം) | 314038 |
| കളക്ഷൻ | 332265 (2022-23വാർഷിക ധനകാര്യ പത്രിക പ്രകാരം) | 302745 |
| ബാലൻസ് | 343166 (2022-23വാർഷിക ധനകാര്യ പത്രിക പ്രകാരം) | 11293 |

തൊഴിൽ നികുതി കുടിശ്ശിക ഈടാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

12. ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് തുക (13333093) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് തുകയുമായി (13146543) പൊരുത്തപ്പെടുന്നില്ല.

ക്രമ നം.4 മുതലുള്ള അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 83/02.08.23 ന് മറുപടി ലഭ്യമാക്കിയില്ല. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുൻപായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും നഗരസഭ പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും തൊഴിൽ നികുതി യഥാസമയം ഒടുക്കുവരുത്തുന്നുണ്ടെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 വിനോദനികുതി ഈടാക്കുന്നതിലെ അപാകതകൾ

2022-23 വർഷത്തെ വിനോദ നികുതി സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ 2022-23 വർഷം നഗരസഭാപരിധിയിൽ പ്രവർത്തിച്ചിരുന്ന 3 സിനിമ തിയറ്ററുകളിൽ നിന്നും ജി.എസ്.ടി ഒടുക്കിയ രേഖകളുടെ അടിസ്ഥാനത്തിലല്ല നികുതി ഈടാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. പകരം തീയറ്ററുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതി കണക്കാക്കിയ സ്റ്റേറ്റുമെന്റ് മാത്രമാണ് രേഖയായി സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്റ്റേറ്റ്മെന്റിൽ ടിക്കറ്റ് ചാർജ്ജിന്റെ നിരക്ക് ഉൾപ്പെടുത്തിയിട്ടില്ല.

2. ഓരോ മാസത്തേയും വിനോദ നികുതി നിശ്ചിത സമയപരിധിക്കുള്ളിൽ ഒടുക്കുന്നതായി കാണുന്നില്ല. കൂടാതെ കാലതാമസം വരുത്തിയതിന് പിഴപലിശ ഈടാക്കിയിട്ടുള്ളതായും കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയറ്ററിന്റെ പേര് | മാസം | വിനോദ നികുതി തുക | തുക ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | റാണി തീയറ്റർ | 08/22 | 82897 | 11.10.22 |
| 2 | | 09/22 | 46567 | 14.11.22 |
| 3 | | 11/22 | 33288 | 04.01.23 |
| 4 | | 12/22 | 49121 | 23.02.23 |
| 5 | | 01/23 | 64558 | 25.03.23 |
| 6 | സൂര്യ പാരഡൈസ് | 03/22 മുതൽ 05/22 വരെ | 34710 | 20.07.22 |

| | | | | |
|---|---|---|---|---|
| 7 | | 10/22 | 1209 | 02.02.23 |
| 8 | സൂര്യ മൾട്ടിപ്ലക്സ് | 04/22 മുതൽ 05/22 വരെ | 198302 | 20.07.22 |
| 9 | | 06/22 | 67455 | 23.09.22 |
| 10 | | 07/22 | 54563 | 29.10.22 |
| 11 | | 08/22 | 66514 | 29.10.22 |
| 12 | | 09/22 | 41654 | 03.11.22 |
| 13 | | 10/22 | 115438 | 02.02.23 |
| 14 | | 11/22 | 88429 | 02.02.23 |
| 15 | | 12/22 | 44769 | 02.02.23 |

3. സൂര്യ പാരഡൈസ് എന്ന തീയറ്റർ 11/22 ന ശേഷം വിനോദനികുതി ഇനത്തിൽ തുക ഒന്നും തന്നെ നഗരസഭയിൽ ഒടുക്കിയിട്ടില്ല. കൂടാതെ 09/22 ലെ നികുതി തുകയും ഒടുക്കിയിട്ടില്ല.

4. ലഭ്യമാക്കിയ രേഖകൾ പ്രകാരം 3 തീയറ്ററുകളിൽ നിന്നായി 2022-23 സാമ്പത്തിക വർഷം വിനോദനികുതി ഇനത്തിൽ ആകെ 1430794 രൂപ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം വിനോദനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവ 1440340 രൂപയാണ്.

5. വിനോദനികുതിയുടെ 2022-23 വർഷത്തെ ഡിസിബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 32/29.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ജി.എസ്.ടി റിട്ടേൺ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ മാത്രം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി -അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡ് തരം | മേഖല | റിമാർക്സ് |
|---|---|---|---|---|---|
| 1 | 28/779(3) | റംലാബീവി | അന്താരാഷ്ട്ര മാർക്കററ് റോഡ് | ദ്വീതീയം | സൈറ്റ് പ്ലാൻ പ്രകാരം രണ്ട് കെട്ടിടങ്ങളും അടുത്തടുത്താണ് സ്ഥിതി ചെയ്യുന്നത്. എ.ഇ യുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നം. 28/779(3) കെട്ടിട നം. 28/779(2) ന്റെ എക്സ്റ്റൻ ഷൻ ആണ്. |
| | 28/779(2) | റംലാബീവി | ഐ.എസ്.ആർ,ഒ റോഡ് | പ്രഥമം | |
| 2. | 26/366 | പൂജ. എസ്.ഹരി | മഞ്ച റോഡ് | ത്രിതീയം | ഫയൽ പ്രകാം 26/366 നമ്പർ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ അധിക നിർമ്മാണം നടത്തിയതു പ്രകാരം പ്രത്യേക നമ്പർ നൽതി നികുതി നിർണ്ണയം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എ.ഇയുടെ റിപ്പോർട്ട് പ്രകാരം 26/366 ന്റെ വിസ്തീർണ്ണം 108.48 ച.മീറ്ററും(സഞ്ചയയിൽ 93.54 ച.മീ) First Floor 78.40ച,മീ First Floor Existing 10.94 ച.മീ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (വിസ്തീർണ്ണംസഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല ) |
| | | പൂജ.എസ്. ഹരി | പേരുമല റോഡ് | പ്രഥമം | |

2. ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള ചില കെട്ടിടങ്ങൾ സഞ്ചയയിൽ നിലവിലില്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | സഞ്ചയ പരിശോധിച്ചതിൽ |
|---|---|---|---|
| 1 | IX/319 | M. അഷ്റഫുദ്ദീൻ, ഹാർഡ് വെയർ& പ്ലംബിംഗ് | Building Not Found |
| 2. | IX/375 | ഫീനിക്സ് ഗോൾഡ് ആന്റ് സിൽവർ ജ്വല്ലറി വർക്സ് | Building Not Found |
| 3. | IX/451 | New Fast Food | Building Not Found |

| | | | |
|---|---|---|---|
| 4. | IX/547 | സൗമ്യ ജ്വല്ലറി | Building Not Found |

3. സഞ്ചയ പരിശോധിച്ചതിൽ വിസ്തീർണ്ണത്തിനനുസൃതമായല്ല വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത് എന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം ച.മീ | സഞ്ചയ പ്രകാരം ഉപയോഗക്രമം | ഈടാക്കിയ നിരക്ക് | കൌൺസിൽ തീരുമാനം പ്രകാരം ഈടാക്കേണ്ട നിരക്ക് |
|---|---|---|---|---|---|
| IX/ 972 | പോപ്പുലർ ലോഡ്ജ് | 231 ച.മീ | പാർപ്പിടാവശ്യം | 10 | 40 |
| IX/ 973 | പോപ്പുലർ ലോഡ്ജ് | 200 ച,മീ | വാണിജ്യാവശ്യത്തിനു 100 ച.മീ മുകളിൽ | 80 | 40 |
| IX/ 1035 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ | 544 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ | 60 | 80 |
| IX/ 1036 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ | 554 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ | 60 | 80 |
| IX/ 1038 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ | 554 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ | 60 | 80 |
| IX/ 1039 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ | 800.97 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ | 60 | 80 |

4. നികുതി ഇളവ് നൽകിയിട്ടില്ലാത്ത കെട്ടിടത്തിൽ നിന്ന് ഡിമാന്റ് ചെയ്ത് നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥൻ | തറവിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| 36/275 | എ. ജയകുമാർ | രേഖപ്പെടുത്തിയിട്ടില്ല | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, സമീപമുള്ള റോഡ്,തരം എന്നിവ രേഖപ്പെടുത്തിയി ട്ടില്ല. സഞ്ചയപ്രകാരം നികുതി ഇളവ് നൽകിയിട്ടില്ല. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.92 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.1 മുതൽ 4 വരെയുള്ള പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭാപരിധിയിലെ ഇപ്രകാരമുള്ള മുഴവൻ കെട്ടിടങ്ങളേയും കണ്ടെത്തി അപാകത പരിഹരിച്ച് വസ്തുനികുതിയിൽ ചോർച്ച സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15-1 വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയ കെട്ടിടങ്ങളിൽ സഞ്ചയയിൽ വ്യത്യസ്തമായ ഉപയോഗക്രമം.

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ സഞ്ചയ പ്രകാരം ഉപയോഗക്രമം വ്യത്യാസപ്പെട്ടു കാണുന്നു. ലൈസൻസ് രജിസ്റ്റർ വാർഡ് 8 ലെ 1 മുതൽ 25 വരെയുള്ള രേഖപ്പെടുത്തലുകളും വാർഡ് 9 ലെ 1 മുതൽ 100 വരെയുള്ള രേഖപ്പെടുത്തലുകളും മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| കെട്ടിട നം. | ഉടമസ്ഥൻ | ഉപയോഗം ലൈസൻസ് രജിസ്റ്റർ പ്രകാരം | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം |
|---|---|---|---|
| IX/6 | സുബൈദാബീവി | ടയർ റീടൈഡിംഗ് വർക്ക്സ് | പാർപ്പിടം |
| IX/95 | ശ്രീജ.സി | ബേക്കറി& സ്റ്റേഷനറി | പാർപ്പിടം |
| IX/97 | നിഷാദ്.എ | ഫർണിച്ചർ ഐറ്റംസ് | പാർപ്പിടം |
| IX/136 | ഭദ്രൻ. വി | ടയർ വർക്സ് | പാർപ്പിടം |
| IX/303 | ഇ. സലിം | പാൻ ഷോപ്പ് | പാർപ്പിടം |
| IX/389 | മഹേഷ് കുമാർ. എസ്സ | ടീ സ്റ്റാൾ | പാർപ്പിടം |
| IX/398 | ബി. ദിലീപ് കുമാർ | ആയുർവേദ ഹോസ്പിറ്റൽ | പാർപ്പിടം |
| IX/576 | ശശികുമാർ. കെ | ലക്ഷ്മി ഫാഷൻ ജ്വല്ലറി | സ്വകാര്യ ആവശ്യത്തിനുള്ള ഓഫീസ് കെട്ടിടം |
| IX/624 | ഷൈജു | ആരാധന ബേക്കറി | നികുതി, ഉപനികുതി ഒഴിവാക്കിയ |

| | | | |
|---|---|---|---|
| | | | കെട്ടിടം |
| IX/668 | കെ. കമലാസനൻ | റാണി തീയേറ്റർ കഫേറ്റേറിയ | നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടം |
| VIII/137 | എസ്. സൈനുദ്ദീൻ | Seedling Of Plants | പാർപ്പിടം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ വാർഡുകളിലേയും ഇത്തരത്തിൽ തെറ്റായി ഉപയോഗക്രമം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളെ കണ്ടെത്തി കെട്ടിട നികുതി ശരിയായി നിർണ്ണയിക്കേണ്ടതും ഇപ്രകാരം തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-15-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

എ) അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതിയിനത്തിൽ നാളിതുവരെ തുകയൊന്നും തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. 2022-23 വർഷം വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 5/507/UA | മൊബൈൽ ടവർ | 151164 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 2 | 5/256/UA | ബി.എസ്.എൻ.എൽ ടവർ | 181397 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 3 | 8/913/UA | മൊബൈൽ ടവർ | 22917 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 4 | 8/914/UA | ബി.എസ്.എൻ.എൽ ടവർ | 22917 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |

മേൽ പരാമർശിച്ചിട്ടുള്ള മൊബൈൽ ടവറുകൾ പ്രവർത്തനമാരംഭിച്ച തീയതി വ്യക്തമാക്കേണ്ടതും നാളിതുവരെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

ബി) താഴെപ്പറയുന്ന വിവിധ ടെലഫോൺ ടവറുകളുടെ 2022-23 വർഷം വരെയുള്ള വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതിയിനത്തിൽ നാളിതുവരെ തുകയൊന്നും തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | 2020-21 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | 8/912 | റാറ്റ ടെലിസർവീസ് ലിമിറ്റെഡ് | 45274 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 2 | 24/427 | ഭാരതി ഇൻഫ്രാട്ടെൽ ലിമിറ്റഡ് | 35265 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 3 | 8/1319 | Aircel | 82356 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 4 | 28/397 | ഇൻഡസ് ടവർ ലിമിറ്റഡ് | 119902 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 5 | 28/432 | മൊബൈൽ ടവർ | 94640 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 6 | 32/334 | എം/ എസ് റിലിയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 45434 (2016 ഒന്നാം അർദ്ധ വർഷം മുതൽ) |
| 7 | 7/67/2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 17318 (2021-22 I Half മുതൽ) |
| 8 | 15/389 | ഇൻഡസ് ടവേഴ്സ് | 123737, 2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ രണ്ടാം അർദ്ധവർഷത്തേയും 2021-22 മുതൽ നാളിതുവരേയും |
| 9 | 20/41 | ഭാരതി ഇൻഫ്രാടെൽ | 66417, 2013-14 മുതൽ ഉള്ള തുക അതിൽ 2016-17 I Half മുതൽ 2019-20 II Half വരെ അടച്ചിട്ടുണ്ട്. |
| 10 | 29/383 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമി | 293442, 2013-14 മുതലുള്ള തുക അടയ്ക്കാനുണ്ട്. അതിൽ 2020-21 ആദ്യ അർദ്ധവർഷം മുത്ൽ 2021-22 രണ്ടാം അർദ്ധ വർഷം വരെ അടച്ചിട്ടുണ്ട്. |
| 11 | 38/255 | ഇൻഡസ് ടവർ | 309872, 2016-17 മുതൽ നാളിതു |

| | | | |
|---|---|---|---|
| | | ലിമി | വരെ അതിൽ 2016-17 lihalf 2017-18 ll Half 2018-19 ll Half, 2019-20 ll Half, എന്നിവയിൽ അടച്ചിട്ടില്ല. 2020-21 ll Half മുതൽ നാളിതു വരെ അടയ്ക്കാനുണ്ട് |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 40 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കുന്നതിനുള്ള നികുതി കുടിശ്ശികകൾ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-3 ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തു

1. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തു നികുതി നിർണയം നടത്തിയ വിവിധ കെട്ടിടങ്ങളുടെ വാർഷിക ഡിമാന്റ് തുക രേഖപ്പെടുത്താതെ (ഡിമാന്റ് തുക 0)കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പിരിച്ചെടുത്ത തുക നിലവിൽ അഡ്വാൻസ് ഇനത്തിൽ നില നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയയിൽ മേൽ കെട്ടിടങ്ങൾ വിമുക്ത ഭടൻമാരുടേതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | നാളിതു വരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 9/298 | ശേഖരപിള്ള/ പത്മിനി | പാർപ്പിടം | 59 ച.മീ | 748 |
| 2 | 9/965 | സോമൻനായർ | പാർപ്പിടം | 60 ച.മീ | 1603 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.101 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15-4 ഡിമോളിഷ്ഡ് ബിൽഡിംഗ് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകി

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് ചെയ്ത കാലയളവിലെ നികുതി പൂർണമായും പിരിച്ചെടുക്കാതെ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം. | ഫയൽ നമ്പർ/ അപേക്ഷ തീയതി (സഞ്ചയ പ്രകാരം) | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | വിസ്തീർണം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|---|
| 1 | R1/9153/21/18.5.22 | 8/31 | ഗിരിജ | പാർപ്പിടം | 77.17 | 2022 I Half |
| 2 | R1/9153/21/18.5.22 | 8/106 | ബി.പ്രവീൺകമാർ | പാർപ്പിടം | 142.76 | 2022 I Half |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.101 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15-5 സഞ്ചയ അപാകത- പരിഹരിച്ചിട്ടില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 7.4.2022 ലെ അജണ്ട 2 പ്രകാരം സഞ്ചയ പ്രാബല്യത്തിൽ വന്ന സമയം സേവന ഉപനികുതി 10% ആണ് ജനറേറ്റ് ചെയ്തിരുന്നതെന്നും എന്നാൽ കൗൺസിൽ തീരുമാനപ്രകാരം സേവനഉപനികുതി 9% എന്ന് നിശ്ചയിച്ചിട്ടുണ്ടെന്നും എന്നാൽ ആയത് പരിഹരിച്ചിട്ടില്ലായെന്നും ഫ്യൂവൽ സ്റ്റേഷനുകളുടെ അടിസ്ഥാന നികുതി നിർണ്ണയ നിരക്ക് സഞ്ചയസോഫ്റ്റ് വെയറിൽ 50/- രൂപയാണ് ജനറേറ്റ് ചെയ്തിരിക്കുന്നതെന്നും എന്നാൽ കൗൺസിൽ തീരുമാനപ്രകാരം 60 ആയി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ വേക്കൻസി റമിഷൻ, വിമുക്ത ഭടൻമാർക്ക് നൽകുന്ന നികുതി ഇളവ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ലായെന്നും അജണ്ടയിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തീയതിയിലെ തീരുമാനം 2 പ്രകാരം കെട്ടിടനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഐ.കെ.എം. ഡയറക്ടർക്ക് കത്ത് നൽകുന്നതിന് കൗൺസിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

ആയതിന്റെ തുടർനടപടി വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 93 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയ പരിശോധിച്ചതിൽ മേൽ അപാകത പരിഹരിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ വിഷയത്തിൻമേലുള്ള തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-15-6 എസ്.യു.ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസ്- മരാമത്ത് സ്ഥിരം സമിതിയുടെ തീരുമാനത്തിൻമേലുള്ള തുടർനടപടി വിവരം ലഭ്യമാക്കിയില്ല

മരാമത്ത് സ്ഥിരം സമിതിയുടെ 25.11.22 ലെ 3-ാം നം.തീരുമാന പ്രകാരം നെടുമങ്ങാട് നഗരസഭയിലെ എസ്.യു.ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസ് 2004 മുതൽ പ്രവർത്തിച്ചു വരുന്നതായും 2005 ൽ പുതിയ സ്ഥലത്ത് നടത്തിയ എക്സ്റ്റൻഷൻ പ്രവൃത്തികൾ അനധികൃതമായത് ക്രമവത്ക്കരിക്കുന്നതിനായി വേങ്കോട് ജംഗ്ഷൻ മുതൽ എസ്.യു.ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസ് വരെ നിലവിലെ റോഡിന്റെ 6 മീറ്റർ വീതി എന്നുള്ളത് 12 മീറ്റർ ആക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനും ടി റോഡ് വീതി കൂട്ടുന്നതിനും വേണ്ട സ്ഥലമെടുപ്പും മറ്റ് അത്യാവശ്യമായി വരുന്ന നിയമപരമായ ചെലവ് സ്ഥാപനത്തിന്റെ മാനേജ്മെന്റ് നഗരസഭയിൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. 19.01.2023 ലെ അജണ്ട 6 തീരുമാനം 6 പ്രകാരം വേങ്കോട് ജംഗ്ഷൻ മുതൽ ടവർ ജംഗ്ഷൻ വരെയുള്ള റോഡ് വീതി കൂട്ടുന്നതിലേയ്ക്കായി അമ്മാവൻപാറ ടൂറിസം കൂടി കണക്കിലെടുത്ത് നിയമപ്രകാരം സ്ഥലം ഏറ്റെടുത്ത് നഗരസഭ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനും നഷ്ടപരിഹാര തുക എസ്.യു.ടിയിൽ നിന്ന് ലഭ്യമാക്കി ഭൂമി വിട്ടു നൽകുന്നതിനും സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭാസെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 94 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-15-7 റവന്യൂ വരവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1. സ. ഉ(കൈ) നം. 117/2022/ Lsgd Dated 1.6.2022 പ്രകാരം തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരം അത്തരത്തിലൊരു രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2. മേൽ ഉത്തരവ് പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റുമെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. കൂടാതെ നികുതി പിരിവിന്റേയും നികുതിയേതര വരവിന്റേയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ വാർഡ് സഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കുകയും പ്രാദേശിക സർക്കാർ ഭരണസമിതി യോഗത്തിലും വാർഡ് സഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.

മേൽ പരാമർശിച്ചിട്ടുള്ളവയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

### 1-15-8 സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല . വിശദാംശം ചുവടെ

1. എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം. 36/2015/Lsgd Dated 24.02.2015) പ്രകാരം സ്വകാര്യ ഹോസ്റ്റൽ / ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, എം.എസ്. എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നീ വിഭാഗങ്ങളിലെ കെട്ടിടങ്ങൾക്ക് കൂടിയതും കുറഞ്ഞതുമായ വസ്തുനികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. സ.ഉ(അ) നം. 53/2020/Lsgd Dated 8.9.2020 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരമുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അത്തരത്തിലുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾ നഗരസഭാ പരിധിയിൽ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3. സർക്കുലർ നം. RB3/178/2020/Lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയോഗിക്കുക അതുവഴി പാർക്കിംഗ് ഏരിയ, റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽവരുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ഉള്ള

അനധികൃതനിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-15-9 വിമുക്തഭടൻമാർക്ക്- വസ്തുനികുതി ഇളവ്- അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തു നികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ മേൽ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ വസ്തുനികുതിയിൽ വിമുക്തഭടൻമാർക്ക് ഇളവ് നൽകിയതിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. അർഹരായവർക്കാണ് ഇപ്രകാരം വസ്തുനികുതി ഇളവ് അനുവദിക്കുന്നതെന്ന് ധനകാര്യസ്റ്റാന്റിംഗ് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## 1-15-10 വസ്തു നികുതി അവലോകനം

മുൻ വസ്തു നികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

2013 വസ്തു നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ് .

**ഓഡിറ്റിന്റെ ശുപാർശകൾ:**

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3) അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) നഗരസഭ പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6) വസ്തുനികുതി നിർണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് വസ്തുനികുതി പരിഷ്കരണം സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-16 കെട്ടിടങ്ങളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് -അപേക്ഷ ക്രമപ്രകാരമല്ല – കാലതാമസം ഒഴിവാക്കണം

ഒക്യുപ്പൻസി സർട്ടഫിക്കറ്റ് അപേക്ഷ ഫയലുകൾ പരിശോധിച്ചതിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 2019 ലെ സെക്ഷൻ 20 ൽ സൂചിപ്പിച്ചിട്ടുള്ളത് പ്രകാരം E1/E3 Appendix സിൽ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പകരം കെട്ടിട നികുതി ചുമത്തുന്നിനുള്ള അപേക്ഷയിൽ കെട്ടിടം പൂർത്തിയാക്കിയ തീയതി രേഖപ്പെടുത്തി കെട്ടിട നികുതി കണക്കാക്കുവാനുള്ള അപേക്ഷയാണ് സമർപ്പിച്ച് കാണുന്നത്. കംപ്ലീഷൻ റിപ്പോർട്ടിനെ തുടർന്നുള്ള പരിശോധനയിൽ മറ്റ് അപാകതകൾ ഇല്ലെങ്കിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 2019 സെക്ഷൻ 20 (3) പ്രകാരം കംപ്ലീഷൻ റിപ്പോർട്ട് ലഭിച്ച് 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്. അങ്ങനെ 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാത്ത ഫയലുകൾ ( ചിലത്) ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്, ഫയൽ നമ്പർ | കെട്ടിട നികുതി അപേക്ഷ തീയതി | ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയ തീയതി |
|---|---|---|
| വിനീഷ .വി, | 11.11.2022 | 17.01.2023 |

| | | |
|---|---|---|
| TP2/13956/22 | | |
| ഷെമിന. എസ്, TP2/13571/21 | 10.12.2021 | 26.09.2022 |
| സ്മിത്ത് .എസ്, TP2/9274/22 | 10.08.2022 | 19.12.2022 |

ഒക്യുപ്പൻസി സർട്ടഫിക്കറ്റ് അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന് 02.08.2023 തീയതിയിലെ 81 -ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം ഒഴിവാക്കാൻ 12/12/2019 തീയതിയിലെ സ.ഉ (സാധാ) നം. 2837/2019/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിടനിർമ്മാണ /ഒക്കുപ്പൻസി സർട്ടിഫിക്കറ്റുകൾ, അവയുടെ സ്ഥിതിവിവര കണക്കുകൾ നിശ്ചിത പ്രൊഫോർമയിൽ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഔദ്യോഗിക വെബസൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതായിട്ടുണ്ട്.02.08.2023 തീയതിയിലെ 81 -ാം നമ്പർ ഓഡിറ്റ് അന്വഷണത്തിന് മറുപടിയായി മേൽ ഉത്തരവ് പ്രകാരമുള്ള അപ്‌ഡേഷൻ ചെയ്യുന്നില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസി സർട്ടഫിക്കറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിയമാനുസൃതമായ നടപടികൾ പൂർത്തിയാക്കി കാലതാമസം വരുത്താതെ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16-1 അനധികൃത നിർമ്മാണം -നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കണം

13.01.2023 തീയതിയിൽ നടന്നിട്ടുള്ള കൗൺസിൽ മീറ്റിംഗ് അജണ്ട 3 തീരുമാനപ്രകാരം ശ്രീ. അബ്ദുൾ അസീസ് എന്നയാളിന്റെ അനധികൃത കെട്ടിട നിർമ്മാണം, കിള്ളിയാറിന്റെ തീരം കയ്യേറൽ എന്നിവയുമായി ബന്ധപ്പെട്ടുള്ള പരിശോധനയ്ക്കായി നഗരസഭ തീരുമാനിച്ചിരുന്നു. ആയതിന്‍ മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റ് അന്വഷണം 31.07.2023 തീയതിയിലെ 57 -ാം നമ്പർ പ്രകാരം അന്വേഷിച്ചതിൽ ആയതിൽ കൂടുതൽ അന്വേഷണം നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 2019 ലെ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നഗരസഭ നടത്തിയിരുന്നെങ്കിൽ നഗരസഭയുടെ അധികാരപരിധിയിൽ വരുന്ന അനധികൃത നിർമ്മാണങ്ങൾ സമയോചിതമായി തടയുവാൻ കഴിയുമായിരുന്നു. കൂടാതെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമപരമായി ക്രമീകരിക്കുന്നത് വഴി നഗരസഭയ്ക്ക് അധിക വരമാന ലഭ്യതയും ഉണ്ടാകുന്നതാണ്. പ്രസ്തുത വിഷയുമായി ബന്ധപ്പെട്ടുള്ള നിയമനിഷ്കർഷകൾ പാലിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-16-2 വാണിജ്യം റെസിഡൻഷ്യൽ വേർതിരിവില്ലാതെ പെർമിറ്റ് ഫീസ് കണക്കാക്കൽ -നഗരസഭ ഫണ്ടിൽ നഷ്ടം

റെസിഡൻഷ്യൽ കമേഴ്സ്യൽ ബിൽഡിംഗ് പെർമിറ്റിന് വേണ്ടിയുള്ളTP1/325/23 ാം നമ്പർ അപേക്ഷയിൽ കമേഴ്സ്യൽ (70.42m2 ,19.25 M2) റെസിഡൻഷ്യൽ (56.22m2,104.70 M2) എന്നിങ്ങനെയാണ് ചേർത്തിട്ടുള്ളത്. ആകെ 250. 59 $M^2$. എന്നാൽ പെർമിറ്റ് ഫീസ് ഈടാക്കിയപ്പോൾ റെസിഡൻഷ്യൽ കമേഴ്സ്യൽ എന്ന വേർതിരിവില്ലാതെ 7/- രൂപ നിരക്കിലാണ് 250.59 $M^2$ നും ഫീസ് ഈടാക്കിയിട്ടുള്ളത്.

<u>പെർമിറ്റ് ഫീസ് കണക്കാക്കിയത്</u>

250.59 $M^2$ * 7 = 1754.13/-

5% * 1754.13 = 87.70/-

ആകെ = 1842 /-

<u>പെർമിറ്റ് ഫീസ് കണക്കാക്കേണ്ടിയിരുന്നത്</u>

റെസിഡൻഷ്യൽ ( 56.22 + 104.70)160.92 *7 = 1126.44/-

കമേഴ്സ്യൽ ( 70.42 + 19.25) 89.67 * 10 = 896.7 /-

ആകെ = 2023/-

5% * 2023 = 101.15

**ആകെ = 2124.15**

**വ്യത്യാസം = 282/രൂപ**

മേൽ വിഷയത്തിൽ വ്യക്തത വരുത്തുവാൻ 02.08.2023 തീയതിയിൽ 81 ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16-3 ഫയലുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ള അപേക്ഷയിന്മേലുള്ള തുടർനടപടി ഫയലുകൾ പൂർണ്ണമായും ഓഡിറ്റിന് ലഭ്യക്കിയില്ല. ടി ഫയലുകൾ ലഭ്യമാക്കുന്നതിലേക്ക് 02.08.2023 തീയതിയിൽ 4 -ാം നമ്പരായി ലഭ്യമാക്കുവാനുള്ള ഫയൽ നമ്പർ സഹിതം ഓഡിറ്റ് റിക്വസിഷൻ നൽകിയിരുന്നുവെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | ഫയൽ നമ്പർ | തരം | ഏരിയ |
|---|---|---|---|

| | | | |
|---|---|---|---|
| സുമേഷ് .എസ് | TP1/4134/22 | റെസിഡൻഷ്യൽ കമേഴ്സിയൽ | 154.04 $M^2$<br>42.57 $M^2$ |
| ലതാകുമാരി. എസ് | TP1/4092/22 | കമേഴ്സിയൽ | 561.93$m^2$ |
| ജയപ്രകാശ് | TP1/4391/22 | കമേഴ്സിയൽ | 298 $M^2$ |
| മാതാ അമൃതാനന്ദമയീ ചാരിറ്റബിൾ ട്രസ്റ്റ് | TP!/6422/22 | - | 990.97$m^2$ |
| അനിൽകുമാർ | TP1/7828/22 | റെസിഡൻഷ്യൽ കമേഴ്സിയൽ | 224.10$m^2$ |
| ജിതേഷ് | TP1/9113/22 | കമേഴ്സിയൽ | 349.44$m^2$ |
| നസീറുദ്ദീൻ | TP1/9621/22 | റെസിഡൻഷ്യൽ | 398.31 $M^2$ |
| സുരേഷ്. എൽ | TP1/10535/22 | റെസിഡൻഷ്യൽ കമേഴ്സിയൽ | 223.66$m^2$ |
| രംഗനാഥൻ, ചന്ദ്രിക | TP1/11623/22 | റെസിഡൻഷ്യൽ കമേഴ്സിയൽ | 373.31 $M^2$ |
| അരുൺഷാ .ജെ | TP1/15210/22 | റെസിഡൻഷ്യൽ കമേഴ്സിയൽ | 263.84$m^2$ |
| മഹേഷ്. കെ.പി | TP1/1068/23 | കമേഴ്സിയൽ | 2355.60 $M^2$ |

## 1-17 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 2022-23 ലെ കുടിശ്ശിക - രൂപ 2917662/-

2022-23 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും, രജിസ്റ്ററിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം, ചുവടെ പരാമർശിച്ചിരിക്കുന്ന കടമുറികളിൽ നിന്നും വാടകത്തുക പിരിഞ്ഞ് കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | വാടകക്കാരന്റെ പേര് | കടമുറി നം. | രജിസ്റ്ററിലെ പേജ് നം. | പ്രതിമാസ വാടക(GST ഉൾപ്പടെ) (രൂപ) | 2022-23 ലെ കുടിശികത്തുകയും മാസങ്ങളും (രൂപ) |
|---|---|---|---|---|---|
| A | കേശവൻ നായർ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | നസീമുദ്ദീൻ | 14/424 | 1 | 16890 | 202680<br>04/22-03/23 |
| 2 | കോമളവല്ലി | 14/431 | 3 | 7866 | 55062<br>09/22-03/23 |
| 3 | ജെ. ആർ വീന | 14/433 | 3 | 8802 | 105624<br>04/22-03/23 |
| 4 | സലീൽ ഖാൻ | 14/434 | 3 | 18041 | 216492<br>04/22-03/23 |
| 5 | യാസിർ എൻ സുലൈമാൻ | 14/435 (1) | 4 | 4127 | 49524<br>04/22-03/23 |
| 6 | ജെ. ആർ. വീന | 14/437 | 4 | 9404 | 112848<br>04/22-03/23 |
| 7 | ഫാത്തിമ ഷാഫി | 14/437 (5) | 5 | 6252 | 75024<br>04/22-03/23 |
| 8 | ഷജീർ എസ് | 14/436 (4) | 5 | 14027 | 112216<br>08/22-03/23 |
| 9 | ഫാത്തിമ ഷാഫി | 14/436(3) | 5 | 9555 | 114660<br>04/22-03/23 |
| 10 | സെക്രട്ടറി, താലൂക്ക് ടെക്. എഡ്യു. സൊസൈറ്റി | 14/439(2) | 7 | 3945 | 47430<br>04/22-03/23 |
| 11 | പ്രഭാകരൻ | 14/444 | 8 | 2994 | 35928<br>04/22-03/23 |
| 12 | ഷജീർ | 14/446 | 8 | 2683 | 32196<br>04/22-03/23 |
| 13 | സിദ്ദിഖ് | 14/447 | 8 | 3046 | 36552<br>04/22-03/23 |
| 14 | നാസർ | 14/448 | 8 | 3077 | 12308<br>12/22-03/23 |
| 15 | സലാഹുദ്ദീൻ | 14/449 | 9 | 3175 | 12700<br>12/22-03/23 |
| 16 | ബദറുദ്ദീൻ | 14/450 | 9 | 3156 | 12624<br>12/22-03/23 |

| | | | | | |
|---|---|---|---|---|---|
| 17 | മാഹീൻ | 14/453 | 9 | 3060 | 36720<br>04/22-03/23 |
| 18 | ഹാജ | 14/455 | 9 | 3080 | 27720<br>07/22-03/23 |
| 19 | ഫാത്തിമ ഷാഫി | 14/456 | 9 | 3002 | 21014<br>09/22-03/23 |
| 20 | സുധീർ | 14/457 | 9 | 3817 | 19085<br>11/22-03/23 |
| 21 | വഹാബ് | 14/461 | 9 | 2981 | 35772<br>04/22-03/23 |
| 22 | നവാസ് ഖാൻ | 14/463 | 9 | 3817 | 45804<br>04/22-03/23 |
| B | ഓൾഡ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 23 | സെക്രട്ടറി, INTUCC | 14/418 | 15 | 393 | 4716<br>04/22-03/23 |
| 24 | സെക്രട്ടറി, സി.പി.ഐ ഓഫീസ് | 14/404 | 15 | 415 | 4980<br>04/22-03/23 |
| 25 | സെക്രട്ടറി, സി.ഐ.റ്റി. യു ഓഫീസ് | 14/410 | 15 | 415 | 4565<br>05/22-03/23 |
| 26 | ബദറുദ്ദീൻ | 14/405 (SS1) | 17 | 778 | 9336<br>04/22-03/23 |
| 27 | ബദറുദ്ദീൻ | 14/405 (SS2) | 17 | 778 | 9336<br>04/22-03/23 |
| 28 | ഇബ്രാഹീം കുഞ്ഞ് | 14/405 (SS3) | 17 | 778 | 3112<br>12/22-03/23 |
| 29 | ജയശ്രീ | 14/405 (SS5) | 18 | 778 | 9336<br>04/22-03/23 |
| 30 | അബ്ദുൾ ഖാദർ | 14/405 (SS10) | 18 | 778 | 9336<br>04/22-03/23 |
| 31 | ബാലകൃഷ്ണ പിള്ള | 14/405 (SS11,12,13) | 18 | 2256 | 13536<br>10/22-03/23 |
| C | സെമി പെർമനന്റ് ഷെഡ് - സി ബ്ലോക്ക് | | | | |
| 32 | ഹാഷിം | 14/404 C9 | 20 | 959 | 11508<br>04/22-03/23 |
| 33 | കമലം | 14/404 C10 | 20 | 959 | 8631<br>07/22-03/23 |
| 34 | ഷാഹുൽ ഹമീദ് | 14/404 11(C11) | 20 | 959 | 8631<br>07/22-03/23 |
| 35 | ശോഭന | 14/404 (C12) | 20 | 959 | 11508<br>04/22-03/23 |
| 36 | രാജമ്മാൾ ചന്ദ്രിക | 14/404 C16 | 21 | 959 | 4795<br>11/22-03/23 |
| 37 | കുട്ടപ്പൻ | 14/404 C17 | 22 | 959 | 11508<br>04/22-03/23 |
| 38 | മുഹമ്മദ് റാഫി | 14/404 C18 | 22 | 1008 | 12096<br>04/22-03/23 |
| 39 | അബ്ദുൾ ജലീൽ | 14/404 C20 | 22 | 959 | 11508<br>04/22-03/23 |
| 40 | നബീസ ബീവി | 14/404 C21 | 23 | 959 | 11508<br>04/22-03/23 |
| 41 | ഷാഫി റാവുത്തർ | 14/404C22 | 23 | 1067 | 5335<br>11/22-03/23 |
| 42 | ലത്തീഫാ ബീവി | 14/404C23 | 23 | 959 | 11508<br>04/22-03/23 |
| 43 | ദിൽഷാദ് | 14/404 C24 | 23 | 959 | 2877<br>01/23-03/23 |
| 44 | റഹില ബീവി | 14/404C25 | 24 | 968 | 11616<br>04/22-03/23 |
| 45 | സുലേഖ ബീവി | 14/404C26 | 24 | 959 | 11508<br>04/22-03/23 |
| D | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | | | | |

| | | | | | |
|---|---|---|---|---|---|
| 46 | പീരു മുഹമ്മദ് | 14/305(1) | 25 | 16580 | 66320<br>12/22-03/23 |
| 47 | സൈനുദ്ദീൻ | 14/305 (5) | 26 | 7327 | 36635<br>11/22-03/23 |
| 48 | സുഹറാ ബീവി | 14/305(8) | 26 | 7327 | 29308<br>12/22-03/22 |
| 49 | മുഹമ്മദ് റാഫി | 14/305(9) | 26 | 8260 | 57820<br>09/22-03/23 |
| 50 | സിദ്ദിക്ക് | 14/305(22) | 30 | 3102 | 37224<br>04/22-03/23 |
| E | മുൻസിപ്പൽ ബിൽഡിംഗ് | | | | |
| 51 | മാനേജർ ബാങ്ക് ഓഫ് ബറോഡ | ...... | 31 | 13283 | 53132<br>12/22-03/23 |
| F | പൂവത്തൂർ ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 52 | സെക്രട്ടറി ഇ.കെ നായനാർ ലൈബ്രറി | 28/130(2) | 32 | 1639 | 19668<br>04/22-03/23 |
| 53 | സെക്രട്ടറി സി.പി.ഐ(എം) | 24/130(6) | 33 | 1596 | 1596<br>03/23 |
| G | ഇരിഞ്ചിയം ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 54 | ആരോമൽ | 24/352(3) | 34 | 1252 | 15024<br>04/22-03/23 |
| 55 | അശോക് | 24/352(4) | 34 | 765 | 9180<br>04/22-03/23 |
| 56 | അശോക് | 24/352(4) | 34 | 978 | 11736<br>04/22-03/23 |
| 57 | സജാദ് സാഗർ | 24/352(6) | 35 | 589 | 7068<br>04/22-03/23 |
| H | കുശർകോട് വ്യവസായ എസ്റ്റേറ്റ് | | | | |
| 58 | പ്രസന്നൻ | 23/302-16 | 36 | 1218 | 9744<br>08/-03/23 |
| 59 | രാജ്കുമാർ | 23/302-9 | 36 | 1218 | 14616<br>04/22-03/23 |
| 60 | രാജു | 23/302-11 | 36 | 1262 | 15144<br>04/22-03/23 |
| I | ൌൺഹാൾ കടമുറികൾ | | | | |
| 61 | ശ്രീജ | 9/611 G4 | 39 | 6815 | 40890<br>09/22-03/23 |
| 62 | രാജീവ് കുമാർ | 9/625 G15 | 40 | 8674 | 104088<br>04/22-03/23 |
| 63 | നബീസത്ത് ബീവി | 9/621,622,623 | 40 | 21737 | 260844<br>04/22-03/23 |
| 64 | സെക്രട്ടറി ൌൺ ഹോട്ടൽ CO-Op Society | 9/633,563,757 | 41 | 25424 | 305088<br>04/22-03/23 |
| 65 | യത്തീഷ് കുമാർ | 9/661 | 42 | 3681 | 22086<br>10/22-03/23 |
| 66 | യത്തീഷ് കുമാർ | 9/662 | 42 | 3293 | 19758<br>10/22-03/23 |
| 67 | റഹിം | 9/672 | 43 | 3600 | 43200<br>04/22-03/23 |
| 68 | റഹിം | 9/673 | 43 | 4780 | 57360<br>04/22-03/23 |
| 69 | ഷാജിം | 9/674 | 43 | 4780 | 57360<br>04/22-03/23 |
| ആകെ | | | | | 2917662/- |

പരിമിതമായ വിവരങ്ങൾ മാത്രമാണ് വാടക രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. വാടക തുക ഈടാക്കിയതായുള്ള രസീത് നമ്പറും തീയതിയും (ചില സന്ദർഭങ്ങളിൽ അടയാളപ്പെടുത്തലുകൾ മാത്രം) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈടാക്കിയ തുക എത്രയാണെന്ന് കാണിച്ചിട്ടില്ല. തുക രേഖപ്പെടുത്താത്തതിനാൽ തന്നെ യഥാസമയം വാടക ഒടുക്കാത്തവരിൽ നിന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 538(2) പ്രകാരമുള്ള പിഴ പലിശ കൃത്യമായി കണക്കാക്കി ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.മേൽ പരാമർശിച്ച ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് പുറമേ വാളികോട്, ൌൺ യു.പി.എസ്, സത്രം ജംഗ്ഷൻ, പതിനൊന്നാം കല്ല്, മാർക്കറ്റ് ജംഗ്ഷൻ, പഴകുറ്റി എന്നിവിടങ്ങളിലെ ബങ്കുകളിൽ നിന്നും വൻ തോതിലുള്ള തുക (കുടിശ്ശിക)

വാടകയായി നഗരസഭക്ക് ലഭിക്കാനുള്ളതായി കാണുന്നു. മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിലേക്ക് ലഭിക്കേണ്ട മേൽ പരാമർശിച്ച വാടകയിനത്തിലെ നികുതിയേതര (കുടിശ്ശിക) വരവിനങ്ങൾ അടിയന്തിരമായി വസൂലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 പുതിയ വരുമാനമേഖല - തുടർനടപടി സ്വീകരിച്ചിട്ടില്ല

നഗരസഭ ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 24.08.22 ലെ യോഗത്തിലെ 7(iii) നം. തീരുമാനം പ്രകാരം നഗരസഭയുടെ തുമ്പൂർമുഴി യൂണിറ്റിൽ ഉൽപ്പാദിക്കപ്പെടുന്ന വളം, കർഷകരിൽ നിന്നും 5 കി.ഗ്രാമിന് 20 രൂപ നിരക്കിൽ ഫീസ് ഈടാക്കി വിൽപന നടത്തുന്നതിനും ആയതിലേയ്ക്ക് പേക്കിംഗ് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ആയതിന്റെ തുടർനടപടി വിവരം ഒന്നും തന്നെ തുടർന്നുള്ള ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി യോഗമിനിട്സുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത വിഷയം ജനറൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതായോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടുള്ളതായോ ബന്ധപ്പെട്ട യോഗമിനിട്സുകളിൽ കാണുന്നില്ല. 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രികയിലും അത്തരമൊരു വരവ് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. 2022-23 വർഷം വളം വിൽപന നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിലൂടെ ലഭിച്ച വരവ് എത്രയെന്നും ടി തുകയുടെ ഒടുക്കുവിവരവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/26.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിൽപന നടത്തിയിട്ടില്ലായെങ്കിൽ നാളിതുവരെ ഉൽപാദിക്കപ്പെട്ട വളത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം കൂടി ലഭ്യമാക്കേണ്ടതാണ്. മേൽ തീരുമാനത്തിന്റെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതും പുതിയ തനതു വരുമാന മേഖലകൾ കണ്ടെത്തുന്നതിന് നഗരസഭ ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്തുനൽകാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല - തനത് ഫണ്ടിന് വൻ തുക നഷ്ടപ്പെടുന്നു

2022-23 വർഷത്തെ വാടക രജിസ്റ്ററിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം, ചുവടെ പരാമർശിച്ചിരിക്കുന്ന കടമുറികൾ ലേലം ചെയ്തുനൽകാനുള്ള നടപടികൾ സ്വീകരിക്കാതെ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട നംപർ | വാടക രജിസ്റ്റർ പേജ് നംപർ | പ്രതിമാസ വാടക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 14/439 | 6 | ലഭ്യമല്ല | കേശവൻ നായർ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിൽ |
| 2 | 14/463(1) | 12 | ,, | ,, |
| 3 | 14/404 C13 | 21 | ,, | സെമി പെർമനന്റ് ഷെഡ് - സി ബ്ലോക്കിൽ |
| 4 | 14/404 C14 | 21 | ,, | ,, |
| 5 | 14/404 C15 | 21 | ,, | ,, |
| 6 | 14/404 C16 | 22 | .. | ,, |
| 7 | 14/305(13) | 27 | ,, | ന്യൂ ഷോപ്പിംഗ് കോംപ്ലക്സിൽ |
| 8 | 14/305(18) | 28 | ,, | ,, |
| 9 | 14/305(21) | 29 | ,, | ,, |
| 10 | 14/305(22) | 29 | ,, | ,, |
| 11 | 2/309(10) | 38 | ,, | കാഞ്ഞിരംപാറ മാർക്കറ്റിൽ |
| 12 | 9/678 | 44 | ,, | ടൗൺഹാൾ കോംപ്ലക്സിൽ |
| 13 | 6/679 | 45 | ,, | ,, |

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള മേൽ പരാമർശിച്ച കടമുറികൾ ലേലം ചെയ്തു നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 59/31.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങളുടെ അഭാവത്തിൽ, നഗരസഭയുടെ വിവിധ വരുമാനോപാധികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി അതുവഴി തനതു ഫണ്ടിലേക്ക് അധിക വരുമാനം മുതൽക്കൂട്ടുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ്. വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി യഥാവിധി പരിപാലിച്ച് വാടകക്ക് നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഇരിഞ്ചിയം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഒഴിഞ്ഞതുകാരണം വാടകയിനത്തിലെ നഷ്ടം – രൂ.20916/-

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഇരിഞ്ചിയം ഷോപ്പിംഗ് കോംപ്ലക്സിലെ 24/352(1),24/352(2) നമ്പർ കടമുറികൾ 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെ) നെടുമങ്ങാട് സർവ്വീസ് സഹകരണ ബാങ്കിന് യഥാക്രമം 855,708/- രൂപയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നതും 2022 മാർച്ച് മാസം വരെയുള്ള വാടകയായ 9378/- രൂപ മുൻകൂറായി ഒടുക്കിയിരുന്നതുമാണ്. മേൽ കെട്ടിടത്തിൽ വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയില്ലാത്തതിനാൽ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള വളം ഡിപ്പോ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതിനാൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കണമെന്നാവശ്യപ്പെട്ട് 01.06.2022, 10.10.2022 തീയതികളിൽ നഗരസഭക്ക് കത്തുനൽകിയിട്ടും അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കാൻ സാധിക്കാത്തതിനാൽ 06.06.2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാന (നം 6(ii)) പ്രകാരം ബാങ്കിന്, ഒടുക്കിയ തുക 9378/- രൂപ തിരികെ നൽകിയിട്ടുള്ളതുമാണ് . തുടർന്ന് ടി കെട്ടിടങ്ങൾ ശ്രീ.അശോക് എന്ന വ്യക്തിക്ക് യഥാക്രമം 789,618/- രൂപക്ക് മുൻ വാടക നിരക്കിലും കുറഞ്ഞ മാസവാടകയ്ക്ക് നൽകിയെങ്കിലും ടിയാൻ മാസവാടകയിനത്തിൽ 2022-23-ൽ തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല.മേൽ പരാമർശിച്ച കടമുറികളിൽ നിലവിൽ വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ ലഭ്യമായിട്ടുണ്ടോയെന്നും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ നഗരസഭ ഒരുക്കിയിട്ടുണ്ടോയെന്നും മേൽ പരാമർശിച്ച കടമുറികളുടെ നടത്തിപ്പവകാശം നിലവിൽ ശ്രീ.അശോക് എന്ന വ്യക്തിക്കാണോയെന്നുമുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ - 63/31.07.2023 മുഖാന്തിരം അന്വേഷിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയുടെ കെട്ടിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് സഹകരണ ബാങ്ക് പോലെ കൃത്യമായി വാടക ലഭിക്കാനിടയുള്ള സ്ഥാപനത്തെ മുറി ഒഴിയാൻ ഇടയാക്കിയത്. ഇതു വഴി 2022-23 വർഷം മാത്രം വാടകയിനത്തിൽ 20916/- (978,765 രൂപ ക്രമത്തിൽ 12 മാസത്തേയ്ക്ക് 1743x12=20916/-) രൂപയാണ് നഗരസഭക്ക് വരവിനത്തിൽ നഷ്ടപ്പെട്ടത്. ഈ വിഷയത്തിലെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം വാടകക്കാർ കടമുറി ഒഴിയുന്ന സാഹചര്യം ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതുമാണ്.

## 1-21 തെരുവ് നായകൾക്ക് -പരിപാലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 500 തെരുവ് നായ്ക്കളുടെ വാക്സിനേഷന് 2022-2023 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് വച്ചിട്ടുള്ളതാണ്. (പ്രോജക്ട് നം.407/23 ) ധാരാളം തെരുവ് നായ്ക്കൾ ഉള്ള നഗരസഭ പരിധിക്കുള്ളിൽ തെരുവ് നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുന്നതിന് എ ബി സി പദ്ധതിയോ, തെരുവ് നായ്ക്കൾക്കായി പരിപാലനകേന്ദ്രങ്ങൾ തുടങ്ങുവാനുള്ള പദ്ധതിയോ, നഗരസഭയുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ 31.07.2023 തീയതിയിൽ 56ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ വിഷയത്തിൽ ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -- 1064059/-രൂപ തടസ്സപ്പെടുത്തുന്നു

1. ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ മരുന്നുകളുടെ ഇൻവോയ്സ് ബിൽ, നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ്, ടി മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ , എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല ആയതിനാൽ 992034/-/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്

| പ്രോജക്ട് നം | ബിൽ തുക | ബിൽ നമ്പർ | മരുന്ന് വാങ്ങിയ തുക | അടങ്കൽ/ചെലവ് |
|---|---|---|---|---|
| 10/23 | 99267 | 13/23, 17/10/23 | 74277/- | 400000/387697 (പൊതു വിഭാഗം)<br>1600000/917017 (റോഡിതരം)<br>ആകെ --2000000/1304714 |
| 10/23 | 124990 | 17/23,29/12/22 | 100000 | |
| 10/23 | 264516 | 15/23, 02/11/22 | 264516 | |
| 10/23 | 156804 | 19/23, 24/01/23 | 156804 | |
| 10/23 | 100000 | 14/23, 25/10/22 | 100000 | |
| 55/23 | 114230 | 01/22, 09/05/22 | 91000 | 300653/300653 (പൊതു വിഭാഗം) |
| 55/23 | 157193 | 03/22,09/05/22 | 121963 | |
| 57/23 | 83474 | 09/22, 22/06/22 | 83474 | 58974/39330 (പൊതുവിഭാഗം)<br>500000/83474- (റോഡിതരം)<br>ആകെ |

| | | | | |
|---|---|---|---|---|
| | | | | --558974/122804 |
| ആകെ തുക | | | 992034 | |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറികൾ ( 50/23, 31/07/23, 71/23, 01/08/23) ക്ക് മറുപടി ലഭ്യമാക്കിയില്ല

2 രേഖകൾ ഹാജരാക്കിയില്ല 4000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് ---പാലിയേറ്റീവ് കെയർ

പ്രോജക്ട് നം -- 10/23

അടങ്കൽ /ചെലവ് --400000/387697 (പൊതുവിഭാഗം)

1600000/917017 (റോഡിതരം)

ആകെ --2000000/1304714

ശ്രീമതി സജീല എസ് എൽ (പാലിയേറ്റീവ് കെയർ നഴ്സ്) - ന്റെ ഡിസംബർ മാസത്തെ ഹോണറേറിയം 18390/-, ഫോൺ അലവൻസ് 200/-, പ്രൈമറി പാലിയേറ്റീവ് കെയർ ജീവനക്കാരുടെ ഡിസംബർ മാസത്തിലെ ഭക്ഷണ ചെലവിനത്തിൽ 6400/-, 30/12/22- ൽ വോളന്റിയേഴ്സ് ട്രെയിംനിംഗ് നടത്തിയ ഇനത്തിൽ ചെലവായ 23000/- രൂപ ഉൾപ്പെടെ ആകെ 47990/- രൂപ (ബിൽ നം 18/23, 11/01/23) പ്രകാരം മാറിയിട്ടുണ്ട് ഇതിൽ 41590/- രൂപ ശ്രീമതി സജീല എസ് എൽ (പാലിയേറ്റീവ് കെയർ നഴ്സ്) -ന്(A/C N0 67800568839) കൈമാറിയിട്ടുണ്ട് എന്നാൽ ഇതിൽ 23000/- രൂപയുടെ വോളന്റിയേഴ്സ് ട്രെയിംനിംഗ് നടത്തിയ ഇനത്തിൽ 19000/- രൂപയുടെ ചെലവുരേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് ബാക്കി 4000/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (50/23, 31/07/23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുരേഖയുടെ അഭാവത്തിൽ 4000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

3. രേഖകൾ ഹാജരാക്കിയില്ല 68025/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്-- ജില്ലാ ആശുപത്രിയുമായി സഹകരിച്ച് വനിതകൾക്കായുള്ള ക്യാൻസർ നിർണ്ണയ ക്യാമ്പ് (വനിത)

പ്രോജക്ട് നം -- 56/22-23

അടങ്കൽ/ചെലവ്-- --75703/68025 (പൊതുവിഭാഗം)

ആകെ -- 75703/68025

ബിൽ നം

1. 30350/--05/22-23, 17/05/22

2. 22075/---06/22-23, 17/05/22

3. 15600/--04/22-23, 09/05/22

ടി പ്രോജക്ടിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചതായുള്ള യാതൊരു രേഖയും ഇല്ല. അതായത് ക്യാമ്പ് എവിടെ വച്ച് നടത്തി എന്ന വിവരവും ക്യാമ്പിൽ പങ്കെടുത്ത വ്യക്തികൾ ഒപ്പ് വച്ച മിനിട്സ് എന്നിവയൊന്നും ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയതിനാൽ ടി പ്രോജക്ടിനായി ചെലവായ 68025/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-23 താലൂക്ക് ഹോസ്പിറ്റൽ --പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

താലൂക്ക് ഹോസ്പിറ്റൽ --പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കുലർ നം 41/2008/ധനം 02/8/2/2008 (5) പ്രകാരം ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ KL 21 S 2249എന്ന വാഹനത്തിന്റെ ഇന്ധനക്ഷമത സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിച്ചിട്ടില്ല.

2. സ.ഉ. (സാധാ) നം. 170/07തസ്വഭവ തീയതി 30.06.2007 പ്രകാരം വാഹനങ്ങളിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതും, ഇന്ധനം നിറയ്ക്കുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം സാക്ഷ്യപ്പെടുത്തലുകൾ ഒന്നും ലോഗ് ബുക്കിൽ കാണുന്നില്ല. ഇന്ധനം നിറച്ച വൗച്ചർ ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല. ആയതിനാൽ ഇന്ധനം നിറച്ചതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഇതിന്റെ വിശദീകരണം അവശ്യപ്പെട്ട് കൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (51/22-23, 31/07/23)- ന് മറുപടി ലഭ്യമല്ല.

## 1-24 ഭവന പുനരുദ്ധാരണത്തിന് ധനസഹായം കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 181/23 , 8 വർഷത്തിനുമേൽ പഴക്കമുള്ള ഭവന പുനരുദ്ധാരണത്തിന് ധനസഹായം(SC) |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ | |
| അടങ്കൽ | 12600000 (വികസന ഫണ്ട് , എസ്.സി.പി) | |
| ചെലവ് | 9946829 | |
| | ബിൽ നം. | തുക |
| | 8/22-23 (16-12-22) | 2250000 |
| | 9/22-23 (22-12-22) | 1500000 |
| | 11/22-23 (5-01-23) | 1125000 |
| | 295/20-01-2023 (സാംഖ്യ ബിൽ നം.) | 600000 |
| | 17/ 22-23 (04-02-23) | 300000 |
| | 18/ 22-23 (13-02-23) | 445325 |
| | 20/ 22-23 (24-02-23) | 75000 |
| | 21/ 22-23 (24-02-23) | 75000 |
| | 22/ 22-23 (4-03-23) | 368080 |
| | 23/ 22-23 (4-03-23) | 296000 |
| | 25/ 22-23 (9-03-23) | 300000 |
| | 27/ 22-23 (16-03-23) | 224924 |
| | 28/ 22-23 (22-03-23) | 225000 |
| | 29/ 22-23 (22-03-23) | 604000 |
| | 32/ 22-23 (30-03-23) | 903500 |
| | 33/ 22-23 (30-03-23) | 655000 |

8 വർഷത്തിനുമേൽ പഴക്കമുള്ള പട്ടിക ജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിന് 150000/- രൂപ ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. 75000/- രൂപ മുൻകൂറായും അടുത്ത ഗഡു പണി പൂർത്തിയാക്കി ഓവർസിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലുമാണ് കൈമാറുക. ആകെ 84 ഗുണഭോക്താക്കൾക്ക് പദ്ധതി വഴി ആനുകൂല്യം അനുവദിച്ചതിൽ 51 പേർ 2022-23 സാമ്പത്തിക വർഷവും 30പേർ 2023-24 സാമ്പത്തിക വർഷത്തിലും ഭവന പുനരുദ്ധാരണം പൂർത്തിയാക്കി. 2023-24 സാമ്പത്തിക വർഷം സ്പിൽ ഓവറായി തുടരുന്ന ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2022-23 സാമ്പത്തിക വർഷം ആദ്യ ഗഡുവായ 75000/- രൂപ കൈപ്പറ്റിയതുമായ 3 ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | രജിസ്റ്റർ പ്രകാരം ആദ്യ ഗഡുവായ 75000 രൂപ കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | വേണു ആർ | 16/12/22 |
| 2 | ഷൈലജ വി | 16/12/22 |
| 3 | ശാന്ത എസ് | 24/01/23 |

ആദ്യ ഗഡു കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ഭവന നവീകരണം പൂർത്തിയാക്കേണ്ടതാണ് എന്നാണ് പ്രസ്തുത ഗുണഭോക്താക്കളുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ. കരാറിലെ വ്യവസ്ഥ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22 ന് "പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏറ്റവും നിർധനരായ വ്യക്തികൾക്കാണ് ടി പദ്ധതി വഴി ആനുകൂല്യം അനുവദിക്കുന്നത്എന്നും, ആദ്യ ഗഡു അനുവദിച്ച കഴിഞ്ഞ് അടുത്ത ഗഡു വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആയതിനാൽ ഭവന പുനരുദ്ധാരണത്തിന് ആവശ്യമായ കുറച്ച് തുക ഗുണഭോക്താവ് സ്വയം കണ്ടെത്തേണ്ടതായി വരും. ഇത്തരത്തിൽ തുക കണ്ടെത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാലാണ് പണി പൂർത്തിയാക്കുന്നതിന് താമസം ഉണ്ടാകുന്നത് എന്നും, പണി പൂർത്തിയാക്കാൻ അവശേഷിക്കുന്ന 3 ഗുണഭോക്താക്കളെക്കൊണ്ട് അടിയന്തിരമായി പണി പൂർത്തിയാക്കുന്നതാണെന്നും "നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി അറിയിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 മാലിന്യ നിർമ്മാർജ്ജനം-അപാകങ്ങൾ

വൗച്ചർ നം.1239/22,(ചെക്ക് നം.5554/29-3-23) പ്രകാരം 122425 രൂപ, വൗച്ചർ നം.710/22,(ചെക്ക് നം.6057/19-10-22) വൗച്ചർ നം. 1239/22, (ചെക്ക് നം.5554/29-3-23) പ്രകാരം 60000/-രൂപ എന്നിങ്ങനെ ആകെ 182425/- രൂപ നഗരസഭ കോമ്പൗണ്ടിലെ പ്ലാസ്റ്റിക് ഇതര മാലിന്യം നീക്കം ചെയ്യുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർ ഷെറിൻ കമാൽ പേർക്ക് നല്കിയിട്ടുണ്ട്. ടി പ്രവൃത്തി നിർവ്വഹണ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. നഗരസഭ കോമ്പൗണ്ടിൽ നിന്ന് ആകെ 26 ലോഡ് മാലിന്യവും, കല്ലമ്പാറ MRFയൂണിറ്റിൽ നിന്ന് 10 ലോഡ് മാലിന്യവും ഉൾപ്പെടെ ആകെ 36 ലോഡ് മാലിന്യം നീക്കം ചെയ്തതായി, ഫയൽ നം H1/11508/22ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നഗരസഭയുടെ വാഹന പാർക്കിംഗ് ഏരിയയിൽ നിന്ന് ഇപ്പോഴും ധാരാളം മാലിന്യം കുന്നുകൂടി കിടക്കുന്നതായി കണ്ടു.



2.JK.Earth Works എന്ന സ്ഥാപനത്തിന് JCB, ടിപ്പർ എന്നിവയുടെ വാടകയായി ആകെ 123720/-രൂപ നല്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചതായോ, ടി സ്ഥാപനത്തിൽ നിന്ന് ആദായനികുതി ഈടാക്കിയതായോ ഫയലിൽ രേഖപ്പെടുത്തൽ ഇല്ല.

3.ടി സ്ഥാപന ഉടമയുടെ പേര് ആകാശ്.M, എന്ന് മാത്രമേ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പണം കൈമാറിയ അക്കൗണ്ടിന്റെ വിവരം, തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ ഫയലിൽ ഇല്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.10ന് മറുപടി ലഭ്യമാക്കിയില്ല. ടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-26 KIFB- തുക റീക്ലൂപ്പ് ചെയ്തു കിട്ടാൻ നടപടി സ്വീകരിക്കണം

നെടുമങ്ങാട് നഗരസഭ 2022-23 വർഷം വിവിധ KIFBപ്രോജക്ടുകൾക്കായി DPRതയ്യാറാക്കുന്നതിന് വിവിധ ഏജൻസികൾക്ക് തുക നല്കിയിട്ടുണ്ട്. ടി തുക റീക്ലൂപ്പ് ചെയ്തു കിട്ടാൻ KIFBക്ക് കത്തു നല്കുന്നതിന് ഭരണ സമിതി നിർദ്ദേശിച്ചതായി, കുറിപ്പു ഫയലിൽ രേഖപ്പെടുത്തൽ ഉണ്ട്.

| ക്രമ നം. | പ്രോജക്ട് നം. പേര് | വിതരണ സ്ഥാപനം | തുക (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം/ ചെക്ക് നം, തീയതി |
|---|---|---|---|---|---|
| 1 | മാർക്കറ്റ് നവീകരണം-DPR തയ്യാറാക്കൽ | Soulcities Urban Infrastructures Ltd. | 847741 | മുനിസിപ്പൽ എഞ്ചിനീയർ | 5923/8-12-22 |
| 2 | മാർക്കറ്റ് നവീകരണം-DPR തയ്യാറാക്കൽ | Soulcities Urban Infrastructures Ltd. | 1000000 | മുനിസിപ്പൽ എഞ്ചിനീയർ | 5814/3-6-22 |

| | | | | | |
|---|---|---|---|---|---|
| 3 | മാർക്കറ്റ് നവീകരണം-DPR തയ്യാറാക്കൽ | Soulcities Urban Infrastructures Ltd. | 80000 | മുനിസിപ്പൽ എഞ്ചിനീയർ | 5845/26-6-22 |
| 4 | സ്കൂൾകെട്ടിടനിർമ്മാണം-DPR തയ്യാറാക്കൽ | Hightech Builders-Total Solution Providers | 347459 | മുനിസിപ്പൽ എഞ്ചിനീയർ | 5949/20-12-22 |

ടി തുകകൾ KIFB യിൽ നിന്ന് റീക്ലൈം ചെയ്തുകിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.65 ന് മറുപടി ലഭ്യമായില്ല. തുക റീക്ലൈം ചെയ്തു കിട്ടാൻ നടപടി ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-27 പാർട്ട് ബിൽ തുകകളിൽ നിന്ന് റീ-ടെൻഷൻ തുക ഈടാക്കിയില്ല.

KPWD Cod-10-2-16,10-2-13 പ്രകാരം, മരാമത്ത് പ്രവൃത്തിയുടെ പാർട്ട് ബിൽ തുകകളിൽ നിന്ന് റീ-ടെൻഷൻ തുക ഈടാക്കേണ്ടതാണ്. എന്നാൽ 2022-23 വർഷം ഫൈനൽ ബില്ല് നൽകിയ താഴെപറയുന്ന പ്രവൃത്തിയിൽ അപ്രകാരം ചെയ്തിട്ടില്ല എന്നു കണ്ടു.
നിർവ്വഹണ ഉദ്യോഗസ്ഥൻ-മുനിസിപ്പൽ എഞ്ചിനീയർ.

| ക്രമ നം | പ്രോജക്ട് നം,പേര് | ഫൈനൽ ബിൽ തുക(രൂ) | ബിൽ നം |
|---|---|---|---|
| 1. | 91, ചിൽഡ്രൻസ് പാർക്ക് സ്കൂളുകൾക്ക് | 461270 | 255/23-12-22 |

ടി പ്രവൃത്തിയുടെ CC Ist &Part Bill 25-3-22 ലും(174609രൂ),CC I I &Part Bill 6-3-23 ലും(760512/-രൂ) നൽകിയിട്ടുണ്ട്. അതുവരെ ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയാണ്, പാർട്ട് ബിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ, ജി.ഓ.(പി) നം.429/15, തീ.28-9-15ൽ നിഷ്കർഷിച്ചിട്ടുള്ള വിധം, 2.5% റീടെൻഷൻ തുക ഈടാക്കാതെയാണ്,ടി പാർട്ട് ബില്ലുകൾ നൽകിയത്. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിനം.86 ന് മറുപടി ലഭ്യമായില്ല. മേലിൽ പാർട്ട് ബില്ലുകൾ നൽകുമ്പോൾ റീടെൻഷൻ തുക ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 ജനറൽ കമ്മിറ്റി -മിനിട്സ് അപൂർണ്ണം

1995 ലെ കേരളാ മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം)ചട്ടങ്ങൾ, ഖണ്ഡിക 14 പ്രകാരം, കൗൺസിലിന്റെ മിനിട്സ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം പൂർത്തിയാക്കി, അധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണ്. എന്നാൽ നെടുമങ്ങാട് നഗരസഭയുടെ 2022-23 വർഷത്തെ ജനറൽ കൗൺസിലിന്റെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ആയത് 1-4-22മുതൽ 16-12-22 വരെയും, 4-3-23 മുതൽ 31-3-23 വരെയുമുള്ള പേജുകൾ എഴുതാതെ ശൂന്യമായി സൂക്ഷിച്ചിട്ടുള്ളതായി കണ്ടു.ആയത് ഗുരുതരമായ വീഴ്ചയാണ്. കൗൺസിലിന്റെ മിനിട്സ് രേഖപ്പെടുത്താത്ത സാഹചര്യത്തിൽ വിവിധ തീരുമാനങ്ങളുടെ തുടർനടപടി വിവരം കൗൺസിലും, സെക്രട്ടറിയും എങ്ങനെ നിരീക്ഷിക്കുകയും, വിലയിരുത്തുകയും ചെയ്തു എന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) മറുപടി ലഭ്യമായില്ല. ഭാവിയിൽ കൗൺസിലിന്റെ മിനിട്സ് സകർമ്മ സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന കാര്യം ഭരണസമിതി പരിഗണിക്കേണ്ടതാണ്.

## 1-29 വാഹന ഉപയോഗം-അപാകങ്ങൾ

നെടുമങ്ങാട് നഗരസഭക്ക് താഴെ പറയുന്ന വാഹനങ്ങളാണ് 2022-23 വർഷം ഉപയോഗത്തിലുണ്ടായിരുന്നത്.

| ക്രമ നം. | രജി.നം | ബ്രാൻഡ് |
|---|---|---|
| 1 | Kl-21-D-6761 | Bolero |
| 2 | Kl-21-S-2249 | Omni |
| 3 | Kl-21-F-8488 | Tipper |
| 4 | Kl-21-N_9327 | Bolero |
| 5 | Kl-21-CF-2845 | വ്യക്തമല്ല |
| 6 | Kl-01-CQ-6547 | Ambulance |
| 7 | Kl-21-J-2000 | Activa |
| 8 | Kl-21-F-8470 | Bolero |

മേൽ പട്ടികയിലെ ക്രമ നം.2,5,7 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയില്ല.
വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1.എല്ലാ വാഹനങ്ങളുടെയും,ലോഗ് ബുക്കിൽ ലഭ്യമായിട്ടുള്ള ഇന്ധനക്ഷമതാ സാക്ഷ്യ പത്രം കാലഹരണപ്പെട്ടതാണ്. Kl-21-F8488 നം നം വാഹനത്തിന്റെGO(RT)No.-582/75/PWdtd.5/5/75 പ്രകാരമുള്ള ഇന്ധനക്ഷമതാ സാക്ഷ്യ പത്രം ലോഗ് ബുക്കിൽ പതിച്ചിട്ടില്ല.വാഹനങ്ങളുടെ ഇന്ധന ഉപഭോഗം നിയന്ത്രണോദ്യോഗസ്ഥൻ എങ്ങനെ നിരീക്ഷിച്ചു എന്ന് വ്യക്തമല്ല.

2) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11- 1970 പ്രകാരം ,സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല ലോഗ് ബുക്ക് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മിക്ക മാസങ്ങളിലും ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3)സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ ,ചട്ടം- 1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ, സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്.പെട്രോളിൻറെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

4)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.170/07/ തസ്വഭവ തിയതി 30-06-2007പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5.ലോഗ് ബുക്കിന്റെ വലതു ഭാഗത്തുള്ള ഫ്യുവൽ അക്കൗണ്ട് പൂരിപ്പിക്കുകയോ,വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ, വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ആയതു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6)ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ് , മൈലേജ് ടെസ്റ്റ് ,പുക മലിനീകരണ സർട്ടിഫിക്കറ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് .ആയവ ലഭ്യമാക്കിയിട്ടില്ല.

7)ലോഗ് ബുക്കിൽ കോളം 14 നിയന്ത്രണോദ്യോഗസ്ഥൻ ഒരിക്കൽ പോലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.
8.Kl-01-CQ-6527 നം ആംബുലൻസ് 22/10/22 ന ശേഷം,ലോഗ്ബുക്ക് എഴുതിയിട്ടില്ല.

മേൽ പറഞ്ഞ അപകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -91 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ടി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-30 ഇ ടെണ്ടർ ഫോറം വില – നഗരസഭയുടെ തനതുഫണ്ടിൽ ഒടുക്ക വരുത്തി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ 2022-23 വർഷം ഇ-ടെൻഡർ നടത്തിയിട്ടുണ്ടെങ്കിലും,ഫോറം വില നഗരസഭയുടെ തനതുഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.

ഇ ടെണ്ടർ ആവശ്യത്തിനായി SBI യിൽ A/C No.67315760468 നം.നിലവിലുണ്ടെങ്കിലും, ടി അക്കൌണ്ടിന്റെ വാർഷിക Transaction Statement ലഭിച്ചിട്ടില്ലാത്തതിനാൽ 2022-23 വർഷം ഇ-ടെൻഡർഫീസിനത്തിൽ തുക ലഭിച്ചതിന്റെ വിശദാംശം ലഭ്യമല്ലെന്നും, അയതു ലഭ്യമാകുന്ന മുറയ്ക്ക് ഇ-ടെൻഡർ ഫോറം വില തനതുഫണ്ടിലേക്ക് അടവാക്കുന്നതാണെന്നും, മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം നമ്പർ.72). ഇ-ടെൻഡർ ഫോറം വില നഗരസഭയുടെ തനതുഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-31 ഡെപ്പോസിറ്റ് വർക്കുകൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2022-23 വർഷം നെടുമങ്ങാട് നഗരസഭ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KWA,ഭൂജലവകുപ്പ് എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.61)

നിർവ്വഹണ ഉദ്യോഗസ്ഥൻ– മുനിസിപ്പൽ എഞ്ചിനീയർ

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | ചെക്ക് നം. തീയതി |
|---|---|---|---|---|
| 1 | 320/23-ഗാർഹിക കുടിവെള്ള കണക്ഷൻ | KWA | 2499996 | 1198/22-25-3-23 |
| 2 | 198/22പൊതുകിണർ-മിനികുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 91352 | DD.No. 634307/4-4-22 |
| 3 | 1199/22-പൈപ്പ്ലൈൻ നീട്ടൽ | KWA | 4704996 | 1199/22-25-3-23 |

സർക്കാർ ഉത്തരവ് നം സ.ഉ (കൈ) നം.84/2022/തസ്വഭവ,തീയതി 19/4/2022 ഖണ്ഡിക.12-2-Dപ്രകാരം-ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.ജനറൽ കമ്മിറ്റിയുടെ 14/12/22 ലെ തീരുമാനം നം 4-4 പ്രകാരം പത്താംകല്ല് വാർഡിൽ ഉൾപ്പെട്ട പേരുമല ഇടവഴി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.ടി തീരുമാനം നടപ്പിലായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

2.)സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി,കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായുള്ള ഭൂമി,വാഹനങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.ടി ഭൂമി ,വാഹനം എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 69ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | തുക (രൂ) | വാങ്ങിയ വസ്തു. |
|---|---|---|---|
| 1 | 227-കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായുള്ള ഭൂമി | 1470000 | 7.69ആർ |
| 2 | 285 നിർമ്മാണത്തിനായുള്ള ഭൂമി | 1041666 | 12.99ആർ |
| 3 | 238 നിർമ്മാണത്തിനായുള്ള ഭൂമി | 1280100 | 18.3ആർ |
| 4 | 126 ഇലക്ട്രിക് വാഹനം വാങ്ങൽ | 496300 | 4 വാഹനം |

സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ശാന്തി തീരം-ഗ്യാസ് ഉപഭോഗം നിരീക്ഷിക്കാൻ മീറ്റർ സ്ഥാപിക്കണം

2022-23 വർഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ശാന്തിതീരം ശ്മശാനത്തിൽ ഗ്യാസ് വിതരണം ചെയ്യുന്നതിന് ഉഷാര ഏജൻസീസ് എന്ന സ്ഥാപനത്തിന് താഴെ പറയുന്ന വിധം തുക നല്കിയിട്ടുണ്ട്. 19 Kg.വീതമുള്ള 16 സിലിണ്ടറുകളാണ് ഒരു ബാച്ചിൽ വിതരണം ചെയ്തു വരുന്നത്. ഉപയോഗിച്ച ഗ്യാസിന്റെ അളവു സംബന്ധിച്ച് ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപ്പെടുത്തലിന്റെ മാത്രംഅടിസ്ഥാനത്തിലാണ് തുക നല്കി വരുന്നത്. ഗ്യാസ് ഉപഭോഗം നിരീക്ഷിക്കാൻ മീറ്റർ സ്ഥാപിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29) മറുപടി ലഭ്യമായില്ല. ഗ്യാസ് ഉപഭോഗം നിരീക്ഷിക്കാൻ എത്രയും വേഗം മീറ്റർ സ്ഥാപിക്കുന്ന കാര്യം ഭരണസമിതി പരിഗണിക്കണം എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

| ക്രമ നം | ചെക്ക് നം/തീയതി | തുക(രൂ) |
|---|---|---|
| 1 | 5625/25-7-22 | 37184 |
| 2 | 5641/5-8-22 | 157200 |
| 3 | 5642/6-8-22 | 37184 |
| 4 | 5681/30-8-22 | 307912 |
| 5 | 5938/15-12-22 | 155240 |
| 6 | 5330/19-4-22 | 32016 |
| 7 | 5773/11-5-22 | 33720 |
| 8 | 5796/23-5-22 | 33720 |
| 9 | 5499/12-7-22 | 180416 |
| 10 | 5714/7-2-23 | 207032 |
| 11 | 6074/2-11-22 | 194736 |

## 1-34 തെരുവ് വിളക്ക പരിപാലനം-ഫലപ്രദമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | 383/23 |
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക പരിപാലനം |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 700000 രൂ. |
| ചെലവ് | 700000രൂ. |
| ബിൽ നം. | 259/23-12-22 |

പദ്ധതി പ്രകാരം ആകെ 7628 LED ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി United Energy Systems എന്ന സ്ഥാപനത്തെ ഇ-ടെണ്ടർ നടപടിയിലൂടെയാണ് തെരഞ്ഞെടുത്തത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1) വാർഷിക അറ്റകുറ്റപ്പണികൾക്കായാണ് ഇ-ടെണ്ടർ വിളിച്ചതെങ്കിലും,കരാറുകാരനമായി നെഗോഷ്യേറ്റ് ചെയ്ത്, അടങ്കൽ തുകയിൽ മാറ്റംവരുത്താതെ, മൂന്നമാസത്തെ അറ്റകുറ്റപ്പണിക്കാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. ബാക്കി 9 മാസം കേടായ തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

2) ഓരോ വാർഡിലും റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണവും, പോസ്റ്റ് നമ്പറും അടങ്ങിയ സാക്ഷ്യ പത്രം,വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നല്കേണ്ടത്. എന്നാൽ അപ്രകാരം ഒരു സാക്ഷ്യ പത്രം ഫയലിൽ ലഭ്യമല്ല. ഇപ്രകാരം കൗൺസിലറുടെ ലെറ്റർ ഹെഡിൽ തയ്യാറാക്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ തുക അനുവദിച്ചത് ഉചിതമല്ല.
3.തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭ ലഭ്യമാക്കിയിട്ടില്ല.

4) കേടായ സാധനങ്ങൾ അതതു ദിവസം നഗരസഭയിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ.ഉ(സാ ധാ) നം.2134/2015ത സ്വ ഭ വ തി. 15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

5) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. പകരം നഗരസഭാതല മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടാണ് ഫയലിൽ ഉള്ളത്.
7)നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

8) നഗര സഭ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പരാതി രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല.
9)സർക്കുലർ നം.177/DA3/2018/തസ്വഭവ.തീയതി.7-11-17 ൽ നിഷ്കർഷിച്ചിട്ടുള്ള വിധം സെക്യൂരിറ്റി ഡെപ്പോസിറ്റ്,റീടെൻഷൻ തുക എന്നിവ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നഗര സഭയുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഷ്രെഡ്ഡിംഗ് ബയലിംഗ് മെഷീൻ യൂണിറ്റ് - ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 208176 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | എം.ആർ.എഫ് ഷ്രെഡ്ഡിംഗ് ബയലിംഗ് മെഷീൻ യൂണിറ്റ് സ്ഥാപിക്കൽ |
| പദ്ധതി നമ്പർ | 153/23 |
| പദ്ധതി അടങ്കൽ | ആകെ 4715580<br>1200000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>1750000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>1165000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>600580 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | ആകെ 1196157<br>332981 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>488591 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>374585 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി എം.ആർ.എഫിൽ അജൈവ മാലിന്യസംസ്കരണത്തിനായി ഷ്രെഡ്ഡിംഗ്, ബയലിംഗ് മെഷീനുകൾ വാങ്ങുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. 2020-21 ലെ പ്രോജക്ട് നം.528/21 പ്രകാരമാണ് മേൽ മെഷീനുകൾ ക്ലീൻ

കേരള കമ്പനി ലിമിറ്റഡിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്.

1. 25.02.21 ന് സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ലഭ്യമാക്കിയ 1656000 രൂപയുടെ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 03/21 ൽ മുൻകൂറായി 284420 രൂപ അനുവദിക്കുകയും ചെയ്തു. കരാർ കാലാവധിയ്ക്കു ശേഷവും മെഷീനുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നഗരസഭ നൽകിയ കത്തിന് സ്ഥാപനം ലഭ്യമാക്കിയ 03.08.21 ലെ മറുപടിയിൽ മെഷീനുകൾ സ്ഥാപിക്കുന്നതിനാവാശ്യമായ ഇലക്ട്രിക്കൽ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി അറിയിക്കുന്ന മുറയ്ക്ക് മെഷീനുകൾ സപ്ലൈ ചെയ്യുന്നതാണെന്ന് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28.09.21 ൽ കെ.എസ്.ഇ.ബി അസി.എഞ്ചിനിയറോട് 3 ഫേസ് കണക്ഷന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ മെഷീനുകൾ ലഭ്യമാകുന്നതു വരെ വൈദ്യുതി കണക്ഷൻ വേണ്ടി യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

2. 25.03.22 ന് ഷ്രെഡ്ഡിംഗ് മെഷീൻ - 1 എണ്ണം ലഭിച്ചിട്ടുള്ളതായ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബയലിംഗ് മെഷീൻ ലഭിച്ചതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല. മെഷീനുകളുടെ പ്രൊഫോർമ ഇൻവോയിസ് ബിൽ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബന്ധപ്പെട്ട ക്യാഷ്/ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 04.05.22 ലെ 5-ാംനം.തീരുമാന പ്രകാരം മാത്രമാണ് 3 ഫേസ് കണക്ഷൻ എടുക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചത്.

3. സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 1196157/- രൂപയാണ്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ചെലവ് രേഖകൾ പ്രകാരം ആകെ ചെലവ് 987981/- രൂപയാണ് (332981 രൂപ സിഎഫ്സി ഫണ്ട്- എസിആർ ബിൽ നം.161/06.09.22, 655000/- രൂപ സിഎഫ്സി ഫണ്ട് - എസിആർ ബിൽ നം. 786/29.03.23). വ്യത്യാസമുള്ള 208176/- രൂപയുടെ ചെലവ് രേഖകൾ ബന്ധപ്പെട്ട ബിൽ/ചെക്ക് വിശദാംശങ്ങൾ, തുക അനുവദിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

4. എസിആർ ബിൽ നം. 786/29.03.23 പ്രകാരമുള്ള 655000/- രൂപയിൽ 5000/- രൂപ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കി പേപ്പർ വർക്ക് നടത്തിയതിന് 'United Energy Systems' എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് 28.09.21 ൽ കെ.എസ്.ഇ.ബി അസി.എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുള്ളതായി കാണുന്ന സാഹചര്യത്തിൽ ടി പ്രവൃത്തി സ്വകാര്യ സ്ഥാപനത്തെക്കൊണ്ട് ചെയ്യിച്ചതിനുള്ള കാരണം വ്യക്തമല്ല.

5. ആകെ 1656000/-രൂപയാണ് മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകേണ്ടിയിരുന്നത്. പ്രോജക്ട് ഫയലിലെ ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള തുക ആകെ 1267401/- രൂപയാണ് (2020-21 ൽ 284420, 2022-23 ൽ 982981). ബാക്കി തുകയായ 388599/- രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

6. സ്ഥാപനവുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥ 5 പ്രകാരം മെഷീൻ ലഭ്യമാക്കി 1 വർഷം വരെയാണ് മെഷീന്റെ ഗ്യാരന്റി. എന്നാൽ പർച്ചേസ് ചെയ്ത് ഒരു വർഷത്തിനു ശേഷവും മെഷീനുകൾ ഉപയോഗിക്കാതെ ആർആർഎഫിൽ സൂക്ഷിച്ചിരിക്കുന്നതായി 01.08.23 ൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/27.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായെങ്കിലും മെഷീനുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും, മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 208176/- രൂപയുടെ ചെലവു തടസ്സത്തിൽ വെയ്ക്കുന്നു.

## 1-36 സക്കിംഗ് മെഷീൻ എത്രയും വേഗം ഉപയോഗക്ഷമമാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭയിലേയ്ക്ക് സക്കിംഗ് മെഷീൻ വാങ്ങൽ |
| പദ്ധതി നമ്പർ | 406/23 |
| പദ്ധതി അടങ്കൽ | 4500000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 2447000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി ജെം മുഖേന Zero Enviro Waste Solutions Pvt.Ltd എന്ന സ്ഥാപനത്തിൽ നിന്നാണ് 4000 ലിറ്റർ കപ്പാസിറ്റിയുള്ള വാക്വം ക്ലീനർ ടാങ്ക് ഘടിപ്പിച്ച സക്കിംഗ് മെഷീൻ വാഹനം വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് നം. ZE/2022-23/113, തീയതി 20.03.23 പ്രകാരം മെഷീന്റെ ആകെ വില 2447000/- രൂപയാണ്. സ്ഥാപനത്തിന് നൽകേണ്ട തുകയിൽ നിന്നും 100000/- രൂപ തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടതിനു ശേഷം നികുതിയിനത്തിലുള്ള 93880/- രൂപ കിഴിച്ച് 2253120/- രൂപയാണ് എസിആർ ബിൽ നം. 753/28.03.23 പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം ഒരു ലക്ഷം രൂപ തനത് ഫണ്ടിലേയ്ക്ക് മാറ്റിയതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ ജി.എസ്.ടി ആദായനികുതിയിനത്തിൽ ഈടാക്കിയ തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കു വരുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി) വാങ്ങിയ മെഷീൻ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത വാഹനം (KL21 Y 1697) ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ആയത് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും, ആസ്തി രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല.

സി) പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നാളിതുവരെ ടി വാഹനം ഉപയോഗിച്ചു തുടങ്ങിയിട്ടില്ലായെന്ന കാണുന്നു. കൂടാതെ ചുവടെ പറയുന്ന വിവരങ്ങളും ഫയലിൽ നിന്നും ലഭ്യമല്ല.

1. മാലിന്യം മുട്ടത്തറ സ്വീവേജ് ഫാമിലേയ്ക്ക് കൊണ്ടു പോകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന് തിരുവനന്തപുരം കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?
2. വാഹനം ഉപയോഗിക്കുന്നതിനുള്ള അനുബന്ധ സാമഗ്രികൾ വാങ്ങിയിട്ടുണ്ടോ?

3. മാലിന്യം നീക്കം ചെയ്യുന്നതിന് പൊതുജനങ്ങളിൽ നിന്നും ഈടാക്കേണ്ട നിരക്ക് എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ?

4. വാഹനം ഓടിക്കുന്നതിന് ഡ്രൈവറെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ?

5. വാഹനത്തിന്റെ സേവനം ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?
മേല്പറഞ്ഞ വിശദാംശങ്ങളും,മേൽ നടപടികൾ പൂർത്തിയാക്കി വാഹനം നാളിതുവരെ ഉപയോഗിച്ചു തുടങ്ങാത്തതു സംബന്ധിച്ച വിശദീകരണവും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.62/31.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടികൾ എത്രയും വേഗം പൂർത്തിയാക്കി മെഷീൻ പ്രവർത്തിപ്പിക്കേണ്ടതും പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതുമാണ്.

## 1-37 ലാൻഡ് സ്കേപ്പിംഗ് പരിപാലനം - തുക ചെലവഴിച്ചതിലെ പൊരുത്തക്കേട്

| | | |
|---|---|---|
| പദ്ധതിയുടെ പേര് | കുട്ടികളുടെ കൊട്ടാരം ശാന്തിതീരം-നഗരസഭശ്മശാനം എന്നിവയുടെ ലാൻഡ് സ്കേപ്പിംഗ് പരിപാലനം | കുട്ടികളുടെ കൊട്ടാരം ശാന്തിതീരം എന്നിവിടങ്ങളിൽ ലാൻഡ് സ്കേപ്പിംഗ് |
| പദ്ധതി നമ്പർ | 49/23 | 211/23 |
| പദ്ധതി അടങ്കൽ | 216150 (തനത് ഫണ്ട്) | 200000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് (സുലേഖ പ്രകാരം) | 143700 (തനത് ഫണ്ട്) | 200000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ |

എ) 49/23 നം. സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി കുട്ടികളുടെ കൊട്ടാരം ശാന്തിതീരം-നഗരസഭശ്മശാനം എന്നിവയുടെ ലാൻഡ് സ്കേപ്പിംഗ് പരിപാലനത്തിനായി 2021-22 ൽ ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ഫ്രണ്ട്സ് ലാൻഡ് സ്കേപ്പിംഗ് എന്ന സ്ഥാപനത്തിന് പ്രതിമാസം 23950 രൂപ നിരക്കിൽ തുക അനുവദിച്ചിരിക്കുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും 03/22 മുതൽ 09/22 വരെയുള്ള 7 മാസങ്ങളിലെ തുകയായി ആകെ 167650/- രൂപ ചെക്ക് പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 143700/- രൂപയാണ്.

ബി) 211/23 നം.പ്രോജക്ടിന്റെ ഭാഗമായി 2022-23 വർഷത്തെ പരിപാലനത്തിനായി 18.11.22 ൽ ടെണ്ടർ ക്ഷണിക്കുകയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 23.01.23 ലെ യോഗത്തിലെ 8-ാംനം.തീരുമാന പ്രകാരം ഫ്രണ്ട്സ് ലാൻഡ് സ്കേപ്പിംഗ് എന്ന സ്ഥാപനത്തിന്റെ പ്രതിമാസം 23950 രൂപ എന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 ലെ ടെണ്ടർ നടപടികൾ താമസിച്ചതിനാൽ ടെണ്ടർ അംഗീകരിക്കുന്നതു വരെയുള്ള പരിപാലന ചെലവുകൾ 49/23 നം. സ്പിൽ ഓവർ പ്രോജക്ടിൽ നിന്നാണ് നടത്തിയിട്ടുള്ളത്. ഇപ്രകാരം യഥാസമയം ടെണ്ടർ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമല്ല.

10/22 മുതൽ 03/23 വരെയുള്ള 6 മാസത്തേയ്ക്കുള്ള പരിപാലന ചെലവായി ആകെ 143700 രൂപ ടി പ്രോജക്ട് മുഖേന ചെലവഴിച്ചിട്ടുണ്ട്. കൂടാതെ അടങ്കൽ തുകയിൽ ബാക്കിയുള്ള 56300 രൂപ തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്തിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ഒരു പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് നടത്തുകയും പിന്നീട് മറ്റൊരു പ്രോജക്ടിലെ വികസനഫണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് തുക റീക്ലപ്പ് ചെയ്യുകയും ചെയ്തതിനുള്ള കാരണം വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.52/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് എത്രയും വേഗം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 ഹരിതസഹായ സ്ഥാപനം - കരാർ പ്രകാരമുള്ള ചുമതലകൾ നിറവേറ്റിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിത സഹായസ്ഥാപനത്തിന്റെ ചെലവ് |
| പദ്ധതി നമ്പർ | 332/23 |

| | |
|---|---|
| പദ്ധതി അടങ്കൽ | 500000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 302266 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

നഗരസഭയുടെ ഹരിത സഹായസ്ഥാപനമായി പ്രവർത്തിക്കുന്ന ഹരിത കേരള മിഷൻ അംഗീകരിച്ച നിയോ എനർജി എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിനും തുടർന്നുള്ള നടപടികളുമാണ് മേൽ പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. 08/22 മുതലാണ് മേൽ സ്ഥാപനം ഹരിത സഹായസ്ഥാപനമായി പ്രവർത്തിച്ച് തുടങ്ങിയത്. പ്രതിമാസം 53976/- രൂപയാണ് വേതനം അനുവദിച്ചിട്ടുള്ളത്.

എ) ശുചിത്വമിഷൻ എക്സി.ഡയറക്ടറുടെ 17.03.20 ലെ ഉത്തരവ് നം.331/സി5/2019/എസ്.എം പ്രകാരം ഹരിത സഹായ സ്ഥാപനങ്ങൾ എല്ലാ മാസവും 5-ാംതീയതിയ്ക്കുമുൻപായി പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ജില്ലാ ശുചിത്വമിഷനും നൽകേണ്ടതാണ്. കൂടാതെ 10-ാം തീയതിക്കുള്ളിൽ ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനായി റിവ്യൂ സംഘടിപ്പിക്കേണ്ടതാണ്. 15-ാം തീയതിക്കുള്ളിൽ പ്രസ്തുത റിവ്യൂ യോഗത്തിന്റെ മിനിട്സ് ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള റിവ്യൂ യോഗ മിനിട്സുകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. അതിനാൽ എന്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. കൂടാതെ സ്ഥാപനം പ്രതിമാസ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും 08/22 ലെ പ്രതിമാസ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ബി) സ്ഥാപനവുമായി 10.08.22 ൽ ഒപ്പുവെച്ചിട്ടുള്ള എഗ്രിമെന്റ് നം.1/Sec/Ndd/22-23 ലെ ക്രമ നം.4 ലെ നിബന്ധനകൾ പ്രകാരം ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനം, വിവിധ പ്രചരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക, ആവശ്യകതാനിർണയ സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കി ശില്പശാലയിൽ അവതരിപ്പിക്കുന്നതിന് നേതൃത്വം നൽകുക, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്രമാലിന്യ സംസ്കരണ വിശദാംശരേഖ തയ്യാറാക്കുക, പ്രവർത്തനങ്ങൾ വിലയിരുത്തി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതിയ്ക്ക് സമർപ്പിക്കുക തുടങ്ങി വിപുലമായ ചുമതലകൾ ഹരിത സഹായസ്ഥാപനം ചെയ്യേണ്ടതുണ്ട്. കരാർ പ്രകാരമുള്ള ചുമതലകൾ സ്ഥാപനം ചെയ്തിട്ടുണ്ടോയെന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.58/31.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള ചുമതലകൾ സ്ഥാപനം നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കാതെയും, റിവ്യൂ യോഗം നടത്തി പ്രവർത്തന മികവ് വിലയിരുത്താതെയും സ്ഥാപനത്തിന് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-39 ശുചീകരണ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ |
| പദ്ധതി നമ്പർ | 222/23 |
| പദ്ധതി അടങ്കൽ | 800000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 782812<br>(വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി വിവിധ ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും റെയ്ഡ്കോയിൽ നിന്നുള്ള 577235/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 22.03.23 ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ 27.03.23 ലെ ടാക്സ് ഇൻവോയിസ് നം.NYK/1788/2022-23 പ്രകാരം 669223/- രൂപയുടെ സാധനങ്ങൾ പർച്ചേസ് ചെയ്തിരിക്കുന്നു (നികുതി ഉൾപ്പെടെയുള്ള ബിൽ തുക 782812/- രൂപയാണ്). ഇപ്രകാരം ടെണ്ടർ/സപ്ലൈ ഓർഡർ എന്നിവ പ്രകാരം ആവശ്യപ്പെട്ടതിൽ കൂടുതൽ എണ്ണം ഉപകരണങ്ങൾ കൂടുതൽ തുകയ്ക്ക് പർച്ചേസ് ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല. കൂടാതെ പർച്ചേസ് ചെയ്ത 32 ഇനം സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത സംബന്ധിച്ചും, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.68/01.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉപകരണങ്ങളുടെ വരവ്, വിതരണം എന്നിവ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 തുമ്പൂർമുഴി കെയർടേക്കർ വേതനം - ആധികാരിക രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | തുമ്പൂർമുഴി പരിപാലനം എ.എം.സി |
| പദ്ധതി നമ്പർ | 225/23 |
| പദ്ധതി അടങ്കൽ | 700000<br>(വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |

| | |
|---|---|
| പദ്ധതി ചെലവ് | 114750<br>(വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മാലിന്യ സംസ്കരണത്തിനുള്ള അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും തുമ്പൂർമുഴി കെയർടേക്കറിന് വേതനം നൽകുന്നതിനുമാണ് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. എന്നാൽ വേതനം നൽകുന്നതിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പ്രതിദിനം 850/- രൂപ നിരക്കിലാണ് കെയർടേക്കർക്ക് വേതനം അനുവദിച്ചിട്ടുള്ളത്. 5 മാസത്തെ വേതനമായി ആകെ 114750/- രൂപ (ഓരോ മാസവും 22950/- രൂപ വീതം) ശ്രീ.ബിജു സോമൻ, കെയർ ടേക്കർക്ക് നൽകിയിട്ടുണ്ട്. എന്നാൽ വേതനം നൽകിയതിന്റെ ആധികാരികത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട അറ്റൻഡൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടിയാളെ കെയർടേക്കറായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ്/ജനറൽ കമ്മിറ്റി തീരുമാനം, ടിയാനുമായി ഒപ്പുവച്ച കരാർ എന്നിവയും ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ ആവശ്യപ്പെട്ടുക്കൊണ്ട് ഓഡിറ്റ് അന്വേഷണം നം.68/01.08.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വേതനം അനുവദിക്കുന്നതിന്റെ ആധികാരികത ഉറപ്പാക്കുന്ന രേഖകൾ കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-41 ബയോകമ്പോസ്റ്റർ ബിൻ വിതരണ പ്രോജക്ടുകൾ - വിതരണ രേഖകൾ ലഭ്യമല്ല

1.

| | |
|---|---|
| പദ്ധതിയുടെ പേര് | 5000 യൂണിറ്റ് ബയോകമ്പോസ്റ്റർ ബിൻ വിതരണം |
| പദ്ധതി നമ്പർ | 51/23 |
| പദ്ധതി അടങ്കൽ | ആകെ 5247000<br>3150000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>2097000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| പദ്ധതി ചെലവ് | ആകെ 4611000<br>2700400 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>1910600 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ 2021-22 ലെ ആരംഭ പ്രോജക്ടായ 300/22 ന്റെ ഭാഗമായി ബയോകമ്പോസ്റ്റർ ബിൻ പർച്ചേസ് ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശാന്ത പോളിമേഴ്സിന്റെ 1640/യൂണിറ്റ് എന്ന നിരക്ക് അംഗീകരിക്കുകയും ചെയ്തു. 2021-22 വർഷം വിവിധ ടാക്സ് ഇൻവോയിസുകൾ പ്രകാരം ആകെ 5000 യൂണിറ്റ് ബിന്നുകൾ പർച്ചേസ് ചെയ്തിട്ടുണ്ട്. മേൽ സ്പിൽ ഓവർ പ്രോജക്ട് വഴി 2021-22 വർഷം അനുവദിച്ച തുകയുടെ ബാക്കി തുക സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നു. എന്നാൽ ലഭ്യമായ ബിന്നുകൾ സ്റ്റോക്കിലെടുത്തതിന്റേയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഓരോ വാർഡിലും എത്ര വീതം ബിന്നുകളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധരേഖകൾ, ബിന്നുകൾ കൈപ്പറ്റിയതിന്റെ സാക്ഷ്യപത്രം, സബ്സ്ക്രിപ്ഷൻ ഫോറം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.106/02.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | ബയോകമ്പോസ്റ്റർ വിതരണം |
| പദ്ധതി നമ്പർ | 254/23 |
| പദ്ധതി അടങ്കൽ | ആകെ 8640000<br>3602880<br>(വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>3024000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>2013120 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| പദ്ധതി ചെലവ് | ആകെ 7985600<br>3472000<br>(വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>2709708 (കേന്ദ്രാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| | 1803892 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി 4600 യൂണിറ്റ് ബയോകമ്പോസ്റ്റർ ബിൻ ഗവ.അംഗീകൃത ഏജൻസികളിൽ നിന്നും പർച്ചേസ് ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത റെയ്ഡ്കോയുടെ 1550/യൂണിറ്റ് (ടാക്സ് ഒഴികെ)എന്ന നിരക്ക് അംഗീകരിക്കുകയും ചെയ്തു. പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടാക്സ് ഇൻവോയിസ് നം./തീയതി | എണ്ണം | തുക |
|---|---|---|---|
| 1 | KLR/820/2022-23, Dt.18.03.23 | 2000 | 3472000 |
| 2 | KLR/869/2022-23, Dt.27.03.23 | 2600 | 4513600 |
| | ആകെ | 4600 | 7985600 |

എന്നാൽ ലഭ്യമായ ബിന്നുകൾ സ്റ്റോക്കിലെടുത്തതിന്റേയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ടി പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ഓരോ വാർഡിലും എത്ര വീതം ബിന്നുകളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധരേഖകൾ, ബിന്നുകൾ കൈപ്പറ്റിയതിന്റെ സാക്ഷ്യപത്രം, സബ്സ്ക്രിപ്ഷൻ ഫോറം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ആദായ നികുതി, ജി.എസ്.ടി ടി.ഡി.എസ് നികുതിയിനത്തിൽ ഈടാക്കിയ 319424/- രൂപ ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഒടുക്കിയതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.107/02.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പർച്ചേസ് ചെയ്ത ബിന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-42 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രോജക്ട് ചെലവിലെ അവ്യക്തത - ലാപ് ടോപ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| പദ്ധതി നമ്പർ | 52/23 |
| പദ്ധതി അടങ്കൽ | 192960<br>(വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 192960 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള സംവിധാനമാണ് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. ആയതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവരുമായി ചേർന്ന് 14.03.22 ൽ ട്രൈപാർട്ടി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഹരിതമിത്രം എന്ന പേരിൽ ഒരു സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് മൊബൈൽ ആപ് തയ്യാറാക്കിയതിനുള്ള സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് ചാർജ്ജ് എന്നിവയ്ക്കായി 673000/- രൂപ 2021-22 ൽ കെൽട്രോണിന് അനുവദിച്ചിരുന്നു. മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി 2022-23 വർഷം ആകെ 282960/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) കെൽട്രോണിൽ നിന്നുള്ള 23.03.22 ലെ SGMS-A/2091/21-22 നം. പ്രൊഫോർമ ഇൻവോയിസ് പ്രകാരം 90000/- രൂപ അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം.237/02.06.22). അതിൽ 40000/- രൂപ QR Codeന്റെ Printing Charge ഉം 50000/- രൂപ ഒരു ലാപ്ടോപ് ലഭ്യമാക്കുന്നതിനുമാണ് നൽകിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലാപ്ടോപ് ലഭ്യമായിട്ടുണ്ടോയെന്ന കാര്യത്തിലും വ്യക്തതയില്ല.

ബി) വീടുകളിൽ QR Code പതിച്ച വകയിൽ വോളന്റിയർമാർക്ക് വേതനമായി 192960 രൂപ അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം. 1210/28.03.23).

എന്നാൽ ആകെ 192960/- രൂപ വകയിരുത്തിയിട്ടുള്ള മേൽ പ്രോജക്ട് മുഖേന 282960/- രൂപ ചെലവഴിച്ചതിനുള്ള സാഹചര്യം വ്യക്തമല്ല.

സി) കെൽട്രോണിൽ നിന്നുള്ള 01.02.23 ലെ KCC/CPG/CR-380/2022-23/886 നം.കത്ത് പ്രകാരം QR Code Printing Charge ആയി നഗരസഭ ഒടുക്കിയ 40000/- രൂപയിൽ 23529/- രൂപ മാത്രമാണ് യഥാർത്ഥത്തിൽ ചെലവായിട്ടുള്ളതെന്നും ബാക്കിയുള്ള 16471/-

രൂപ റീഫണ്ട് ചെയ്യുന്നതിനായി ബന്ധപ്പെട്ട ബാങ്ക് ഡീറ്റെയിൽസ് നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ ബാങ്ക് ഡീറ്റെയിൽസ് അയച്ചുകൊടുത്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 103/02.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ് ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ടാക്സ് ഇൻവോയിസ്, വരവ് ചേർത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതും തിരികെ ലഭിക്കാനുള്ള തുക ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. മേൽപ്പറഞ്ഞവ ലഭ്യമായിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-43 ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമുള്ള പർച്ചേസ് - ടെണ്ടർ നടപടികളിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പ്ലാസ്റ്റിക് നിരോധനത്തോടനുബന്ധിച്ച് ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം കപ്പ്, പ്ലേറ്റ് എന്നിവയും സ്വാപ്പ് ഷോപ്പ് പ്രവർത്തനവും |
| പദ്ധതി നമ്പർ | 305/23 |
| പദ്ധതി അടങ്കൽ | 1000000<br>(വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 900000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

പ്ലാസ്റ്റിക് നിരോധനത്തോടനുബന്ധിച്ച് ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം കപ്പ്, പ്ലേറ്റ് എന്നിവ വാങ്ങലും സ്വാപ്പ് ഷോപ്പ് (ഉപയോഗയോഗ്യമായ വസ്തുക്കൾ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന കേന്ദ്രം)പ്രവർത്തനവുമാണ് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. കപ്പ്, പ്ലേറ്റ് എന്നിവ വാങ്ങുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും 6 ഏജൻസികളിൽ നിന്നും ടെണ്ടർ ലഭിക്കുകയും ചെയ്തിരുന്നു. അതു പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ന്യൂ ചമയം എന്ന സ്ഥാപനമാണ് (തുക – 529760). എന്നാൽ ടി സ്ഥാപനത്തെ ബന്ധപ്പെടാൻ യാതൊരു മാർഗ്ഗവുമില്ലാത്തതിനാൽ സാമ്പിൾ ഹാജരാക്കാൻ കത്ത് അയയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി മറ്റ് ഏജൻസികൾക്ക് ടെണ്ടർ നൽകിയാൽ വരുന്ന നിയമപ്രശ്നങ്ങൾ കണക്കിലെടുത്ത് ടെണ്ടർ നടപടി മുഴുവനും ക്യാൻസൽ ചെയ്യുന്നതിനും സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ഇൻവോയിസ് ലഭ്യമാക്കി സാധനങ്ങൾ വാങ്ങുന്നതിനും തീരുമാനിച്ചിട്ടുള്ളതായി നോട്ട് ഫയലിൽ രേഖപ്പെടുത്തലുകൾ കാണുന്നു. എന്നാൽ മേൽ തീരുമാനത്തിന് പർച്ചേസ് കമ്മിറ്റി/ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടി മുഴുവനും ക്യാൻസൽ ചെയ്യുന്നതിനും സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ഇൻവോയിസ് ലഭ്യമാക്കി സാധനങ്ങൾ വാങ്ങുന്നതിനുമുള്ള കൗൺസിൽ അംഗീകാരത്തിനായി 04.03.23 ലെ ജി2/11756/22 നം. പ്രകാരം അജണ്ട തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത അജണ്ടക്കുറിപ്പിൽ മേൽ വിഷയത്തിൽ 04.03.23 ലെ ആരോഗ്യസ്റ്റാൻസിംഗ് കമ്മിറ്റിയുടെ തീരുമാനമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആരോഗ്യസ്റ്റാൻസിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ പ്രസ്തുത തീയതിയിൽ യോഗം നടന്നിട്ടുള്ളതായി കാണുന്നില്ല.

3. ജനറൽ കമ്മിറ്റിയുടെ 04.03.23 ലെ യോഗമിനിട്സ് പരിശോധിച്ചതിൽ മേൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. ന്യൂ ചമയം എന്ന സ്ഥാപനത്തെ ബന്ധപ്പെടാൻ കഴിയാത്ത സാഹചര്യത്തിൽ ടി ടെണ്ടർ റദ്ദ് ചെയ്ത് അടുത്ത കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ച് നൽകണമെന്ന് ആരോഗ്യകാര്യ ചെയർപേഴ്സൺ അഭിപ്രായപ്പെട്ടതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യോഗത്തിൽ അതിന്മേൽ യാതൊരു തീരുമാനവും എടുത്തിട്ടുള്ളതായി കാണുന്നില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.9.36 പ്രകാരം ടെണ്ടറിന്റെ അംഗീകാരവും നിരാകരണവും പൂർണമായും സാധനങ്ങൾ വാങ്ങുന്ന അധികാരിയുടെ വിവേചനത്തിൽ പെടുന്നതാണ്. ആയതിനാൽ ബന്ധപ്പെടാൻ കഴിയാത്ത സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കാവുന്നതായിരുന്നു. ആയതിന്റെ കാരണം പർച്ചേസ് ഫയലിൽ രേഖപ്പെടുത്തിയാൽ മതിയാവുന്നതാണ് (ഖ.9.15). ബാക്കിയുള്ള ടെണ്ടറുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ക്രസന്റ് മെറ്റൽ ഇൻഡസ്ട്രീസിന്റെ (തുക-572900 രൂപ) ടെണ്ടർ അംഗീകരിക്കാത്തതിനുള്ള കാരണം വ്യക്തമല്ല.

4. 06.03.23 ൽ നൽകിയ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 2 ഇൻവോയിസുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ആർട്ട്കോയുടെ ഇൻവോയിസ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആയതിനുള്ള പർച്ചേസ് കമ്മിറ്റി/ജനറൽ കമ്മിറ്റി എന്നിവയുടെ തീരുമാനം ലഭ്യമാക്കിയിട്ടില്ല. 27.03.23 ലെ TVM1507 നം.ക്യാഷ് ഇൻവോയിസ് പ്രകാരം ആർട്ട്കോയ്ക്ക് 18000/- രൂപ ടിഡിഎസ് കിഴിച്ച് 882000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും നിലവിൽ അവയുടെ സൂക്ഷിപ്പ്, ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇത്രയും രൂപയ്ക്ക് കപ്പ്, പ്ലേറ്റ് എന്നിവ വാങ്ങിയതിന്റെ ആവശ്യകതയും വ്യക്തമല്ല.

5. സ്വാപ്പ് ഷോപ്പ് പ്രവർത്തനം മേൽ പ്രോജക്ടിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി 16.12.22 ലെ കത്ത് മുഖേന സിഡിഎസ് പ്രസിഡന്റിനോട് കുടുംബശ്രീ അംഗങ്ങളുടെ 4 ഗ്രൂപ്പുകൾ രൂപീകരിച്ച് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ തുടർനടപടി വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ നിന്നും ലഭ്യമല്ല.

മേൽ അപാകതകൾക്ക് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.100/02.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ആർക്ക് വിതരണം ചെയ്തുവെന്നതിന്റെയും നിലവിൽ അവയുടെ സൂക്ഷിപ്പ്, ഉപയോഗം

എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതും സ്വാപ്പ് ഷോപ്പ് പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-44 ഫെൻസിംഗ് നിർമ്മാണം - 1500000/- രൂപയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കിള്ളിയാർ ശുചീകരണവും അനുബന്ധ പ്രവൃത്തികളും |
| പദ്ധതി നമ്പർ | 351/23 |
| പദ്ധതി അടങ്കൽ | 2000000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 1500000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

കിള്ളിയാർ ശുചീകരണവും അനുബന്ധ പ്രവൃത്തികളുമാണ് മേൽ പ്രോജക്റ്റ് ലക്ഷ്യമിടുന്നത്. അടങ്കൽ തുകയിൽ 500000/- രൂപ ജൈവവേലി നിർമ്മാണം, കിള്ളിയാറിലേയ്ക്ക് തുറന്ന വിട്ടിരിക്കുന്ന മാലിന്യക്കുഴൽ നീക്കം ചെയ്യൽ എന്നിവയ്ക്കായും 1500000/- രൂപ നദിക്കരയിൽ ഫെൻസിംഗ് നിർമ്മാണത്തിനായും ആണ് നീക്കിവെച്ചിട്ടുള്ളത്. എഞ്ചിനിയർ വിഭാഗത്തിൽ നിന്നുള്ള 1500000/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 01.03.23 ന് ടി തുകയ്ക്കുള്ള സാങ്കേതി അനുമതി ലഭിച്ചിരുന്നു. പദ്ധതി നടത്തിപ്പിനായി ചെക്ക് നം.6422/15.03.23 പ്രകാരം 1500000/- രൂപ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിച്ചതായോ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായോ കാണുന്നില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 82/02.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നൽകേണ്ടതും എത്രയും വേഗം പണി പൂർത്തീകരിച്ച്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-45 ലിറ്റർബിൻസ് എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന് വ്യക്തതയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ലിറ്റർബിൻസ് അറ്റ് കൊമേഴ്സ്യൽ ഏര്യാസ്, മാർക്കറ്റുകൾ, ബസ്സ്റ്റോപ്പുകൾ, ഓഫീസുകൾ |
| പദ്ധതി നമ്പർ | 54/23 |
| പദ്ധതി അടങ്കൽ | 500000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| പദ്ധതി ചെലവ് | 427200 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി കൊമേഴ്സ്യൽ ഏര്യാസ്, മാർക്കറ്റുകൾ, ബസ്സ്റ്റോപ്പുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനായി 48 ലിറ്റർബിൻസ് ജെം മുഖേന Sahajanand Corporation എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനത്തിന്റെ ഗുണമേന്മ പർച്ചേസ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചതിന്റെ തീരുമാനം ലഭ്യമാക്കിയിട്ടില്ല. 8900/- രൂപ നിരക്കിൽ ആകെ 427200/- രൂപയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. ടിഡിഎസ് ഇനത്തിൽ 8544/- രൂപ ഈടാക്കിയിട്ടുണ്ട്. ബിന്നുകൾ സ്ഥാപനത്തിൽ നിന്നും ലഭിച്ചതു വരെയുള്ള വിവരങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്. ആയത് സ്റ്റോക്കിലെടുത്തതിന്റെയും ലഭ്യമായ ബിന്നുകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്നതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

നഗരസഭ ഓഫീസിനു മുൻവശത്തായി സ്ഥാപിച്ചിരിക്കുന്ന ലിറ്റർബിൻ (1 എണ്ണം) പരിശോധിച്ചതിൽ ആയതിന്റെ സ്റ്റാൻഡിന് ഉറപ്പില്ലാത്തതാണെന്നും മറിഞ്ഞ് വീഴാതിരിക്കാൻ കല്ലുകൾ ഉപയോഗിച്ച് ബാലൻസ് ചെയ്തിട്ടുള്ളതായും കണ്ടു. പ്രസ്തുത സാഹചര്യത്തിൽ ബാക്കി സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകളുടെ ഉപയോഗം/നിലവിലെ സ്ഥിതി സംബന്ധിച്ച് തുടർ പരിശോധന ആവശ്യമാണെന്ന് കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.82/02.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലിറ്റർബിന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ബിന്നുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചത് എന്നതിന്റെ വിശദമായ റിപ്പോർട്ട്, ബിന്നുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-46 വനിതകൾക്കുള്ള ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതകൾക്ക് ഫിറ്റ്നെസ് സെന്റർ |
| പദ്ധതി നമ്പർ | 379/23 |
| പദ്ധതി അടങ്കൽ | 1055000(വികസന ഫണ്ട്-പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 1044678 |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ |
| ബിൽ നം./തീയതി | 713/27.3.2023 തുക-736940<br>714/27-3-23 തുക-307738 |
| ഓഡിറ്റ് എൻക്വയറി നം | 49/31-7-23 |

വനിതകൾക്കുള്ള ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫിറ്റ്നെസ് ഉപകരണങ്ങൾ, അനുബന്ധ സാധനങ്ങൾ വാങ്ങിക്കുന്നതിനും പരിശീലകനുള്ള ഓണറേറിയത്തിനും ഫിറ്റ്നെസ് സെന്റർ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റുചെലവുകൾക്കുമായി രൂപീകരിച്ചതാണ് മേൽ പ്രോജക്റ്റ് . ഉപകരണങ്ങൾ വാങ്ങുന്നതിനായി 6-3-23 ന് ഇ ടെണ്ടർ ക്ഷണിച്ചതിൽ ഫോർജ്ജ് ഫിറ്റ്നെസ് സെന്റർ - 809393, പൾസ് ഫിററ്നെസ് സെന്റർ- 1054678, ബോഡി പ്ളസ്-1117412 എന്നീ 3 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. 22-3-23 ലെ നെടുമങ്ങാട് മുനിസിപ്പൽ കൗൺസിലിന്റെ 14-ം നമ്പർ തീരുമാന പ്രകാരം ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ പോയി പരിശോധിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുകയും, ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഫോർജ്ജ് ഫിറ്റ്നെസിനെ ഒഴിവാക്കി L2 ആയ പൾസ് ഫിറ്റ്നെസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ നിശ്ചയിച്ചു. (സ്ഥാപനം 10000/- രൂപ കൂടി കുറച്ച് 1044678/- രൂപക്ക് ഉപകരണങ്ങൾ സപ്ളെ ചെയ്യാൻ സന്നദ്ധമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ (സപ്ലൈ ഓർഡർ നൽകി)

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതി രൂപീകരണ ഫോറം പ്രകാരം സർക്കാർ ഓട്ടോണമസ് സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയത് പാലിക്കാതെ സ്വകാര്യ സ്ഥാപനത്തൽ നിന്നും ആണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

2. കൗൺസിൽ നിർദ്ദേശിച്ച സമിതിയുടെ റിപ്പോർട്ട് ഫയലിലില്ല.

3.സ്ഥാപനത്തിന് 22-3-24 ൽ നൽകിയ സപ്ളെ ഓർഡറിൽ 28-3-23 ന മുൻപായി ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം 251/27-3-23 – 736940, 252/27-3-23- 307738 പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്തതായും ഉപകരണങ്ങൾ നഗര സഭാ ഓഫീസിന്റെ മുകൾ നിലയിൽ കൂട്ടിയിട്ട നിലയിലും 1-8-23 ന് നടത്തിയ സ്ഥല പരിശോധനയിൽ കാണപ്പെട്ടു.ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാൽ ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾ മുഴുവനും ലഭിച്ചോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ഫോർജ്ജ് ഫിറ്റ്നെസ് സാമ്പിളുകൾ പരിശോധനക്ക് ലഭ്യമാക്കിയിരുന്നുവോ ഉണ്ടെങ്കിൽ ആയതിന്റെ ഗുണ നിലവാരം പരിശോധിച്ചിരുന്നോ എന്നതിന്റെ വിവരം ഫയലിലില്ല.

5. എവിടെയാണ് ഫിറ്റ്നെസ് സെന്റർ ആരംഭിക്കുന്നതെന്ന് പ്രോജക്റ്റിൽ വ്യക്തമല്ല.നഗര സഭാ ഓഫീസിന്റെ മൂന്നാം നിലയിലാണ് സെന്റർ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

6. പ്രോജക്റ്റ് രൂപീകരണഫോറം ഖണ്ഡിക- 33 പ്രകാരം ഫിറ്റ്നെസ് സെന്ററിലേക്ക് ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 107000/-രൂപയും ഖണ്ഡിക-34 പ്രകാരം പരിശീലകനുള്ള വേതനമായി 12000/-രൂപ വീതം 4 മാസത്തേക്ക് 48000/- രൂപയും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആയതിനെ മറികടന്ന് 1044678/- രൂപയ്ക്കും ഉപകരണങ്ങൾ വാങ്ങിയത് എന്തു കാരണത്താലാണെന്ന് വ്യക്തമല്ല.

7.വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല

8. ഉപകരണങ്ങൾ സപ്ളെ ചെയ്ത സ്ഥാപനത്തിൽ നിന്നും 2% ജി എസ് ടി. ഈടാക്കിയിട്ടില്ല.
9) തദ്ദേശ സ്ഥാപനങ്ങളുടെ വാങ്ങലുകൾ സംബന്ധിച്ച നടപടിക്രമം ജിഒ (പി)259/2010 തിയ്യതി-8-11-2010 പ്രകാരം സ്പഷ്ടമാക്കിയിട്ടുള്ള സാഹചര്യത്തിൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ പോയി പരിശോധനനടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതിയെ നിയോഗിച്ചതിന്റെ കാരണം വ്യക്തമല്ല.

അപാകങ്ങളിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം നികുതികൾ ഈടാക്കുന്നതാണന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം 6 പ്രകാരം ചൂണ്ടികാട്ടിയ അപാകത്തിന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ഫിറ്റ്നെസ് സെന്റർ പ്രവർത്തനം ആരംഭിച്ച് അറിയിക്കേണ്ടതാണ്.

## 1–47 അതി ദരിദ്രർക്ക് സേവനം എത്തിക്കൽ– ചെലവു രേഖകൾ ലഭ്യമല്ല– 78399 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭ പരിധിയിലെ അതിദരിദ്രരെ കണ്ടെത്തി സേവനം എത്തിക്കൽ |
| പദ്ധതി നമ്പർ | 179/23 |
| പദ്ധതി അടങ്കൽ | 300000 (വികസന ഫണ്ട്-പൊതു വിഭാഗം) |

| | |
|---|---|
| പദ്ധതി ചെലവ് | 78399 |
| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ |
| ബിൽ നം./തീയതി | 618/21-3-23തുക 78399 |

നഗര സഭ പരിധിയിലെ അതി ദരിദ്രരെ കണ്ടെത്തി സേവനം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മേൽ ബില്ലുകൾ പ്രകാരമുള്ള തുകയിൽ 30399 രൂപ സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിലേക്കും 47000രൂപ ത്രിവേണി മാനേജരുടെ അക്കൌണ്ടിലേക്കുമാണ് നൽകിയിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സ ഉ (കൈ) 146/2022 തസ്വഭവ തിയ്യതി-8-7-22 ഖണ്ഡിക-22 പ്രകാരം തദ്ദേശ സ്ഥാപനം തയ്യാറാക്കുന്ന മാസ്റ്റർ പ്ളാനിന് താഴെ ചേർക്കും വിധത്തിലുള്ള 3 തരത്തിലുള്ള ഉള്ളടക്കങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

1.ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികളുടെ വിവരം ( റേഷൻ കാർഡ്, ആധാർകാർഡ് ,ഭക്ഷണം ,ചികിൽസ എന്നിവയുമായി ബന്ധപ്പെട്ടവ ) – ആയതു പ്രകാരം തദ്ദേശ സ്ഥാപന പരിധിയിൽ എത്ര ഗുണഭോക്താക്കളാണ് ഉൾപ്പെടുന്നതെന്നും ഏതു പദ്ധതിയുമായാണ് ബന്ധപ്പെടുത്തിയിരിക്കുന്നതെന്നും ഉള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.

2.ഹ്രസ്വ കാലത്തേക്ക് നടപ്പാക്കാവുന്ന പദ്ധതികൾ , മൂന്നു മാസം മുതൽ രണ്ട് വർഷം വരെയുള്ള ഇടക്കാലം കൊണ്ട് ചെയ്യുന്ന പദ്ധതികൾ ആണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. (അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കൽ, പഠന സൌകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ ചികിൽസാ സൌകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവ) ആയതു പ്രകാരം തദ്ദേശ സ്ഥാപന പരിധിയിൽ എത്ര ഗുണഭോക്താക്കളാണ് ഉൾപ്പെടുന്നതെന്നും ഏതു പദ്ധതിയുമായാണ് ബന്ധപ്പെടുത്തിയിരിക്കുന്നതെന്നും ഉള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.

3. ഉടൻ ഇടപെടലുകളോ ഹ്രസ്വകാല ഇടപെടലുകളോ മാത്രം മതിയാകാത്ത ദീർഘ കാല ഇടപെടൽ ആവശ്യമായ കുടുംബത്തിന് തയ്യാറാക്കിയിട്ടുള്ള ദീർഘകാല പദ്ധതികൾ (വീട്, കക്കൂസ്,വൈദ്യുതി, കുടിവെള്ളം)- ആയതു പ്രകാരം തദ്ദേശ സ്ഥാപന പരിധിയിൽ എത്ര ഗുണഭോക്താക്കളാണ് ഉൾപ്പെടുന്നതെന്നും ഏതു പദ്ധതിയുമായാണ് ബന്ധപ്പെടുത്തിയിരിക്കുന്നതെന്നും ഉള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.

മേൽ സൂചിപ്പിച്ച മൂന്ന് ഉള്ളടക്കങ്ങളും ഉൾക്കൊള്ളുന്ന നഗരസഭ തയ്യാറാക്കിയ മൈക്രോപ്ളാൻ പരിശോധനക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം 47/31-7-23) മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതും താഴെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതുമാണ്.

A. ഉടൻ ചെയ്യാവുന്ന സർവ്വീസ് പദ്ധതി പ്രകാരം ആദ്യ ഘട്ടത്തിൽ ആനുകൂല്യം ലഭിക്കുന്നതിനായി വോട്ടേഴ്സ് കാർഡ് അനുവദിക്കൽ , ആധാർ ഐ ഡി അപ്ഡേഷൻ, ഹെൽത്ത് കാർഡ്, സെക്യൂരിറ്റി പെൻഷൻ , റേഷൻ കാർഡ് എന്നീ സേവനങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നഗര സഭ എത്ര പേർക്കാണ് ആനുകൂല്യം അനുവദിച്ചത്, എത്ര പേർക്ക് അനുവദിക്കാൻ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന എന്നിവയുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

B. ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം ബിൽ പ്രകാരം മാറിയ 31399 രൂപ സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിലേക്കും, 47000 രൂപ മാനേജരുടെ അക്കൌണ്ടിലേക്കുമാണ് നൽകിയിരിക്കുന്നത്. ആയത് ഏതാവശ്യത്തിന് നൽകിയതാണെന്നതിന്റെ വിവരം ലഭ്യമല്ല. ഭക്ഷ്യ ധാന്യങ്ങൾ വാങ്ങി നൽകിയിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെയും , വിതരണം നടത്തിയതിന്റെയും രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഫയലിൽ 5 പേരുടെ വാടക കരാർ ലഭ്യമാണ്. വാടകയിനത്തിൽ തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

C.പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ലഭ്യമാക്കിയില്ല.

D.സ ഉ (കൈ) 146/2022 തസ്വഭവ തിയ്യതി-8-7-22 ഖണ്ഡിക 5-2 പ്രകാരം തദ്ദേശ തല കോർഡിനേഷൻ സമിതിയും കുടുംബശ്രീ സി ഡി എസ്സും സംയുക്തമായി പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലില്ല.

E. അതി ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സംഭാവനകൾ സ്വീകരിക്കുന്നതിനും വിനിയോഗിക്കുന്നതിനും നോഡൽ ഓഫീസറുടെ പേരിൽ പ്രത്യേകം അക്കൌണ്ട് തുറക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ആരംഭിച്ച അക്കൌണ്ടിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

F . തദ്ദേശ സ്ഥാപന തല കോർഡിനേഷൻ കമ്മറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങളും , സമിതി മിനുട്സും ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെ 78399 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-48 അഗതി രഹിത കേരളം പദ്ധതി- രേഖകൾ പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് | 1.<br>അഗതി രഹിത കേരളം ( SO) | 2.<br>അഗതി രഹിത കേരളം (NEW) |
|---|---|---|

| | | |
|---|---|---|
| പദ്ധതി നമ്പർ | 150/23 | 174/23 |
| പദ്ധതി അടങ്കൽ | 557805<br>(വികസന ഫണ്ട്-പൊ.വി ) | 1014357 |
| പദ്ധതി ചെലവ് | 555934 | 995389 |
| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ | പ്രോജക്റ്റ് ഓഫീസർ |
| ബിൽ നം./തീയതി | 41/14-10-22- 555934<br>ചെക്ക് നം 6235/ 7-6-23-137536 | 61/20-1-23-336789<br>76/17-3-23- 336800<br>85/23-3-23- 321800 |

ക്രമ നം 1 പദ്ധതി പ്രകാരം 2021 ഒക്ടോബർ, നവംബർ, 2022 ഡിസംബർ, ജനുവരി എന്നീ മാസങ്ങളിലായി അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്കായി വാങ്ങി നൽകിയ ഭക്ഷ്യ ധാന്യങ്ങളുടെ തുക ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോറിന് അനുവദിച്ച നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1. ഇൻവോയ്സ് - നം 253/8/11496 DT-27-12-21 പ്രകാരം വാങ്ങിയ -347300 രൂപയുടെയും ഇൻവോയ്സ് നം 253/8/13879 - പ്രകാരം വാങ്ങിയ 346470 രൂപയുടെയും സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ, ഗുണഭോക്താക്കളുടെ കൈപ്പറ്റ്, അഗതി രഹിത കേരളം പദ്ധതിയുടെ DPR തുക കൈപ്പറ്റിയ അക്കൗണ്ട് വിവരം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല

2.ക്രമ നം 2 പദ്ധതി പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലായി വാങ്ങി നൽകിയ ഭക്ഷ്യ ധാന്യങ്ങളുടെ തുക ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോറിന് അനുവദിച്ച നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

ഇൻവോയ്സ് - നം 253/9/11268 DT-1-12-22 പ്രകാരം വാങ്ങിയ 336789/- രൂപയുടെയും ഇൻവോയ്സ് നം 253/9/13642-DT-1-2-23 പ്രകാരം വാങ്ങിയ 336800/- രൂപയുടെയും ഇൻവോയ്സ് നം 253/9/13642 DT 20-3-23 പ്രകാരം വാങ്ങിയ 321800/- രൂപയുടെയുംസാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ ,ഗുണഭോക്താക്കളുടെ കൈപ്പറ്റ്, അഗതി രഹിത കേരളം പദ്ധതിയുടെ DPR , തുക കൈപ്പറ്റിയ അക്കൌണ്ട് വിവരം എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/31-7-23) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നു എന്ന് മറുപടി നൽകിയെങ്കിലും ഡി പി ആർ മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. ബാക്കി രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-49 നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിൽ നിന്നും കൊടുക്കേണ്ടതിനാൽ സെക്രട്ടറിക്കു കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശാദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാനഫണ്ടിലേക്ക് അടവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഏതു വർഷം വരെയുള്ള തുക അടവാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനും 2022-23 വർഷം അടവാക്കിയതിന്റെ വിവരവും , അടവാക്കുന്നതിൽ മുടക്കം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/27-7-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭാ സെക്രട്ടറി മുനിസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-50 പി എം എ വൈ പദ്ധതി -അവലോകനം

1. വരവ് ചെലവ് വിവരം

| സാമ്പത്തിക വർഷം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 2022-23 | 10446000 | 10446000 | 0 |

2. 2022-23 കാലയളവിൽ പി.എം.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച വരവ് വിഹിതങ്ങളുടെ വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | തദ്ദേശ വിഹിതം- ജനറൽ | തദ്ദേശ വിഹിതം- എസ്.സി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | Other Fund | പലിശ | ആകെ |
|---|---|---|---|---|---|---|---|
| 2022-23 | 0 | 1280000 | 18019287 | 6006429 | -- | -- | 25305716 |

3.പി.എം.എ.വൈ (നഗരം) പദ്ധതിയുടെ 1 മുതൽ 7 വരെയുള്ള DPR പ്രകാരമുള്ള പുരോഗതി

| DPR | അംഗീകാരം ലഭിച്ചത് | കരാറിൽ ഏർപ്പെട്ടത് | ആദ്യ ഗഡു കൈ | രണ്ടാം ഗഡു കൈ | മൂന്നാം ഗഡു കൈ | നാലാം ഗഡു കൈപ്പറ്റിയവർ | പൂർത്തിയാക്കിയവർ | പൂർത്തിയാക്കാത്തവർ |
|---|---|---|---|---|---|---|---|---|

| | | | പ്പറ്റിയവർ | പ്പറ്റിയവർ | പ്പറ്റിയവർ | | | |
|---|---|---|---|---|---|---|---|---|
| 1<br>2016-17 | 789 | 788 | 788 | 784 | 780 | 778 | 778 | 11 |
| 2<br>2017-18 | 429 | 429 | 429 | 418 | 407 | 396 | 396 | 33 |
| 3<br>2018-19 | 544 | 544 | 544 | 536 | 513 | 504 | 505 | 39 |
| 4<br>2019-20 | 103 | 103 | 103 | 102 | 101 | 99 | 99 | 4 |
| 5<br>2020-21 | 119 | 118 | 118 | 113 | 107 | 101 | 101 | 18 |
| 6<br>2021-22 | 194 | 191 | 191 | 179 | 147 | 69 | 73 | 121 |
| 7<br>2022-23 | 70 | 36 | 33 | 18 | 0 | 0 | 0 | 70 |

2021-22 വരെ ആദ്യഗഡു കൈപ്പറ്റിയവരിൽ 222 ഗുണഭോക്താക്കൾ ഇനിയും വീടുപണി പൂർത്തീകരിയ്ക്കാത്തതായുണ്ട്. വീടുപണി പൂർത്തീകരിയ്ക്കാത്തവരുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. പി എം എ വൈ പദ്ധതിയുടെ ഒന്നു മുതൽ 7 വരെയുള്ള ഡി പി ആറുകളുമായി ബന്ധപ്പെട്ട അക്വിറ്റൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗഡുക്കൾ പൂർണ്ണമായും കൈപ്പററി ഭവന നിർമ്മാണം പൂർത്തീകരിച്ചതായി രേഖപ്പെടുത്തലില്ല.

| ഡി പി ആർ നം/വാർഡ് നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|---|
| 6/2 | ബീന. എസ്<br>മണ്ണടി മേലേ വീട് | 200000 | 5-8-21 |
| 6/5 | അജിത.ആർ<br>അജയമന്ദിരം | 40000 | 29-1-21 |
| 6/7 | ജോമണി. ടി.കെ<br>ഏന്തിക്കുന്ന വിളയിൽ<br>കാഞ്ഞിരം പാറ | 40000 | 29-1-21 |
| 6/11 | ജയരാജ്. ജെ.<br>വിളയിൽ വീട് | 40000 | 29-1-21 |
| 6/11 | ബിന്ദു. വി<br>എസ് ആർ ഭവൻ | 40000 | 29-1-21 |
| 6/14 | കുമാരി. എസ്<br>കിഴക്കേ വിള | 200000 | 25-5-21 |
| 6/14 | പദ്മിനി. എസ് കിഴക്കേ വിള | 40000 | 10-3-21 |
| 6/18 | ശ്രീകല ടി.അഞ്ജലീ ഭവൻ | 200000 | 4-6-21 |
| 6/19 | ബിന്ദു. ആർ<br>ശ്രീദേവി ഭവൻ | 40000 | 29-1-21 |
| 6/23 | പ്രിയ.വി എം<br>രമേഷ് ഭവൻ | 40000 | 8-2-21 |
| 6/25 | വസന്ത.ആർ<br>ശ്രീരാഗം | 40000 | 17-6-22 |
| 6/25 | സിന്ധു. വി<br>ചരുവിള പുത്തൻ വീട് | 40000 | 10-9-21 |
| 6/27 | ദീപു.ബി എൽ<br>ദീപ ഹൌസ് | 40000 | 29-1-21 |
| 6/28 | രേഷ്മ .എസ്<br>പുതുവൽ പുത്തൻ വീട് | 40000 | 29-1-21 |
| 6/30 | ഷെഹീന. എസ് | 40000 | 10-3-21 |
| 6/33 | രാജലക്ഷ്മി. ജി<br>കൊച്ചുകരിക്കകത്തിൽ വീട് | 40000 | 29-1-21 |
| 6/4 | മിനി. ഓമന ഭവൻ | 30000 | 22-6-19 |
| 6/4 | ബിജി.എസ് കെ<br>തടത്തരികത്ത് വീട് | 30000 | 12-04-2019 |
| 6/4 | ബിജു<br>പമ്മത്തിൻമൂല | 30000 | 07.05.2019 |
| 6/17 | സുജാത.എസ്<br>ആര്യവിഹാർ | 150000 | 26-08-2019 |
| 6/20 | മഞ്ജു.എ<br>അരുവിക്കുഴി | 30000 | 12-04-2019 |

| | | | |
|---|---|---|---|
| 6/27 | ഷൈലജ.പി.റ്റി | 30000 | 21-08-2019 |
| 6/33 | ശ്രീകല.ആർ<br>സുബിൻ നിവാസ് | 30000 | 27-05-2019 |
| 6/34 | രമണി.എ<br>കൈതുറ മൂല | 30000 | 08-04-2019 |
| 6/35 | ആശാമണി.വി | 30000 | 07-05-2019 |
| 6/2 | ഷീബ.എൽ<br>ഊരാളിക്കോണത്തു വീട് | 30000 | 27-02-2019 |
| 6/4 | ഷീബ.ആർ<br>കുശർക്കോട് | 150000 | 24-07-2020 |
| 6/4 | ശ്രീമോൺ.ഡി<br>നാദിയ ഭവൻ | 30000 | 30-09-20 |
| 6/5 | സുഭദ്ര.എൽ<br>കൊന്നവിളാകത്ത് | 30000 | 21-08-2019 |
| 6/5 | അജില.എസ്.വി<br>പുണർതം ഭവൻ | 30000 | 27-02-2019 |
| 6/5 | നിർമ്മല<br>തടത്തരികത്ത് | 150000 | 21-08-2019 |
| വാർഡ് 6 | രാധിക.എ<br>ആർ.ജി.ഭവൻ | 30000 | 07-06-2022 |
| വാർഡ് 10 | ദീപ.എസ്<br>പുളിമൂട്ടിൽ വീട് | 30000 | 23-12-2020 |
| വാർഡ് 10 | സന്തോഷ്കുമാർ<br>മട്ടുത്തുവീട് | 30000 | 30-04-2019 |
| 12/12 | സജി.എൻ.വി<br>അശ്വതിഭവൻ<br>പഴവിളവീട് | 30000 | 27-12-2019 |
| 12/13 | ശ്യാമള<br>കുന്നംപുറത്ത് വീട് | 150000 | 13-06-2019 |
| 12/19 | ശൈലജകുമാരി<br>കുന്നിൻപുറത്ത് വീട് | 30000 | 27-12-2019 |
| 6/20 | പ്രസന്നകുമാരി<br>ശിവസദനം | 30000 | 27-02-2019 |
| 6/20 | ജലജകുമാരി | 30000 | 27-02-2019 |
| 6/23 | ഓമന.പി<br>ഓമനവിലാസം | 30000 | 16-03-2019 |
| 6/26 | വിക്ടോറിയ | 30000 | 27-02-2019 |
| 6/31 | സുനിത.എം<br>കുന്നത്ത് പളിവള | 30000 | 27-12-2019 |
| 6/34 | ശ്രീകുമാരി<br>പറയത്തുകോണം | 150000 | 04-02-2020 |
| 6/2 | യെസ്തർ<br>മണ്ണാറമ്പ് മേലെ<br>പുത്തൻവീട് | 150000 | 09-05-2019 |
| 6/4 | ലതാപുഷ്പരാജൻ<br>രാമപുരത്തുകുഴി | 25000 | 16-07-2018 |
| 6/9 | വനജ ഗണേഷ്<br>പത്മവിലാസം | 25000 | 08-08-2018 |
| 6/9 | സൂസന്ന<br>വയലികത്ത് വീട് | 30000 | 22-06-2019 |
| 6/10 | ഇന്ദിര.പി<br>ചോതി നിവാസ് മൂത്താം<br>കോണം | 30000 | 21-08-2019 |
| 6/14 | അനിൽകുമാർ<br>അനഘഭവൻ | 30000 | 24-10-2018 |
| 6/24 | രാധിക | 30000 | 29-01-2020 |
| 6/24 | ഫസീല ബീവി | 30000 | 24-01-2020 |
| 6/26 | വിക്ടോറിയ | 30000 | 27-02-2019 |
| 6/27 | റാഷിദാ ബീവി | 30000 | 21-08-2019 |
| 6/29 | ഷാഹിന.എസ്<br>പേരുമല തടത്തരികത്ത് | 30000 | 29-09-2018 |
| 6/34 | നാഫീന<br>പണയിൽ വീട് | 25000 | 16-07-2018 |
| 6/4 | ഗിരിജകുമാരി<br>ലക്ഷ്മി നിവാസ് | 160000 | 20-08-2020 |
| 6/5 | സുധ.എസ്<br>മുടിപ്പുര വിളാകത്ത് | 30000 | 09-05-2017 |

| | | | |
|---|---|---|---|
| 6/8 | മുത്തു<br>മഞ്ജു ഭവൻ | 30000 | 03-08-2017 |
| 6/9 | വിനീത രാജേന്ദ്രൻ<br>ആദിത്യ ഭവൻ | 150000 | 22-03-2019 |
| 6/17 | അംബിക.സി | 30000 | 13-08-2018 |
| 6/18 | വസന്ത.പി<br>സജിത ഭവൻ | 30000 | 03-04-2018 |
| 6/22 | രോഹിണി.ആർ.എം<br>മനോജ്ഭവൻ | 150000 | 06-12-2017 |
| 6/23 | സേതുലകഷ്മി.കെ<br>വൃന്ദഭവൻ | 30000 | 09-05-2017 |
| 6/27 | അനിൽകുമാർ.കെ<br>കരിമ്പകോണത്ത് | 150000 | 20-07-2018 |
| 6/33 | വത്സല.ജെ | 30000 | 21-08-2019 |

മേൽപറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത് എന്ത് കൊണ്ടാണെന്നും, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-51 പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം - തുക ചെലവഴിച്ചതിന് രേഖയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം - വനിത വ്യക്തിഗതം |
| പദ്ധതി നമ്പർ | 33/23 |
| പദ്ധതി അടങ്കൽ | 10000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 10000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം./തീയതി | 4/01.06.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ |

പരമ്പരാഗത കൈതൊഴിൽ ചെയ്യുന്നവർക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനാണ് തുക അനുവദിക്കുന്നത്. പ്രോജക്ടിന്റെ ഭാഗമായി 2 ഗുണഭോക്താക്കൾക്ക് (കുഞ്ഞുമോൾ.ഡി, പുത്തൻവിള വീട്, സിസിലി, തടത്തരികത്ത് വീട്) 5000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ലഭ്യമായ തുക ഉപയോഗിച്ച് അസംസ്കൃത വസ്തുക്കൾ വാങ്ങിയിട്ടുള്ളതായി ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.8/26.07.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപേക്ഷയോടൊപ്പം ബിൽ/വൗച്ചർ ഉള്ളടക്കം ചെയ്യേണ്ടതായി പദ്ധതിയിൽ രേഖപ്പെടുത്തിയിരുന്നില്ലെന്നും ഫോറസ്റ്റ് പാസ് ഉള്ള വ്യക്തികളിൽ നിന്നാണ് മേൽ ഗുണഭോക്താക്കൾ അസംസ്കൃത വസ്തുവായ ഈറ ശേഖരിച്ചതെന്നും അറിയിച്ചിരിക്കുന്നു. പദ്ധതിയുടെ ഭാഗമായി വാങ്ങലിന് തുക ചെലവഴിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ബിൽ/വൗച്ചർ എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-52 ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. TR-7A ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.08/26.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-53 ആർ.ആർ.എഫ് യൂണിറ്റിലേയ്ക്കുള്ള പർച്ചേസ് - അടങ്കൽ തുകയേക്കാൾ അധികം ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ആർ.ആർ.എഫ് യൂണിറ്റിൽ ഡസ്റ്റ് റിമൂവർ, കൺവേയർ ബെൽറ്റ് എന്നിവ സ്ഥാപിക്കൽ |
| പദ്ധതി നമ്പർ | 50/23 |
| പദ്ധതി അടങ്കൽ | ആകെ 370650<br>50000 (വികസന ഫണ്ട് പൊതുവിഭാഗം)<br>192500 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>128150 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| പദ്ധതി ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | ആകെ 305463<br>183383 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>122080 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി പനങ്ങേട്ടേല ആർ.ആർ.എഫ് യൂണിറ്റിൽ ഡസ്റ്റ് റിമൂവർ, കൺവേയർ ബെൽറ്റ് എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്രോജക്ട് അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഫയൽ പരിശോധിച്ചതിൽ മെഷീനുകളുടെ ആകെ വിലയായ 523950 രൂപ 2 തവണയായി മെഷീനുകൾ പർച്ചേസ് ചെയ്ത ക്ലീൻ കേരള കമ്പനിയ്ക്ക് അനുവദിച്ചിട്ടുണ്ട് (229350 രൂപ - വൗച്ചർ നം.36/06.04.22, 294600 രൂപ – വൗച്ചർ നം. 389/11.07.22). എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 305463 രൂപയാണ്. കൂടാതെ ആകെ ചെലവ് അടങ്കൽ തുകയേക്കാൾ അധികമാണ്. മേൽ പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് ആകെ എത്ര രൂപ അനുവദിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സി) മെഷീനുകൾ ലഭിച്ചിട്ടുള്ളതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ക്യാഷ്/ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല. പ്രൊഫോർമ ഇൻവോയിസ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഡി) ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 04.05.22 ലെ 5-ാംനം.തീരുമാന പ്രകാരമാണ് മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ 3 ഫേസ് കണക്ഷൻ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

ഇ) പർച്ചേസ് ചെയ്ത് ഒരു വർഷത്തിനു ശേഷവും മെഷീനുകൾ ഉപയോഗിക്കാതെ ആർആർഎഫിൽ സൂക്ഷിച്ചിരിക്കുന്നതായി 01.08.23 ൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/29.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായെങ്കിലും മെഷീനുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വാങ്ങിയ മെഷീനുകൾ യഥാവിധി സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി അറിയിക്കേണ്ടതാണ്.

## 1-54 ട്രൈസൈക്കിൾ വീൽബാരോ വാങ്ങൽ – ചെലവ് സംബന്ധിച്ച് വ്യക്തതയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ട്രൈസൈക്കിൾ വീൽബാരോ വാങ്ങൽ |
| പദ്ധതി നമ്പർ | 154/23 |
| പദ്ധതി അടങ്കൽ | ആകെ 177580<br>74051 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>47580 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>46600 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>9349 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് (സുലേഖ പത്രിക പ്രകാരം) | ആകെ 22420<br>22420 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി പനങ്ങേട്ടേല ആർ.ആർ.എഫ് യൂണിറ്റിലേയ്ക്ക് 10 ട്രൈസൈക്കിൾ വീൽബാരോയാണ് വാങ്ങിയിട്ടുള്ളത്. 2020-21 ലെ പ്രോജക്ട് നം.529/21 പ്രകാരമാണ് മേൽ മെഷീൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്.

എ) മെഷീന്റെ ആകെ വില ജി.എസ്.ടി ഇൻവോയിസ് നം.CKCL/2018 , തീയതി 26.03.22 പ്രകാരം 117705 രൂപയാണ്. 2021-22 ൽ 2 തവണയായി ആകെ 104152 രൂപ (യഥാക്രമം 22420 രൂപ, 81732 രൂപ) സ്ഥാപനത്തിന് അനുവദിച്ചിരുന്നതായി ഫയലിൽ ഉണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം 2022-23 ലെ ചെലവ് 22420 രൂപയാണ്. എന്നാൽ ടി തുക 2022-23 ൽ സ്ഥാപനത്തിന് അനുവദിച്ചതായി ഫയലിൽ ഇല്ല. 22420 രൂപ 03.04.21 ൽ ലഭിച്ചതായുള്ള സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇപ്രകാരം 2021-22 ൽ നടന്ന ചെലവ് തുക 2022-23 ലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കേണ്ടതും 2022-23 വർഷം അപ്രകാരമൊരു ചെലവ് നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

ബി) സിഎഫ്സി ഫണ്ടിന്റെ എസിആർ പരിശോധിച്ചതിൽ ബിൽ നം. 693/25.03.23 പ്രകാരം 74051 രൂപ മേൽ പ്രോജക്ടിനുവേണ്ടി ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം അത്തരമൊരു ചെലവ് നടന്നിട്ടില്ല. പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശം (എന്ത് ആവശ്യത്തിനായി ഉപയോഗിച്ചു) ലഭ്യമാക്കേണ്ടതാണ്.

സി) ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് ആകെ എത്ര രൂപ അനുവദിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഡി) ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 04.05.22 ലെ 5-ാം നമ്പർ തീരുമാന പ്രകാരമാണ് മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ 3 ഫേസ് കണക്ഷൻ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

ഇ) പർച്ചേസ് ചെയ്ത് ഒരു വർഷത്തിന ശേഷവും മെഷീനകൾ ഉപയോഗിക്കാതെ ആർആർഎഫിൽ സൂക്ഷിച്ചിരിക്കുന്നതായി 01.08.23 ൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/29.07.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായെങ്കിലും മെഷീനുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും മേൽ പ്രോജക്ട് മുഖേന 2022-23 ൽ നടത്തിയ യഥാർത്ഥ ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-55 വയോക്ലബ്ബ് പ്രവർത്തനങ്ങൾ-പദ്ധതി മാർഗ്ഗരേഖക്ക വിരുദ്ധമായി കെയർ ടേക്കർമാർക്ക് ഓണറേറിയം ഇനത്തിൽ 461500 രൂപ അധികം തുക അനുവദിച്ചു-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് | I)നിലവിലുള്ള വയോജന ക്ലബ്ബുകളുടെ പരിപാലനം | Ii) 5,20,31 വാർഡുകളിലെ പുതിയ വയോക്ലബ്ബുകൾ | Iii)വയോക്ലബ്ബുകളുടെ തുടർ നടത്തിപ്പ് (Sc) | Vi)വയോക്ലബ്ബുകളുടെ തുടർ നടത്തിപ്പ് | V)നിലവിലുള്ള വയോജന ക്ലബ്ബുകളുടെ പരിപാലനം |
|---|---|---|---|---|---|
| പദ്ധതി നമ്പർ | 111/23 (So) | 17/23 (So) | 59/23 (New) | 58/22 (New) | 116/23(so) |
| പദ്ധതി അടങ്കൽ | 458858 (വികസന ഫണ്ട്-പൊ.വി ) | 691147 (വികസന ഫണ്ട്-പൊ.വി ) | 1400000 | 2300000 (വികസന ഫണ്ട്-പൊ.വി ) | 326146 (വികസന ഫണ്ട്-പൊ.വി ) |
| പദ്ധതി ചെലവ് | 457900 | 690275 | 780592 | 2205231 | 316221 |
| നിർവഹണ ഉദ്യോഗസ്ഥ | പ്രോജക്റ്റ് ഓഫീസർ | പ്രോജക്റ്റ് ഓഫീസർ | പ്രോജക്റ്റ് ഓഫീസർ | പ്രോജക്റ്റ് ഓഫീസർ | പ്രോജക്റ്റ് ഓഫീസർ |

I) നഗരസഭക്ക കീഴിലുള്ള , മൂത്താംകോണം ഗ്രാങ്കോട്ടുകോണം, അരശുപറമ്പ്, കരിപ്പൂര്, എന്നീ വയോജന ക്ലബ്ബുകളുടെ നടത്തിപ്പിനായി 2021-22 വർഷം രൂപീകരിച്ചതാണ് ക്രമ നം ( I ) പദ്ധതി .വയോക്ലബ്ബിലെ കെയർടേക്കറുമാരുടെ ഓണറേറിയം, കെട്ടിടത്തിന്റെ വാടക , ഭക്ഷണം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിരിക്കുന്നത്.2021-22 വർഷം എല്ലാ വിഭാഗക്കാർക്കുമായുള്ള വയോക്ലബ്ബുകളുടെ തുടർനടത്തിപ്പിനായി വികസനഫണ്ട് ലഭ്യമല്ലാതിരുന്ന സാഹചര്യം ഉണ്ടായിരുന്നതിനാൽ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയും നഗര സഭ സെക്രട്ടറിയുടെ 29-4-22 ലെ UPA/5101/ 22 നം ഉത്തരവ് പ്രകാരം വികസനഫണ്ടിൽ നിന്നും 239107 രൂപ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് ഓഫ് ബറോഡയിലെ അക്കൌണ്ടിലേക്ക് റീക്ലപ്പ് ചെയ്യുകയും(ബിൽനം3/ -18-5-22)ബാക്കി തുക 218793 രൂപ പടവള്ളിക്കോണം,ഗ്രാങ്കോട്ടുകോണംഎന്നിവിടങ്ങളിലെ വയോക്ലബ്ബുകളുടെ 4/22 മുതൽ 6/22 വരെയുള്ളമാസങ്ങളിലെ വയോ ക്ലബ്ബുകളുടെ ഭക്ഷണം, കെട്ടിടങ്ങളുടെവാടക, കെയർ ടേക്കർമാരുടെ ഓണറേറിയം, എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്. റീക്ലപ്പ് ചെയ്ത തുക 2/22, 3/22,4/22 മാസങ്ങളിലെ ഓണറേറിയം, വാടക, ഭക്ഷണം എന്നിവക്കായാണ് ചെലവഴിച്ചിരിക്കുന്നത്.

( Ii )നഗരസഭക്ക കീഴിൽ പുതിയതായി ആരംഭിച്ച തറട്ട , കൊപ്പം, മണക്കോട് എന്നീ വയോജന ക്ലബ്ബുകളുടെ നടത്തിപ്പിനായി 2021-22 വർഷം തുടങ്ങിയതാണ് ക്രമ നം (Ii) പദ്ധതി. വയോ ക്ലബ്ബിലെ കെയർടേക്കറുമാരുടെ ഓണറേറിയം, കെട്ടിടത്തിന്റെ വാടക , ഭക്ഷണം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിരിക്കുന്നത്.2021-22 വർഷം എല്ലാ വിഭാഗക്കാർക്കുമായുള്ള വയോക്ലബ്ബുകളുടെ തുടർനടത്തിപ്പിനായി വികസനഫണ്ട് ലഭ്യമല്ലാതിരുന്ന സാഹചര്യം ഉണ്ടായിരുന്നതിനാൽ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയും നഗര സഭ സെക്രട്ടറിയുടെ 29-4-22 ലെ UPA/5101/ 22 നം ഉത്തരവ് പ്രകാരം വികസനഫണ്ടിൽ നിന്നും 504134 രൂപ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് ഓഫ് ബറോഡയിലെ അക്കൌണ്ടിലേക്ക് റീക്ലപ്പ് ചെയ്യുകയും ( ബിൽ നം 6/-15-5-22-504134) ബാക്കി തുക യായ 186141 രൂപ 1/22 മുതൽ 5/22വരെയുള്ള മാസങ്ങളിലെ കെട്ടിടങ്ങളുടെവാടക,കെയർടേക്കർ മാരുടെ ഓണറേറിയം, ഭക്ഷണം,എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബിൽ നം .6/15-5-22 ബിൽ പ്രകാരം ജനകീയ ഹോട്ടലുകൾക്ക് 1/22,2/22,3/22 മാസങ്ങളിലെ ഭക്ഷണ വിതരണത്തിന് തുക അനുവദിച്ചിട്ടുണ്ട്. ടി മാസങ്ങളിലെ അറ്റന്റൻസ് വച്ചിട്ടില്ല. ടി ബിൽ പ്രകാരം നൂർജ്ജഹാൻ അംബ്രല്ല മാർട്ടിൽ നിന്നും ഇൻവോയ്സ് നം 767/22-12-22 പ്രകാരം 47445 രൂപക്ക് പാത്രങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല. ശ്രീദേവി ഇലക്ട്രിക്കൽസിൽ നിന്നും ഇൻവോയ്സ് നം 680/7-12-21 പ്രകാരം 4640 രൂപക്ക് 3 ഫാൻ,ട്യൂബ് സെറ്റ്-1, LED ലാമ്പ്- 3 എന്നിങ്ങനെ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല . രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

Iii)ക്രമ നം. 3 പദ്ധതി പ്രകാരം വലിയ മല, മൂത്താം കോണം എന്നിവിടങ്ങളിലെ വയോക്ലബ്ബുകളുടെ കെയർ ടേക്കർമാരുടെ ഓണറേറിയം, വാടക, ശമ്പളം എന്നീ ഇനങ്ങളിലെ 7/22 മുതൽ 3/23 വരെയുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. ഓണറേറിയം ഇനത്തിൽ 90000രൂപയും ഭക്ഷണ ഇനത്തിൽ 539695 രൂപയും വാടക ഇനത്തിൽ 99000രൂപയും ചെലവഴിച്ചിട്ടുണ്ട്. 2022 നവംബർ മാസത്തിൽ ഭക്ഷണം വിതരണം നടത്തിയതിന് 58760 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി മാസങ്ങളിലെ അറ്റന്റൻസ് ഫയലിലില്ല. ബിൽ നം 59/17-3-23 പ്രകാരം വലിയമല വയോ ക്ലബ്ബിലെ നിറവ് ജനകീയ ഹോട്ടലിന്റെ ഭക്ഷണ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 399 പേർക്ക് 65 രൂപ നിരക്കിൽ 25935രൂപ അനുവദിക്കുന്നതിന പകരം 29900 രൂപ അനുവദിച്ചു കാണുന്നു. അധിക തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ബിൽ നം 89/23-3-23 പ്രകാരം 3/23 ൽ ഭക്ഷണം വിതരണം നടത്തിയതിന്

85520 രൂപ ജനകീയ ഹോട്ടലുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ മാർച്ച് മാസത്തെ അറ്റന്റൻസ് ഫയലിലില്ല.

Iv) ക്രമ നം 4 പദ്ധതി പ്രകാരം മണക്കോട് , തറട്ട , കൊപ്പം , ഗ്രാങ്കോട്ടുകോണം, , പടവള്ളിക്കോണം, എന്നീ 5 വയോക്ളബ്ബുകളിലെ കെയർ ടേക്കർമാരുടെ ഓണറേറിയം , വാടക, ശമ്പളം എന്നീ ഇനങ്ങളിലെ 4/22 മുതൽ 3/23 വരെയുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. ഓണറേറിയം ഇനത്തിൽ 215000രൂപയും ഭക്ഷണ ഇനത്തിൽ 1641635 രൂപയും വാടക ഇനത്തിൽ 215500രൂപയും ചെലവഴിച്ചിട്ടുണ്ട്. ബിൽ നം 51/18-12-22 പ്രകാരം ജനകീയ ഹോട്ടലുകൾക്കായി 124995 രൂപ നൽകിയിട്ടുണ്ട്. ഏത് മാസം വിതരണം നടത്തി എന്നതിന്റെയും, എത്ര പേർക്ക് ഭക്ഷണം വിതരണം നടത്തിയെന്നതിന്റെയും വിവരം ലഭ്യമല്ല. അറ്റന്റൻസും വച്ചിട്ടില്ല. ബിൽ നം52/18-12-22 പ്രകാരം ജനകീയ ഹോട്ടലുകൾക്ക് 176195 രൂപ നൽകിയിട്ടുണ്ട്. ഏത് മാസം വിതരണം നടത്തി എന്നതിന്റെയും, എത്ര പേർക്ക് ഭക്ഷണം വിതരണം നടത്തിയെന്നതിന്റെയും വിവരം ലഭ്യമല്ല. അറ്റന്റൻസും ഫയലിൽ വച്ചിട്ടില്ല. ടി രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇൻവോയ്സ് നം 2290/8-3-23 പ്രകാരം 3 ലൂക്കർ ഫാൻ , 20 W LED ബൾബ് , 9W LED ബൾബ് എന്നിവ വാങ്ങിയിട്ടുണ്ട്. ആയത് വാങ്ങിയതിന്റെയും , വിതരണം നടത്തിയതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

V) ക്രമ നം 5 പദ്ധതി പ്രകാരം ഗ്രാങ്കോട്ടുകോണം, , പടവള്ളിക്കോണം, എന്നീ2 വയോക്ളബ്ബുകളിലെ കെയർ ടേക്കർമാരുടെ ഓണറേറിയം , വാടക, ശമ്പളം എന്നീ ഇനങ്ങളിലെ 7/22 മുതൽ 10/22 വരെയുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. ഓണറേറിയം ഇനത്തിൽ 40000രൂപയും ഭക്ഷണ ഇനത്തിൽ 235135 രൂപയും വാടക ഇനത്തിൽ 38500രൂപയും ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം-I മുതൽ V വരെയുള്ള ഖണ്ഡികകളിൽ പരാമർശിച്ചതു കൂടാതെ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കൂടി കാണുന്നു.

എ. സ ഉ ( കൈ) നം 45/20 തിയ്യതി 6-3-20 പ്രകാരമുള്ള 12 ഇന പരിപാടിയെ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക-2-4 പ്രകാരം വയോക്ളബ്ബിന് പരിശീലനം സിദ്ധിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതാണെന്നും ഒരു കെയർ ടേക്കർക്ക് 4000 രൂപ നിരക്കിൽ കുടുംബശ്രീ മിഷനൽ നിന്നും നഗരസഭക്ക് ലഭിക്കുന്നതാണെന്നും 1000 രൂപയാണ് നഗരസഭകൾ ഈയിനത്തിൽ ചെലവഴിക്കേണ്ടതെന്നും സ്പഷ്ടമാക്കിയിട്ടുണ്ട്.എന്നാൽ തൻ വർഷം നടപ്പിലാക്കിയ മേൽപദ്ധതികൾ പ്രകാരം വിവിധ വയോജന ക്ളബ്ബുകളിലെ കെയർ ടേക്കർമാർക്ക് ഹോണറേറിയം ഇനത്തിൽ 2021-22, 2022-23 വർഷങ്ങളിലായി ( 461500 രൂപ ചെലവഴിച്ചിട്ടുണ്ട്.) മേൽ വ്യവസ്ഥ പാലിച്ചല്ല ഹോണറേറിയം നൽകിയിട്ടുള്ളത്.കുടുംബശ്രീയിൽ നിന്നും അർഹമായ തുക നഗര സഭക്ക് ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 80/2-8-23,18/27-7-23 എന്നിവക്ക് മറുപടി ലഭ്യമാക്കിയില്ല.

ബി. തുക കൈമാറിയ വ്യക്തികളുടെ ആരുടെയും ബാങ്ക് അക്കൌണ്ട് വിശദാംശം ലഭ്യമല്ല.

സി. മേൽ പദ്ധതികൾ പ്രകാരം വയോക്ളബ്ബുകളിൽ ഭക്ഷണ വിതരണം നടത്തിയതിന് ജനകീയ ഹോട്ടലുകൾക്ക് 3175425 രൂപ നൽകിയിട്ടുണ്ട്. സ ഉ 84/22 തിയ്യതി-19-4-22 ഉത്തരവ് ഖണ്ഡിക 8.8.3.6പ്രകാരം വയോ ക്ളബ്ബുകളിലെ സൌകര്യം പ്രയോജന പ്പെടുത്തുന്നവരിൽ അർഹതയുള്ളവർക്ക് പാകം ചെയ്ത ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതി ഏറ്റെടുക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള അർഹത നിർണ്ണയിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

ഡി. സഉ (കൈ) 86/22 തസ്വഭവ തിയ്യതി-19-4-22 പ്രകാരം നഗരസഭകളിൽ 10 വാർഡുകൾക്ക് ഒന്ന് എന്ന കണക്കിൽ വയോജനങ്ങൾക്ക് അനായാസം എത്തിചേരാൻ കഴിയുന്ന സ്ഥലത്താണ് വയോക്ളബ്ബുകൾ ആരംഭിക്കേണ്ടത്. 39 വാർഡുകളുള്ള നഗരസഭക്ക് 4 വയോജന ക്ളബ്ബുകൾ ആരംഭിക്കാനാണ് അർഹതയെന്നിരിക്കേ 7 എണ്ണം നിലവിൽ പ്രവർത്തിക്കുന്നതായി കാണുന്നു.

ഇ. സ ഉ ( കൈ) നം 45/20 തിയ്യതി 6-3-20 പ്രകാരമുള്ള മോണിറ്ററിംഗ് സമിതി നഗരസഭക്ക കീഴിൽ പ്രവർത്തിക്കുന്ന ഓരോ വയോജന ക്ളബ്ബുകൾക്കും രൂപീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

എഫ്. മേൽ പ്രകാരമുള്ള പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ജി. വയോക്ളബ്ബുകളുടെ ലഭ്യമാക്കിയ അറ്റന്റൻസുകൾ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ കെയർ ടേക്കർമാർക്ക് ഹോണറേറിയം ഇനത്തിൽ അധികതുക 461500 രൂപ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-56 ആരോഗ്യ സബ് സെന്ററുകളിലേയ്ക്കുള്ള മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമാകാൻ കാലതാമസം .

| | |
|---|---|
| പ്രോജക്ട് നം | 08/2023 |
| പേര് | ആരോഗ്യ സംബ് സെന്ററുകളിലെ ഡോക്ടർമാർക്ക് വേതനം നൽകൽ, മരുന്ന് ലഭ്യമാക്കൽ. |
| അടങ്കൽ | 915323/- |
| ചെലവ് | 875323/- |

| | |
|---|---|
| ബിൽ നം | 214/12.11.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ |

2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി ആരോഗ്യ സബ് സെന്ററുകൾക്കായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രൊഫോർമ്മ ഇൻവോയ്സ് നം PRF1846 പ്രകാരമുള്ള 609167/- രൂപ ബിൽ നം214/*12.11.2022 ൽ നൽകിയിട്ടുണ്ട്.എന്നാൽ മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 14.06.2023 വരെ ആകെ 232375-* രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.കൂടാതെ 04.04.2023 ലെ കാരുണ്യ മെഡിസിൻ ഡിപ്പോ ഇൻവോയ്സ് നം 141/04.04.2023 പ്രകാരം 13709/-രൂപയുടെ METFORMIN 500mg (Innova Captab) 24000/-എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് നം 41 ലെ രേഖപ്പെടുത്തൽ പ്രകാരം 2400/-എണ്ണം മാത്രമാണ് സ്റ്റോക്കിലെടുത്ത് സബ് സെന്ററിലേയ്ക്ക് വിതരണം നടത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-64/31.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടാക്സ് ഇൻവോയ്സ് പ്രകാരം ലഭ്യമായ എണ്ണം മെഡിസിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 216000 എണ്ണം Metforme 500mg Captab ന്റെ ചെലവ് തുക നിരാകരിക്കുന്നതാണ്.

## 1-57 ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

2022-23 വർഷം നെടുമങ്ങാട് നഗരസഭയുടെ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ48 പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റ് റിക്വിസിഷനിലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | ചെലവ് തുക (രൂപ) |
|---|---|---|---|
| 1 | 65 | 24-ാം വാർഡിൽ കമ്മ്യൂണിറ്റി ഹാളിന് ചുറ്റുമതിൽ | 105000 |
| 2 | 60 | കല്ലിംഗൽ-മണ്ണയം ഏലാ റോഡ് - റോഡ് കോൺക്രീറ്റ് | 120134 |
| 3 | 68 | കറ്റ് വെട്ടി-പേരിലറോഡ് പുനരുദ്ധാരണം | 400000 |
| 4 | 107 | ജിംനേഷ്യം-ഉസ്തി പരിശീലന ഷെഡ് | 364716 |
| 5 | 71 | പുളിഞ്ചി-ഉമ്മൻകോട് റോഡ് സൈഡ് വാൾ, റോഡ് | 290138 |
| 6 | 443 | പതിനാറാംകല്ല്-മന്നാർക്കോണം റോഡ് | 348652 |
| 7 | 436 | നഗരസഭ, ടർഫ് നിർമ്മാണം-ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് നൽകൽ | 348652 |
| 8 | 148 | പനങ്ങോട്ടേല-നീന്തൽകുളം റോഡ് കോൺക്രീറ്റ് ഫെൻസിംഗും | 1491406 |
| 9 | 445 | കൊപ്പം-കുന്നം പന്തടിക്കളം റോഡ് | 1000000 |
| 10 | 271 | ഇടമല ചീരംകോട് പാറമുകൾ റോഡ് കോൺക്രീറ്റ് | 500000 |
| 11 | 249 | കുശർകോട് മഠത്തിൽ കളിയിൽ റോഡ് സൈഡ് വാൾ | 600000 |
| 12 | 84 | മേലാംകോട്-പാണാലിറോഡ്-ഓട-ചന്തവിള | 868621 |
| 13 | 270 | കല്ലുവിള കരുപ്പൂര്-വില്ലേജ് ഓഫീസ് റോഡ് | 725000 |
| 14 | 213 | ചെട്ടിവിള-ചിറക്കാണി റോഡ് പുനരുദ്ധാരണം | 750000 |
| 15 | 256 | പാണാലി-തോട്ടവിളാകം-പനച്ചമൂട് റോഡ് | 750000 |
| 16 | 281 | എലിക്കോട്ടുകോണം, കോളായിമൂല-കൊപ്പംറോഡ് | 750000 |
| 17 | 187 | നഗരസഭയുടെ അധീനതയിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ, സ്കൂളുകൾ എന്നിവടങ്ങളിൽ ടോയ്ലെറ്റ്/ ബേബിഫ്രണ്ട്ലി ടോയ്ലെറ്റ് നിർമ്മാണം | 4889374 |
| 18 | 128 | പത്താംകല്ല്-പാറക്കാട്-ഗ്യാസ് ഗോഡൗൺ | 195938 |
| 19 | 89 | നഗരസഭ-12സ്കൂളുകളുടെ പെയിന്റിംഗ് | 1181575 |
| 20 | 140 | KSRTC-ടേക്ക് -എ -ബ്രേക്ക് | 1000000 |
| 21 | 127 | മേന്നൂർക്കോണം-മുള്ളുവേങ്ങമൂട്-റോഡ് | 88713 |
| 22 | 87 | പൂവത്തൂർ ചുടുകാട്ടിൻ മുകൾ-പഞ്ചായത്ത് കിണർറോഡ് | 98798 |
| 23 | 143 | പുലിപ്പാറ-പറമ്പള്ളിക്കോണം-സൈഡ് വാൾ | 119706 |
| 24 | 73 | പ്ലാവിള-തെക്കേവിള-ഓട സൈഡ് വാൾ | 136085 |
| 25 | 93 | തോപ്പുവിള വാഴക്കാട് റോഡ് കോൺക്രീറ്റിംഗ് | 20399 |
| 26 | 106 | പരിയാരം-റോഡ് പാലം നിർമ്മാണം | 125000 |
| 27 | 96 | ഗിരിജാ വിജയൻ സ്മാരക കമ്മ്യൂണിറ്റി ഹാൾ | 102608 |
| 28 | 217 | വൃദ്ധസദനം മെയിന്റനൻസ് | 194048 |
| 29 | 321 | ചാമവിള-SC-കമ്മ്യൂണിറ്റി ഹാൾ പൈപ്പ് ലൈൻ നീട്ടൽ | 200000 |

| | | | |
|---|---|---|---|
| 30 | 335 | പരിയാരം-പുനരധിവാസ കോളനി കുടിവെള്ളം എത്തിക്കൽ | 200000 |
| 31 | 94 | മുക്കോല-ലക്ഷം വീട് റോഡ് സൈഡ് വാൾ കോൺക്രീറ്റിംഗ് | 205132 |
| 32 | 219 | മഞ്ച-പേരുമല റോഡ് പുനരുദ്ധാരണം | 175096 |
| 33 | 105 | പി-കേശവൻനായർ കോംപ്ലക്സ് മെയിന്റനൻസ് | 830058 |
| 34 | 370 | തോട്ടടി വാരം-റോഡ്-സൈഡ് വാൾ ഓടനിർമ്മാണം | 25289 |
| 35 | 427 | നഗരസഭ-റോഡുകളിലെ അപകടമരമായ കുഴിനികത്തൽ | 413863 |
| 36 | 215 | കാക്കതോട്-കൈതക്കുഴി പാലം-നിർമ്മാണം | 563367 |
| 37 | 212 | മാണിക്കപുരം-കാവുംമൂല – കടുക്കോണം ആലപ്പുറം താഴാംക്കോണം കെട്ടിറച്ചിറ റോഡ് പുനരുദ്ധാരണം | 725000 |
| 38 | 250 | ഉളിയൂർ-കരിമ്പിക്കൽ-ജൈവഗ്രാമ റോഡ് റീടാറിംഗ് | 800000 |
| 39 | 313 | കൃഷിഭവൻ-വെറ്ററിനറി-ഹോസ്പിറ്റൽ റോഡ് റീടാറിംഗ് | 800000 |
| 40 | 263 | പുലിപ്പാറ-നരിച്ചിലോട്-റോഡ് | 850000 |
| 41 | 298 | കൊല്ലംകാവ് റോഡ് മനാറൽ ഗുരു പറമ്പള്ളിക്കോണം-അയ്യപ്പത്താവളം റോഡ് റീടാറിംഗ് | 1000000 |
| 42 | 360 | കരുപ്പൂര്-കാവുംമൂല-വില്ലേജ് ഓഫീസ് ഇടമല റോഡ് റീടാറിംഗ് | 3900000 |
| 43 | 72 | ഇരിഞ്ചിയം-കുശർകോഡ്-റോഡിലെ പുന്നപുരം റോഡിലെ ഇരവിൻഭാഗവും റീടാറിംഗ് | 979180 |
| 44 | 70 | വനിതാഹോസ്റ്റൽ പൂർത്തീകരണം | 2699303 |
| 45 | 61 | ഉഴപ്പാക്കോണം-തൊണ്ടക്കര റോഡ് റീടാറിംഗ് | 470400 |
| 46 | 62 | ഇ.കെ. നയനാർ- സാംസ്കാരിക വേദി ഗ്രന്ഥശാല നിർമ്മാണം | 436964 |
| 47 | 77 | പോളി ഹൗസ് നിർമ്മാണം | 798434 |
| 48 | 67 | ഡൈമൺ പാലം - തെള്ളക്കുഴി റോഡ് പുനരുദ്ധാരണം | 32569250 |
| | | ആകെ | 35011706 |

പരാമർശ പ്രകാരമുള്ള ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-58 നഗസഭാ പ്രദേശത്തെ വീട്ടുകളിലെ വനിതകൾക്ക് തേനീച്ച കൃഷി – രൂ.31700 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | So 119/2022-23 |
| പേര് | നഗസഭാ പ്രദേശത്തെ 50വീട്ടുകളിൽ വനിതകൾക്ക് തേനീച്ച കൃഷി |
| അടങ്കൽ | രൂ.66250/- (വികസനഫണ്ട്)<br>രൂ.60000/- (ഗു.വി) |
| ചെലവ് | 37200/-(വി.ഫ)<br>31200/-(ഗു.വി) |
| ബിൽ നം | ബിൽ നം.01/2022-23 Dtd 26.06.22 RS.37200/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | **കൃഷി ഓഫീസർ** |

നഗസഭാ പ്രദേശത്തെ 50 വീട്ടുകളിൽ വനിതകൾക്ക് തേനീച്ച കൃഷി ചെയ്യുന്നതിന് പരിശീലനം നൽകി , ഹോർട്ടികോർപ്പിൽ നിന്നും തേനീച്ചയും കൂട്ടും വാങ്ങി 50% സബ്സിഡി നിരക്കിൽ, വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി ഹോർട്ടികോർപ്പിൽ 52 യൂണിറ്റ് തേനീച്ചയും കൂട്ടും 62400/- രൂപക്കും തേനീച്ച കൃഷി പരിശീലനത്തിനായുള്ള ഉപകരണങ്ങൾ 6000 രൂപക്കും വാങ്ങിയിട്ടുണ്ട് (പ്രോജക്റ്റിൽ പരിശീലനത്തിന് 6250/- രൂപ നീക്കിവച്ചിട്ടുണ്ട്). പദ്ധതി ആനുകൂല്യങ്ങൾക്കായി 26 ഗുണഭോക്താക്കൾ 1200/- രൂപ വീതം ഗുണഭോക്തൃ വിഹിതമായി 31200/- രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും അർഹതാരേഖകൾ ഉൾപ്പടെയുള്ള കർഷകരുടെ അപേക്ഷകളോ വിതരണ-കൈപ്പറ്റ് വിവരങ്ങളോ ലഭ്യമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം, തേനീച്ച കൃഷിക്കായി കർഷകർക്ക് പരിശീലനം നൽകേണ്ടതുണ്ട്. എന്നാൽ ആയത് നടത്തിയതിനുള്ള രേഖകൾ പദ്ധതി ഫയലിൽ ഉൾപ്പെട്ടിട്ടില്ല. തേനീച്ചക്കും കൂടിനും തേനീച്ച വളർത്തുന്നതിനുള്ള ഉപകരണങ്ങൾക്കായും ഹോർട്ടിക്കോർപ്പിൽ നിന്നും ബിൽ (ഇൻവോയ്സ് നം.945 തീയതി 09.03.2022) ലഭിച്ചിരിക്കുന്നത് 68400 രൂപക്കാണ്. എന്നാൽ വികസന ഫണ്ട് വിഹിതമായ രൂ.37200/- മാത്രമാണ് ചെലവഴിച്ചുകാണുന്നത്.26 ഗുണഭോക്താക്കൾ 1200 വീതം ഒടുക്കിയ ഗുണഭോക്തൃ വിഹിതമായ 31200/- രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ തേനീച്ചക്കും കൂടിനും ജില്ലാ അടിസ്ഥാനത്തിൽ നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റ് വിവരം ലഭ്യമല്ല. മേൽ പരാമർശിച്ച അപാകതകൾ സൂചിപ്പിച്ചും അധിക വിവരങ്ങൾ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 90/ 02.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച കാരണങ്ങളാൽ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും ചെലവിട്ട രൂ.37200/- തടസ്സപ്പെടുത്തുന്നു.

## 1-59 വന്യമൃഗ ശല്ല്യം പരിഹരിക്കുന്നതിനുള്ള സോളാർ വേലി പദ്ധതി – രൂ.123250/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 326/2022-23 |
| പേര് | വന്യമൃഗ ശല്ല്യം പരിഹരിക്കുന്നതിനുള്ള സോളാർ വേലി |

| | |
|---|---|
| അടങ്കൽ | രൂ.1100000/- (വികസനഫണ്ട്)<br>രൂ.1100000/-(ഉ.വിഹിതം നേരിട്ട്) |
| ചെലവ് | 123250/- |
| ബിൽ നം | ബിൽ നം.06/2022-23 Dtd 17.03.23 RS.30000/-<br>ബിൽ നം.08/2022-23 Dtd 28.03.23 RS.50250/-<br>ബിൽ നം.11/2022-23 Dtd 31.03.23 RS.43000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | **കൃഷി ഓഫീസർ** |

വന്യ മൃഗശല്ല്യം പരിഹരിക്കുന്നതിനും കൃഷി ഭൂമിയെ സംരക്ഷിക്കുന്നതിനുമായി കൃഷി ഭൂമിക്കുചുറ്റും സ്വന്തം ചെലവിൽ നിർമ്മിക്കുന്ന സൗരവേലിക്ക് നിർമ്മാണചെലവിന്റെ പരമാവധി 50% സബ്സിഡിയായി (അഞ്ച് ലൈനുള്ള വേലി മീറ്ററിന് 250 രൂപ നിരക്കിൽ) അനുവദിക്കുന്നതിനാണ് മേൽ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. മേൽ പ്രോജക്റ്റ് പ്രകാരം ശ്രീമതി ശ്രീലക്ഷ്മി വി.സി, ശ്രീ.രാധാകൃഷ്ണൻ നായർ, ശ്രീ. വിജയചന്ദ്രൻ നായർ വി, ശ്രീമതി ഷീജ എസ്, ശ്രീമതി സിന്ധു പി.വി എന്നിവർക്ക് യഥാക്രമം 30000,30000,20250,20000,23000 രൂപ വീതം ആനുകൂല്യം അനുവദിച്ചിരിക്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സോളാർ വേലിക്ക് നിശ്ചയിച്ചിട്ടുള്ള ജില്ലാ അടിസ്ഥാനത്തിലുള്ള യൂണിറ്റ് കോസ്റ്റ് , ഗുണഭോക്താക്കൾ സൗരവേലിയുടെ നിർമ്മാണം പൂർത്തിയാക്കിയതിനുള്ള തെളിവായി ചിത്രങ്ങൾ ഫയലിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം പദ്ധതി പ്രകാരം സൗരവേലിയുടെ നിർമ്മാണത്തിനായി 20250/- രൂപ സബ്സിഡി കൈപ്പറ്റിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ശ്രീ വിജയകുമാരൻ നായർ എന്നയാൾക്ക് അപേക്ഷയോ മറ്റ് അർഹതാ/അനുബന്ധ രേഖകളോ ഇല്ലാതെ ആനുകൂല്യം അനുവദിച്ചതിൻമേലുള്ള വിശദീകരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 78/01.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ചെലവിൻമേലുള്ള വ്യക്തതക്കായി ആവശ്യപ്പെട്ട അധികവിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ വികസനഫണ്ടിൽ നിന്നും പദ്ധതിക്കായി ചെലവിട്ട രൂ.123250/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-60 വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ - അപാകതകൾ നിലനിൽക്കുന്നു - ചെലവ് തുക 231384 - തടസ്സം ചെയ്യുന്നു

പ്രോജക്ട് : 240/23 – വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ

ഫയൽ നം. : P1/5744/22

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്

അടങ്കൽ : 3,00,000

ചെലവ് : 2,06,493 (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ചെലവ് വിശദാംശം

| ക്രമ നം. | വാർഡ് നം./ പേര് | തുക | വൗച്ചർ നം. തീയതി | ബിൽ നം. തീയതി |
|---|---|---|---|---|
| 1 | മണക്കോട്(5) | 44822 | 948/22 | 238/15.12.2022 |
| 2 | 2 | 41721 | ” | 311/24.01.2023 |
| 3 | 4 | 34140 | ” | ” |
| 4 | പേരുമല | 29575 | 1099/22 | ലഭ്യമല്ല |
| 5 | വട്ടപ്പാറ | 17548 | 1162/22 | 594/17.03.2023 |
| 6 | ഉഴമലക്കൽ | 25401 | “ | ” |
| 7 | കന്യാകുളങ്ങര | 10461 | “ | ” |
| 8 | നെടുമങ്ങാട് | 10003 | “ | ” |
| 9 | നെടുമങ്ങാട് | 17713 | “ | ” |

| | Total | 231384 | | |
|---|---|---|---|---|

2022-23 സാമ്പത്തിക വർഷം നിർവ്വഹിച്ച മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലെ വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തികൾക്കായി ഫയൽ രേഖകൾ പ്രകാരം 2,31,384/- രൂപ ചെലവഴിച്ചിട്ടുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 2,06,493/- രൂപയാണ്. ക്രമ നം.4 വൗച്ചർ പ്രകാരം ചെലവ് 29575/- രൂപയും ACR പ്രകാരം (ബിൽ നം.454/03.02.2023) ചെലവ് 4684/- രൂപയുമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഉഴമലയ്ക്കൽ – പടവള്ളിക്കോണം LT Pole Shifting-നായി 25401/- രൂപ KSEB-യ്ക്ക് അടവാക്കിയിട്ടുണ്ട്. KSEB- എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. 14-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം, നിർവ്വഹണ ഏജൻസി തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയാണ് ഡെപ്പോസിറ്റ് തുക അടവാക്കേണ്ടത്. എസ്റ്റിമേറ്റ് ലഭ്യമാകാതെ തുക അടവാക്കിയത് എപ്രകാരമെന്ന് വ്യക്തമല്ല.

3. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് സാധൂകരിക്കുന്ന വിനിയോഗസാക്ഷ്യ പത്രം KSEB ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ചെലവ് ക്രമീകരിച്ച് ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.35/29.07.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ വിശദീകരണം, രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ ചെലവ് തുക (2,31,384/-) തടസ്സം ചെയ്യുന്നു.

## 1-61 ആയുഷ് ആയുർവ്വേദ മർമ്മ സിദ്ധ ആശുപത്രിയിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ – അധിക തുക നൽകി -38968 /- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് : 332/23 –ആയുഷ് ആയുർവ്വേദ മർമ്മ സിദ്ധ ആശുപത്രിയിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ

ഫയൽ നം. : P1/3438/22

അടങ്കൽ :തനത് ഫണ്ട് 18841 മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 7,00,000

ചെലവ് 0 4,39,591

ബിൽ നം.235/15.12.22

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

മേൽ പ്രോജക്ടിനായി ക്ഷണിച്ച ഇ-ടെണ്ടറിനും തുടർന്നുള്ള റീ-ടെണ്ടറിനും സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ലഭിക്കാതിരുന്നതിനെതുടർന്ന് ഓഫർ നോട്ടീസ് പ്രകാരം തെരഞ്ഞെടുത്ത SIDCO, Consumer Fedഎന്നീ സ്ഥാപനങ്ങളിൽ നിന്ന് നെഗോഷ്യൻ നടത്തി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (11.05.22-ന്) (Firm Period 2 Weeks) Consumer Fed-നെ തെരഞ്ഞെടുക്കുകയും സപ്ളൈ ഓർഡർ (24.05.22-ന്) നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 11.05.22-ലെ Triveni/Inv/2022-23 ഓഫർ ലെറ്റർ പ്രകാരം ടാക്സ് ഉൾപ്പെടെയുള്ള നിരക്കും വിതരണം ചെയ്ത നിരക്കും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഓഫർ ലെറ്റർ പ്രകാരം നിരക്ക് | വിതരണ നിരക്ക് X എണ്ണം | വ്യത്യാസം |
|---|---|---|---|---|
| 1 | Executive Chair | 9350 | 9582x3 | 232x3=696 |
| 2 | Stool | 1775 | 1908x3 | 133x3=399 |
| 3 | Stethescope | 1740 | 1751x3 | 11x3=33 |
| 4 | BP Apparattus | 2600 | 2619x3 | 57 |
| 5 | Chair Revoving | 3400 | 4857x20 | 1457x20=29140 |
| 6 | Weighing Machine | 6350 | 7500 | 1150 |
| 7 | Stadio Meter | 5700 | 5730 | 30 |
| 8 | X-Ray Viewer | 3990 | 5730 | 1740 |
| 9 | PC | 40450 | 41578x2 | 1128x2=2256 |

| | | | | |
|---|---|---|---|---|
| 10 | Printer | 18200 | 18590 | 390 |
| 11 | Medicine Dispensing Table | 41150 | 42500 | 1350 |
| 12 | Registration Counter | 13000 | 13062 | 62 |
| 13 | Torch For Patient Examination | 800 | 1100 | 300 |
| 14 | Almirah With Lock-Medicine | 10,450 | 11815 | 1365 |
| | | | ആകെ | 38968 |

ഓഫർ നിരക്കിൽ നിന്ന് അധികമായി അനുവദിച്ച 38968/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. തുക കൺസ്യൂമർഫെഡിൽ നിന്ന് തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. മേൽ ഇനങ്ങളുടെ സ്റ്റോക്ക് എൻട്രി, വിതരണ വിവരങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.46/29.07.23 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്, വിതരണ വിവരങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകളിന്മേൽ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-62 SBM Convergence – പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി ചെലവ് നിർവ്വഹിച്ചു

പ്രോജക്ട് : No.126/23

SBM Convergence – Electric Vehicle -5 YearAMC

അടങ്കൽ :

സം.ആ. ഫ. - 10,00,000 തനത് ഫണ്ട് - 75,000

ചെലവ് 9,92,600

ഫയൽ രേഖകൾ പ്രകാരം, SBM Convergence(സ്വച്ച് ഭാരത് മിഷൻ)- സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്ന് 10,00,000 രൂപ വകയിരുത്തി ഇലക്ട്രിക് വാഹനം വാങ്ങുന്നതിനും അതിന്റെ 5 വർഷ AMC ചാർജ്ജിനുമായി രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. SBM-ന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്, Manual Scavenging പരമാവധി ഒഴിവാക്കുകയും The Prohibition Of Employment As Manual Scavengers And Their Rehabilitation Act 2013, വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടുക എന്നതുമാണ്. SBM Convergence- സ്കീമിൽ ഉൾപ്പെടുത്തി ഇലക്ട്രിക് വാഹനം വാങ്ങുന്നതിന് രൂപീകരിച്ച പ്രോജക്ടിൽ, KAL-ൽ നിന്ന് 4 ഇ-കാർട്ട് വാഹനങ്ങൾ (Model - Neem – G- E-Auto) വാങ്ങിയതായാണ് ഫയൽ രേഖകൾ പ്രകാരം കാണുന്നത്. KAL- Website പ്രകാരം Driver+3seater Passenger Auto എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന വാഹനം മേൽ ലക്ഷ്യം നേടുന്നതിന് നിലവിൽ എത്രത്തോളം പ്രയോജനം ചെയ്യുന്നുണ്ടെന്നതിന്മേലും, മേൽ വാഹനത്തിന്റെ ആവശ്യകതയുടെയും, വാഹനത്തിന്റെ നിലവിലെ ഉപയോഗക്രമത്തിന്റെയും വിശദാംശം ഫയലിൽ ലഭ്യമല്ല.

2. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/2022/ത.സ്വഭ.വ. 28.05.22) ഖ.8.2(6) പ്രകാരം, മാലിന്യ സംസ്കരണത്തിന് പ്രത്യേകം രൂപകല്പന ചെയ്ത വാഹനങ്ങൾ സർക്കാർ അനുമതി കൂടാതെ, വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഫയൽ രേഖകൾ പ്രകാരം, ഈ വ്യവസ്ഥയിലുൾപ്പെടാത്ത വാഹനം ആണ് വാങ്ങിയിട്ടുള്ളത് ആയതിന് സർക്കാരിന്റെ അനുവാദം വാങ്ങിയിട്ടില്ല. ഇത്തരത്തിലുള്ള വാഹനം വാങ്ങുന്നതിന് അനുവാദം നൽകുന്ന ഉത്തരവിന്റെയോ, മാർഗ്ഗനിർദ്ദേശത്തിന്റെയോ പകർപ്പ്/വിശദാംശം ലഭ്യമാക്കിയിട്ടില്ല മേൽ അപാകതകളിന്മേൽ മറുപടിയും Neem – G- E-Auto SBM Convergence- സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിയതിനു കാരണം, നിലവിൽ വാഹനത്തിന്റെ ഉപയോഗം എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.70/01.08.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-63 പൂവത്തൂർ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ – അപാകതകൾ 24,99,999/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് : 221/23– പൂവത്തൂർ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ

ഫയൽ നം. P1/12594/21

| ഫണ്ടിനം | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ |
|---|---|---|---|
| അടങ്കൽ | 2186643 | 14,00,000 | 35,86,643 |
| ചെലവ് | 2186643 | 3,13,356 | 24,99,999 |
| ബിൽ നം./ തീയതി തുക | 737/28.03.2023 തുക 6,25,000 | ചെക്ക് നം. 5555 | 24,99,999 |

| | | | | |
|---|---|---|---|---|
| | 738/28.03.2023 തുക 6,25,000 | | | |
| | 739/28.03.2023 തുക 6,25,000 | തുക 3,13,356 | | |
| | 740/28.03.2023 തുക 2,08,333 | | | |
| | 741/28.03.2023 തുക 1,03,310 | | | |

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

നെടുമങ്ങാട് മുനിസിപ്പാലിറ്റി 39-ാം വാർഡ് പൂവത്തൂരിൽ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1.പൂവത്തൂരിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് തുടർന്നും കമ്മ്യൂണിറ്റി ഹാളിന് 20 സെന്റ് സ്ഥലം വാങ്ങുന്നതിനായി പ്രോജക്ട് രൂപീകരിച്ചതിന് കാരണം വ്യക്തമല്ല. 14-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ.8 അനുശാസിക്കുന്ന വിധം ആവശ്യകതാ നിർണ്ണയ പത്രം തയ്യാർ ചെയ്തിട്ടില്ല.

2. 2021-22-ൽ രൂപീകരിച്ച മേൽ വിഷയത്തിലെ പ്രോജക്ടിന്റെ പത്രപരസ്യത്തിന് മറുപടിയായി മരണപ്പെട്ട ശ്രീ.ശ്രീധരന്റെ(തെക്കുംകര പുത്തൻ വീട്) മകൾ ലീലാമണിയിൽ നിന്ന് ശ്രീ.ശ്രീധരന്റെ പേരിലുള്ള 20 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിക്ക് വിൽക്കുന്നതിന് 16.12..21-ന് ഓഫർ ലെറ്റർ ലഭിച്ചിട്ടുണ്ട്. പത്രപരസ്യത്തിന്റെ പകർപ്പ് 22-23 വർഷത്തെ പ്രോജക്ട് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

3. മേൽ സ്ഥലം വാങ്ങുന്നതിന്, ഓവർസിയർ നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലം ഉയർന്നതും പാറകൾ നിറഞ്ഞതും ആണെന്നും ആയത് ക്രമപ്പെടുത്തുന്ന മുറയ്ക്ക് നിർമ്മാണത്തിന് അനുയോജ്യമാണെന്നുമുള്ള റിപ്പോർട്ടിനനുബന്ധമായി AE നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരം അടിസ്ഥാനമാക്കിയാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് . 14-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ.8 അനുശാസിക്കുന്ന വിധമുള്ള അനുയോജ്യതാ പത്രം നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടറിൽ നിന്ന് നേടിയിട്ടില്ല.

4.നെടുമങ്ങാട് താലൂക്ക് ഓഫീസിൽ നിന്നുള്ള 27.04.18-ലെ ബി6/1995/18/കെഡിസ് നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം, ശ്രീ. ശ്രീധരന്റെ അനന്തരാവകാശികളായി ഭാര്യ ശ്രീമതി. സത്യഭാമയെയും മക്കളായ ശ്രീമതി. ലീലാ മണി, ശ്രീ.കമലാസനൻ, ശ്രീമതി. ലതികാംബിക, ശ്രീ. സന്തോഷ് കുമാർ എന്നീ വ്യക്തികളെയാണ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം സെന്റിന് 1,25,000 രൂപ നിരക്കിൽ മേൽ 20 സെന്റ് സ്ഥലം വാങ്ങിയതിനെത്തുടർന്ന്, 23.03.2023-ന് സ്ഥലം മുനിസിപ്പൽ സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

(A) പ്രോജക്ടിനായി 2022-23 വർഷം ചെലവ് ചെയ്ത 3,13,356/- രൂപ മേൽ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അനന്തരാവകാശികൾക്കല്ലാതുള്ള വ്യക്തികൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമല്ല.

(B) ശ്രീമതി. അനിത കുമാരി, ശ്രീ. രജത് കമൽ എന്നീ വ്യക്തികൾക്ക് (യഥാക്രമം 204166, 109190 രൂപ വീതം)) നൽകുന്നതിനായി തയ്യാറാക്കിയ ബിൽ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (25.03.23-ലെ വൗച്ചർ നം. 1242/23 (Bank Of Baroda- ചെക്ക് നം. 5555 )) എന്നാൽ, ഇതിൽ ഉൾപ്പെടാത്ത, ശ്രീ. രാജ് കമലിന്റെ 19360100100046 എന്ന അക്കൗണ്ടിലേക്ക് 2,08,333 രൂപയിൽ IT 4167 രൂപ കഴിച്ചുള്ള 2,04,166/- രൂപ കൈമാറിയതായി കാണുന്നു.

(C) ഫയൽ രേഖകൾ പ്രകാരം, ശ്രീ. രജത് കമലിന്റെ അക്കൗണ്ട് നം. 39307612180 / SBI, ഏണിക്കര ആണ്. ബിൽ പ്രകാരം ശ്രീ.രജത് കമലിന് കൈമാറേണ്ട 1,09,190 - *രൂപ കൈമാറിയ വിവരം ലഭ്യമല്ല.*

*(D) ക്യാഷ് ബുക്ക് പ്രകാരം Bank Of Baroda- ചെക്ക് നം. 5555 മുഖേന 3,13,356/-* രൂപ ചെലവ് ചെയ്തതായാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. മേൽ ചെലവിന്റെ ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
(E)എ.സി.ആർ പ്രകാരം വികസനഫണ്ടിൽ നിന്നും ചെലവ് ചെയ്ത 2186643 രൂപയുടെ ചെലവ് വിശദാംശങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിലും ഫയലിലും ലഭ്യമല്ല.

വ്യക്തമായ ചെലവ് രേഖകളുടെ അഭാവത്താലും അനന്തരാവകാശികളിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് തുക അനുവദിച്ചതിനാലും, മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെയും നിർവ്വഹിച്ച മേൽ ഭൂമി വാങ്ങൽ പ്രോജക്ടിലെ ചെലവ് 2499999/- രൂപ തടസ്സം ചെയ്യുന്നു. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ അപാകതകളിന്മേൽ മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.99/02.08.2023-ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകളിന്മേൽ മറുപടി/രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർവർഷങ്ങളിലും പ്രോജക്ട് നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-64 പ്രോജക്ട് ചെലവ് തുകയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

പ്രോജക്ട് : വനിത ഹോസ്റ്റലിലേക്ക് ഫർണിച്ചർ വാങ്ങൽ(No.125/23)

ഫയൽ നം. P1/3434/22

അടങ്കൽ ധനകാര്യ കമ്മീഷൻ അവാർഡ് 6,00,000

ചെലവ് (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) 5,00,000 (എ.സി.ആർ ബിൽ നം.171/19.09.22, 5,00,000/-)

മുനിസിപ്പാലിറ്റിയുടെ 19.07.2-ലെ P1/3434 നമ്പർ

സപ്ലൈ ഓർഡർ പ്രകാരം ചെയ്സ് ഫർണിച്ചർ, കടലുണ്ടി എന്ന സ്ഥാപനത്തിൽ നിന്ന് വനിതാ ഹോസ്റ്റലിലേക്ക് ഫർണിച്ചർ വാങ്ങിയ ഇനത്തിൽ, സ്ഥാപനത്തിന്റെ ബിൽ പ്രകാരം (E-Way Bill No.541393236143 Dt.25.07.22) 5,95,040/- രൂപ ക്ളെയിം ചെയ്തിട്ടുണ്ട്. 19.09.22-ലെ PFMS E-Payment മുഖേന 4,76,199/- രൂപയും 09.11.22-ലെ PFMS E-Payment മുഖേന 95040 /- രൂപയും സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, 19.09.22-ന് RTGS മുഖേന 11,900 /- രൂപ GST അടവാക്കിയിട്ടുമുണ്ട്. ആകെ ചെലവ് 5,83,139 - *രൂപ. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 5,00,000-* രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് ചെലവ് തുകയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നതിന്മേൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.74 / 01.08.22- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയിൽ വ്യത്യാസം വന്നതിന്മേൽ പരിശോധന നടത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-65 അക്കാദമിക്ക് കൗൺസിൽ പദ്ധതി- ചെലവുമായി ബന്ധപെട്ട് ആവശ്യപെട്ടതിനേക്കാൾ കൂടുതൽ തുക അനുവദിച്ചിരിക്കുന്നു- 11920/- രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നം | 194 |
| പേര് | അക്കാഡമിക്ക് കൗൺസിൽ |
| അടങ്കൽ | 216680/- |
| ചെലവ് | 215120/- |
| ബിൽ നം | 613/18.03.2023<br>649/23.03.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗവൺമെന്റ്ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ |

. പ്രസ്തുത പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട് ബിൽ നം 613/18.03.2023 പ്രകാരം 25720/-രൂപ ഗവൺമെന്റ് എച്ച്.എസ് പൂവത്തൂരിന് നൽകിയിട്ടുണ്ട്.എന്നാൽ ഹെഡ്മിസ്ട്രസ് ഗവ.എച്ച്.എസ്.എസ് പൂവത്തൂർ 02.03.2023 ലെ കത്ത് പ്രകാരം 13800/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട തുകയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.ഇത്തരത്തിൽ അധിക തുക നൽകിയതിന്റെ കാരണം,ടി തുകയുടെ കൈപ്പറ്റ് രസീത് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം-28/27.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അതിനാൽ ചെലവിന്റെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി ചെലവ് തുക ഓഡിറ്റിൽ തടസ്സം വയ്ക്കുന്നു.ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-66 ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം | 208,209 |
| പേര് | എസ്.എസ്,കെ വിഹിതം(ജനറൽ),<br>(എസ്.സി), |
| അടങ്കൽ | 2550000/-,450000/- |
| ചെലവ് | 2550000/-,450000/- |
| ബിൽ നം | 260/24.12.22,261/17.12.2022 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗവൺമെന്റ്ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ |

നഗരസഭയുടെ പരിധിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള എസ്.എസ്.കെ വിഹിതം-പ്രോജക്ട് നം-208(ജനറൽ)-2550000/-രൂപ, പ്രോജക്ട് നം.209(എസ്.സി)-450000/-രൂപ എന്നിവ പ്രകാരം നഗരസഭയുടെ വിഹിതം എസ്.എസ്.കെ യ്ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-36/29.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-67 ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 30/2022 |
| പേര് | ജി.ജി.എച്ച്.എസ്.എസ് ഫിസിക്സ്,കെമസ്ട്രി ലാബുകളിലേയ്ക്ക് ഉപകരണങ്ങളും രാസവസ്തുക്കളും വാങ്ങൽ. |
| അടങ്കൽ | 107975/-രൂപ. |
| ചെലവ് | 103246/-രൂപ. |
| ബിൽ നം | 141/31.08.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗവൺമെന്റ്ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ |

ഗവ.ജി.എച്ച്.എസ്.എസ് നെടുമങ്ങാടിലെ ഫിസിക്സ്, കെമിസ്ട്രി ലാബുകളിലേയ്ക്ക് ഉപകരണങ്ങളും രാസവസ്തുക്കളും 107975/-രൂപയ്ക്ക് സ്റ്റാർ സയന്റിഫിക്ക് സപ്ലൈസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ വാങ്ങലുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-75/01.08.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ജി.ഒ.പി259/2010 ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരമുള്ള ടെൻഡർ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-68 വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം പദ്ധതിയുടെ ചെലവുകളുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2022-23 സാമ്പത്തിക വർഷം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥയായ എൽ.പി,യുപി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം പദ്ധതിയുടെ ചുവടെ ചേർത്തിരിക്കുന്ന ബില്ലുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം 85/02.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1.

| | |
|---|---|
| പ്രോജക്ട് നം | 196 |
| പേര് | എൽ.പി,യുപി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം(ജനറൽ) |
| അടങ്കൽ | 1500000/- |
| ചെലവ് | 1355341/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗവൺമെന്റ്ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ |

| ക്രമ നം | ബിൽ നം/ തീയതി | സ്കൂൾ | തുക (രൂ) | റിമാർക്സ് |
|---|---|---|---|---|
| 01 | 610/18.03.23 | ഗവ.ഹൈസ്കൂൾ കരിപ്പൂർ | 39641/- | സബ് വൗച്ചർ 2-2415/-രൂപ,സബ് വൗച്ചർ 13-6000/-രൂപ .ഇല്ല |
| | | ഗവ.ഹൈസ്കൂൾ പൂവത്തൂർ | 18921/- | വൗച്ചറും അനുബന്ധ ചെലവ് രേഖകളും ഇല്ല. |
| 02 | 563 /10.03.23 | ഗവ.എൽ.എം.എ എൽ.പി.എസ് നെടുമങ്ങാട് | 12180/- | ചെലവ് കണക്ക് പത്രികയിൽ 8905/-രൂപയുടെ ചെലവ് രേഖകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് |
| 03 | 552/04.03.23 | ഗവ.എൽ.പി.എസ് ചെല്ലംക്കോട് | 7777/- | ചെലവ് കണക്ക് പത്രികയിൽ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെട്ടിരിക്കുന്ന സബ് വൗച്ചറുകൾ ഇല്ല. |
| 04 | 550/04.03.23 | ഗവ.എൽ.പി.എസ് ചെല്ലംക്കോട് | 8162/- | ചെലവ് കണക്ക് പത്രികയിലെ സബ് വൗച്ചർ 2,3 ഗ്യാസ് ചാർജ്ജ് ന് ഒരേ ടാക്സ് ഇൻവോയിസ് ആണ് നൽകിയിരിക്കുന്നത് |
| 05 | 518-25/02/23 | ഗവ.ജി.എച്ച്.എസ്.എസ് നെടുമങ്ങാട് | 69237/- | ചെലവ് കണക്ക് പത്രികയിലെ ക്രം നം ഗ്യാസ് ചാർജ്ജ്-10750രൂപ ആണ് എന്നാൽ -5376രൂപയുടെ ബില്ലുകൾ മാത്രമെ ചേർത്തിട്ടുള്ളൂ. |
| 06 | 499/16.02.23 | ഗവ.ടൗൺ യു.പി.എസ് നെടുമങ്ങാട് | 27356/- | 22814/-രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഉള്ളൂ. |

2.

| | |
|---|---|
| പ്രോജക്ട് നം | 201 |
| പേര് | എൽ.പി,യുപി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം(എസ്.സി) |
| അടങ്കൽ | 260000/- |
| ചെലവ് | 228860/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗവൺമെന്റ്ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ |

| ക്രമ നം | ബിൽ നം/ തീയതി | സ്കൂൾ | തുക (രൂ) | റിമാർക്സ് |
|---|---|---|---|---|
| 01 | 564/10.03.23 | ടൗൺ എൽ.പി.എസ്സ് നെടുമങ്ങാട് | 9989/- | ചെലവ് രേഖകൾ ഇല്ല. |
| 02 | 497 /16.02.23 | ടൗൺ എൽ.പി.എസ്സ് നെടുമങ്ങാട് | 8708/- | ചെലവ് രേഖകൾ ഇല്ല. |
| 03 | 540/04.03.23 | ടൗൺ എൽ.പി.എസ്സ് നെടുമങ്ങാട് | 11998/- | ചെലവ് രേഖകൾ ഇല്ല. |
| 04 | 314/24.01.23 | ഗവ.എച്ച്.എസ് പൂവത്തൂർ | 3605/- | ll |
| 05 | 314/24.01.23 | ഗവ.ടൗൺ യു.പി.എസ്സ് നെടുമങ്ങാട് | 4956/- | ll |
| 06 | 314 /24.01.23 | ഗവ.എൽ.എം.എ.എൽ.പി.എസ്സ് നെടുമങ്ങാട്. | 1309/- | ചെലവ് രേഖകൾ ഇല്ല. |
| 07 | 313/24.01.23 | ടൗൺ എൽ.പി.എസ്സ് നെടുമങ്ങാട് | 11781/- | ll |
| 08 | 313/24.01.23 | ടൗൺ എൽ.എം.എ.എൽ.പി.എസ്സ് നെടുമങ്ങാട് | 1694/- | ll |
| 09 | 313/24.01.23 | ഗവ.ടൗൺ യു.പി.എസ്സ് നെടുമങ്ങാട് | 6384/- | ll |
| 10 | 313/24.01.23 | ഗവ.എൽ.പി.എസ്സ് പഴക്കുറ്റി | 3577/- | ll |
| 11 | 677/24.03.23 | ടൗൺ എൽ.പി.എസ്സ് നെടുമങ്ങാട് | 3717/- | ll |

ചെലവുകളുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ അതാത് ബില്ലുകൾക്കൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 1-69 എൻ യു എൽ എം - ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

റിലേഷൻഷിപ്പ് കേരള എന്ന പദ്ധതിക്കായി വൌച്ചർ നം 647/3-10-22 പ്രകാരം 20000/- രൂപ സി ഡി എസ് 1 നം അർബൻ പോവർട്ടി റിഡപ്ഷൻ എന്ന പദ്ധതിക്കായി വൌച്ചർ നം 664/6-10-22 പ്രകാരം സി ഡി എസ് -1 ന് 54583 രൂപയും സി ഡി എസ് -2 ന് 61983/- രൂപയും നൽകിയിട്ടുണ്ട്(ആകെ 116566). ടി തുകകളുടെ ചെലവു വിവരങ്ങളും തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ എന്നുള്ളതിന്റെയും ബാലൻസ് തുക SNP അക്കൌണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടോ എന്നതിന്റെയും വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 102/2-8-23 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. പരാമർശ

പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-70 യു ഐ ഡി എസ് എസ് എം ടി ഫണ്ടിന്റെ ബാങ്ക് അക്കൗണ്ട് - വരവ്,ചെലവ്, നീക്കിയിരുപ്പ് - സംബന്ധിച്ച വിവരങ്ങളിൽ വ്യക്തതയില്ല**

നഗര സഭ സെക്രട്ടറിയുടെ പേരിൽ കാനറ ബാങ്കിൽ നിലവിലുള്ള UIDSSMT ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും ( A/C നം 2683101006724 ) ലിൽ നിന്നും താഴെ ചേർക്കുന്ന ചെക്കുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽ 1-4-22 ൽ മുന്നിരിപ്പായി 9737282.75 രൂപയും നീക്കിബാക്കിയായി 31-3-23ന് 15324691.75 രൂപയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

1. ചെക്ക് നം 510402/പ്രകാരം 878191 രൂപ(AE)

2..ചെക്ക് നം 510403 /5-12-22-38388( AE)

3. ചെക്ക് നം 510391 /25-3-23-486374(സെക്രട്ടറി)

4.ചെക്ക് നം 510404 /28-3-23-209328(ഹെൽത്ത് സൂപ്പർ വൈസർ)

5. ചെക്ക് നം 510405 /28-3-23-486374(സെക്രട്ടറി)

സുലേഖ ചെലവു പത്രിക പ്രകാരം ടി ചെലവുകൾ സംസ്ഥാനാവിഷ്കൃത ഫണ്ട് എന്ന ഹെഡ്ഡിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. UIDSSMT ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള ചെലവുകൾ എന്തുകൊണ്ടാണ് കേന്ദ്രാവിഷ്കൃത ഫണ്ടിൽ ചെലവു രേഖപ്പടുത്താതെ സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ ചെലവു ബുക്ക് ചെയ്തതെന്നതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനും അക്കൗണ്ടിലെ വരവ്, ചെലവ്,നീക്കിയിരിപ്പ് എന്നിവ UIDSSMTഫണ്ടിനത്തിലുള്ളതുതന്നെയാണോ എന്നത് വ്യക്തമാക്കുവാനും ടി അക്കൗണ്ടിൽ മറ്റേതെങ്കിലും ഫണ്ടിനത്തിലെ വരവു ചെലവുകളുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും , 2022-23 വർഷത്തിൽ UIDSSMT ഫണ്ടിനത്തിൽ ചെലവുണ്ടോ എന്നുള്ളതിന്റെ വിശദാംശവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം - 84/2-8-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ രേഖകൾ സഹിതമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-71 അമൃത് പദ്ധതി -പ്രവർത്തനം ആരംഭിച്ചില്ല**

കേരളത്തിലെ 93 നഗരസഭകളിലെയും എല്ലാ വീടുകളിലും സമ്പൂർണമായി കുടിവെള്ളം എത്തിക്കുന്നതിനും ( Drink From Tap Water) നിലവിലെ അമൃത് നഗരങ്ങളിൽ മലിനജല സംസ്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിനുമാണ് അമൃത് 2.0 വിഭാവനം ചെയ്തിട്ടുള്ളത്.17-12-21 ലെ ഇ-2/11333/21 നം ഉത്തരവ് നടപടി പ്രകാരം മുനിസിപ്പൽ എഞ്ചിനീയറെ പദ്ധതിയുടെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021 ഒക്ടോബറിൽ ആരംഭിച്ച പദ്ധതിയിൽ നഗര സഭ ഒപ്പുവച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കരാർ ലഭ്യമാക്കുന്നതിനുമായി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2.നെടുമങ്ങാട് നഗരസഭയുടെ അമൃത് പദ്ധതിക്കായുള്ള SHPSC അംഗീകരിച്ച ഫണ്ടിംഗ് പാറ്റേൺ താഴെ ചേർക്കുന്നു.

| | |
|---|---|
| കേന്ദ്ര വിഹിതം | ₹ 5.16 കോടി |
| സംസ്ഥാന വിഹിതം | ₹ 3.87കോടി |
| നഗരസഭാ വിഹിതം | ₹ 1.29 കോടി |
| ആകെ | ₹ 10.32 കോടി |

28-3-23 ലെ SMMU/18/2023/MFE തിയ്യതി-28-3-23 പ്രകാരം മിഷൻ ഡയറക്ടർ ,അമൃത് എന്ന പേരിൽ തൈക്കാട് ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ ULB ഷെയർ നിക്ഷേപിക്കുന്നതിന് ആവശ്യപ്പട്ടിട്ടുണ്ട്.സഉ 740/22 തസ്വഭവ തിയ്യതി 28-3-23 പ്രകാരം ഏതെല്ലാം ഫണ്ടുകളിൽ നിന്നാണ് തുക അടവാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൻ വർഷം തുക നിക്ഷേപിച്ചതായി കാണുന്നില്ല. തുക നിക്ഷേപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിലെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് 240/23) | 206493 | 0 | 206493 |
| വാട്ടർ അതോറിറ്റി | ചാമവിള എസ്.സി കമ്മ്യൂണിറ്റി ഹാളിൽ പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 321/23) | 200000 | 0 | 200000 |
| | പരിയാരം പുനരധിവാസ കോളനിയിൽ കുടിവെള്ളം എത്തിക്കൽ (പ്രോജക്ട് നം. 335/23) | 200000 | 0 | 200000 |
| | പരിയാരം ഇലവിൽകുഴി പുനരധിവാല കോളനിയിൽ കുടിവെള്ള മെത്തിക്കൽ (പ്രോജക്ട് നം. 393/23) | 100000 | 0 | 100000 |
| | പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 446/23) | 4704996 | 0 | 4704996 |
| | ഗാർഹിക പൈപ്പ് ലൈൻ എത്തിക്കൽ (പ്രോജക്ട് നം. 320/23) | 2499996 | 0 | 2499996 |
| | കാരിയോട്ടുമുകൾ കുടിവെള്ള പദ്ധതി (പ്രോജക്ട് നം. 101/23) | 519119 | 0 | 519119 |
| ആകെ | | 8224111 | 0 | 8224111 |
| ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് | നഗരസഭ ടർഫ് നിർമ്മാണം - ഡെപ്പോസിറ്റ് നൽകൽ (പ്രോജക്ട് നം.436/23) | 1531561 | 0 | 1531561 |
| | കിള്ളിയാർ ശുചീകരണവും അനുബന്ധ പ്രവൃത്തികളും (പ്രോജക്ട് നം.351/23) | 1500000 | 0 | 1500000 |
| ആകെ | | 3031561 | 0 | 3031561 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | 3,5,20,25,27,34,35എന്നീ വാർഡുകളിൽ കിണർ ആഴം കൂട്ടിമോട്ടോർ ഘടിപ്പിച്ച്പൈപ്പ് ലൈൻ നീട്ടി വീടുകളിൽ കുടിവെള്ളം എത്തിക്കൽ (പ്രോജക്ട് നം.92/23) | 1983456 | 0 | 1983456 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | 2022-23 വർഷം വിനിയോഗിച്ചത് / തിരികെ ലഭിച്ചത് | നീക്കി യിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 67405 | 206493 | 273898 | 0 | 273898 | 67405* |
| വാട്ടർ അതോറിറ്റി | 3602800 (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 8224111 | 11826911 | 0 | 11826911 | 7216971* |
| ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് | 0 | 1531561 | 1531561 | 0 | 1531561 | 0* |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ടു മെന്റ് | 0 | 1983456 | 1983456 | 0 | 1983456 | 0* |

*വിശദാംശങ്ങൾക്ക് ഖണ്ഡിക 1-1-4 കാണുക.

അപാകതകൾ പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ) | തൻവർഷം തിരിച്ചടച്ച തുക (RP25 പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ലഭ്യമല്ല | 1982871 | 0 | 1982871 | 0 |
| Hudco | G.O(RT) 6872/22&G.O(RT) 1049/23 | 232340066 | 0 | 18513334 | 213826732 |

## 4-5 സ്ഥിരനിക്ഷേപം

| F.D Amount | Interest Rate | F.D No. | FDR Date | Maturity Date | Bank | Duration |
|---|---|---|---|---|---|---|
| 4360560 | 6.6% | 10720300141497 | 3.2.23 | 3.6.24 | Federal Bank | 16 Months |
| 11543769 | 6.6% | 141489 | 3.2.23 | 3.6.24 | Federal Bank | 16 Months |

| | | | | | | |
|---|---|---|---|---|---|---|
| 11543769 | 6.6% | 141471 | 3.2.23 | 3.6.24 | Federal Bank | 16 Months |
| 6690157 | 6.75% | 4429650 | 3.2.23 | 3.2.24 | Bank Of Baroda | One Year |
| 3178430 | 6.75% | 1000229 | 10.1.23 | 10.1.24 | District Cooperative Bank | One Year |
| 3184066 | 5.3% | 6706823583 | 7.7.22 | 7.7.23 | State Bank Of India | One Year |

Investments-Equity Shares പ്രകാരമുള്ള 500000/- രൂപയുടെ വിശദാംശം ലഭ്യമല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരം

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 6.2.3 | 2015 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2014-15 | 2.1,2.2 | 2016 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2016-17 | 3.1 | 2017-18 | 1.3.3 | നെടുമങ്ങാട് മാർക്കറ്റ് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്-സർചാർജ്ജ് നടപടി വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 83959126.25 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 330359736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 338798551 |
| നീക്കിയിരിപ്പ് | 75520311.25 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4287855 |

(ബി) മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | (രൂ) | ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1064059 | ഡോ.സ്മിത, മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| 1-35 | 208176 | ശ്രീ.ബി.അജയകുമാർ, ഹെൽത്ത് ഓഫീസർ |
| 1-47 | 78399 | ശ്രീ.മനോജ്.എം പ്രോജക്റ്റ് ഓഫീസർ |
| 1-58 | 31700 | ശ്രീമതി സുനിമോൾ.പി, കൃഷി ഓഫീസർ |
| 1-59 | 123250 | ശ്രീമതി സുനിമോൾ.പി, കൃഷി ഓഫീസർ |
| 1-60 | 231384 | ശ്രീ. അബ്ദുൾ സജീം, മുനിസിപ്പൽ സെക്രട്ടറി |
| 1-61 | 38968 | ശ്രീ. അബ്ദുൾ സജീം, മുനിസിപ്പൽ സെക്രട്ടറി |
| 1-63 | 2499999 | ശ്രീ. അബ്ദുൾ സജീം, മുനിസിപ്പൽ സെക്രട്ടറി |
| 1-65 | 11920 | ശ്രീമതി നീന, പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ |
| ആകെ | 4287855 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സ്മിത.ബി.അജയകുമാർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഹെൽത്ത് ഓഫീസർ | ലഭ്യമല്ല. |
| ശ്രീ.അബ്ദുൾ സജിം | സെക്രട്ടറി, പരവൂർ മുനിസിപ്പാലിറ്റി | ലഭ്യമല്ല. |
| ശ്രീ.മനോജ്.എം, പ്രോജക്റ്റ് ഓഫീസർ | ഹെൽത്ത് സൂപ്പർവൈസർ, വർക്കല മുനിസിപ്പാലിറ്റി | ലഭ്യമല്ല |
| ശ്രീ.സുനിമോൾ.പി | എ.എഫ്.ഒ, മുനിസിപ്പാലിറ്റി | സത്യവിലാസം, ചായ്ക്കുളം, വീരണക്കാവ് |
| ശ്രീമതി നീന | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ | ലഭ്യമല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ/4/795/2000, തീയതി 02.01.2003 | 40 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/65/04, തീയതി.22.12.2004 | 40 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/473/08, തീയതി.24.10.2008 | 37 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ/359/04, തീയതി.31.07.2004 | 18 |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ/1117/03, തീയതി.24.10.2008 | 24 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ/22/08, തീയതി.20.04.2009 | 39 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/139/09, തീയതി.20.04.2009 | 50 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/1819/07, തീയതി.25.11.2008 | 22 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/1846/07, തീയതി 20.04.2009 | 43 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/1544/09, തീയതി.06.08.2012 | 16 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/9630/11, തീയതി.31.05.2011 | 24 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1430/12, തീയതി.27.12.2012 | 11 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/533/11, തീയതി.23.06.2012 | 25 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/1119/1, തീയതി. 25.11.2013 | 22 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/2356/13, തീയതി.21.03.2013 | 25 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/1471/11, തീയതി.25.11.2013 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/99/15, തീയതി.30-03-15 | 36 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/1066/14, തീയതി. 01-10-14 | 30 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1168/15, തീയതി 29.9.15 | 24 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.1361/2016 തീയതി. 01.08.16 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/21/17 തീയതി 12.01.17 | 29 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2053/17 തീയതി 03.11.17 | 46 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 35/19 തീയതി 09.07.2019 | 48 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 337/20 തീയതി 22.05.20 | 35 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/എം എൽ224/22 തീയതി 21.03.2022 | 78 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/1256/22 തീയതി 03.08.22 | 122 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/656/23 തീയതി | 42 |

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nedumangad Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nedumangad Municipality for the year 2022-2023

**Date: 05/02/2024**

**Joint Director**
**District Office Trivandrum**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Nedumangad Municipality for the Year 2022-2023 .

**1.Major Observations**

1. Necessary schedules are not appended to the AFS.

I 17(a) is included in the abstract of the I & E Statement of the financial statement but not in the I & E schedule.

2. Discrepencies in carrying forward of the closing balance for the bank account.

The closing balance of Bank of Baroda 165 account for the year 2021-22 is Rs.1388891. It does not agree with that of the opening balance of the same in 2022-23 (Rs.1389296). The difference is to be explained.

3. Non production of investment and other share certificate for physical verification.

Documents required to verify the details of deposits in central government securities-special funds in investments- as per schedule B-13 (Rs. 35,12,230/-) were not produced for physical verification.

**2.Other Observations**

1. The financial ratios, notes on accounts are not submitted for audit.
2. Payment voucher- Misclassification. Details are appended below.

Details of amount paid to various agencies for deposit works are not booked under proper heading.

| Investing institution | project No. | amount | Booked amount as per |
|---|---|---|---|

| | (as per sulekha) | (as per sulekha) | AFS(R-41) |
|---|---|---|---|
| KWA | (320/23) | 2499996 | 7216971 |
| | (446/23) | 4704996 | |
| | (335/23) | 200000 | |
| | (321/23) | 200000 | |
| | (393/23) | 100000 | |
| | (101/23) | 519119 | |
| Total | | **8224111** | |
| KSEB | (240/23) | 206493 | 0 |
| Irrigation department | (351/23) | 1500000 | 0 |
| | (436/23) | 1531561 | |
| Ground water department | (92/23) | 1983456 | 0 |

3. The following registers are not produced for audit to check the authenticity of amount as per B-7
eg. Asset register, Deposit register.

4.Lapses in making timely and accurate demand entries in respect of tax and non tax revenue.

eg. There is no demand entry in the property tax ledger at the beginning of the year and every month thereafter
5. The following demand registers are not periodically reconciled with accounts
eg. profession tax of employees, profession tax of institutions, auction, licence register etc
8. To verify the authenticity of provision recorded in B-21 Provisions schedule, arrear demand register, journal voucher, calculation worksheet and ledger of provision were not made available for audit

9. The closing balance under RP 40(b) of the following accounts could not be verified as the bank statement/ bank book of the following bank accounts were not made available for inspection.

| Bank account Number | Amount as per RP 40 (b) | Remarks |
|---|---|---|
| Bank of Baroda 44980200000014 | 25059357 | Bank statement not produced for audit |
| Bank of Baroda 165 | 4354346 | Bank statement not produced for audit |
| Trivandrum DCB 115540203212012000001 | 567482 | Bank statement not produced for audit |
| Bank of Baroda 8955 | 13494275 | Bank book and bank statement not produced for audit |

| | | |
|---|---|---|
| Treasury 312 | 20377 | Treasury statement not produced for audit |
| Treasury 8448 | 1404054 | Treasury statement not produced for audit |
| Canara bank 2928 | 149055 | Bank statement, bank book and reconcilliation statement not produced for audit |
| ICICI suchithwa mission-785 | 17640 | Bank statement, bank book and reconcilliation statement not produced for audit |
| Federal bank-Auegs-6149 | 2252 | Bank statement, bank book and reconcilliation statement not produced for audit |

10. The figures as per the Demand register does not match with that of the Annual financial statement. Details are appended below

| Item | Demand (as per register/ sanchaya)/ | Demand (as per AFS) | Collection (as per register/ sanchaya) | Collection (as per AFS) | Balance (As per register/ sanchaya) | Balance (as per AFS) |
|---|---|---|---|---|---|---|
| Profession tax-employees (current year) | 13146543 | 13333093 | 13146543 | 13146543 | 0 | 0 |
| Profession tax (institutions) current year | 17115428 | 3000000 | 15543570 | 1967248 | 1571858 | 1032752 |
| licence (current) | 1194025 | 1400000 | 1130100 | 577281 | 50500 | 5474 |
| Property tax (current) | 108758184 | 32500000 | 336274 | 16742055 | 15462698 | 16547538 |
| Property tax (arrear) | 76859318 | 37456296 | 12202936 | 11808053 | 66008193 | 25059014 |

11. Monthly reconcilliation statements are not produced for verification. Details are appended below
The monthly reconcilliation statements of Canara bank 2928- relief fund, ICICI suchithwa mission-785, Federal bank-Auegs-6149 are not produced for verification

12. Cheque deposited but not credited (as per reconciliation statement of 3/2023)- Further action not taken. Details are appended below.

| Bank account | Voucher No. date | Cheque No | amount |
|---|---|---|---|
| South Indian Bank Profession tax 850 | 121010500148/22.2.2022 | 021346/22.2.2022 | 13750 |
| | 121010500149/22.2.2022 | 021346/22.2.2022 | 1250 |

13. Directly credited by bank amount not taken into account (as per reconciliation statement of March 2023). Details are appended below.

| Bank account | Bank entry date | amount |
|---|---|---|
| Canara Bank 2161 | 31.1.2022 | 2170 |
| Bank of India 2233- nutritious programme | 7.2.2022 | 17384 |
| | 19.3.2022 | 891506 |

14. Directly debited by Bank. Furhter action not taken (as per reconciliation statement of March 2023). Details are appended below.

| Bank account | Bank entry date | amount |
|---|---|---|
| Canara bank 2161 | 3.12.2021 | 59 |
| State Bank of Travancore 240 | 12.3.2022 | 649 |

15. Bank book shows negative balance.
Bank book of ICICI 15 th CFC-230 account shows credit balance of RS (-113330/-) on 31.03.2023.
Treasury LGTSB 487 account shows credit balance of Rs (-35875/) on 31.03.2023.

16. Excess of Income over Expenditure in Schedule B1, which explains the figures of adjusted performance for this year, does not match with Schedule B1 in the balance sheet.

In Schedule B1, which includes the figures for the adjusted performance of the current year, (landscape statement) the amount recorded in opening balance under Excess of Income over expenditure is 160331414.73 rupees.
But the closing balance in the said item for the previous year is Rs.160331819.73

17. According to the deposit register, in the year 2022-23, the interest on fixed deposits is recorded as Rs. 2367637/-.
But it is recorded as Rs. 2492106/- in AFS (RP 7Â Income from investments).
As per RP-40(b) the cash balance is Rs.932399. But as per Account headwise consolidation report and day book as on 31.3.2023 cash balance is Rs.932409/-.
Cash book is not produced for audit. So the accuracy of cash balance has not been verified)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്